PROCEEDINGS OF THE
TRAVANCORE-COCHIN LEGISLATIVE ASSEMBLY
SECOND SESSION—1952.

Wednesday, the 23rd July, 1952.

VOL, VI OFFICIAL REPORT No. 20

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 23rd July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ചന്ദ്രികക്കപ്പൽ.

* ൯൨൯. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇവിടെ എഫ്. എം. വി. ചന്ദ്രിക എന്നൊരു മീൻപിടിത്തക്കപ്പൽ വാങ്ങിയിട്ടുണ്ടോ;

(ബി) അതു് വാങ്ങിയതു് എന്നാണു്;

(സി) എന്തു വിലകൊടുത്തു;

(ഡി) എത്ര തവണ അതിൻെറ അററകുററപ്പണികൾ നടത്തിയിട്ടുണ്ടു്;

(ഇ) എത്ര രൂപാ അററകുററപ്പണികൾക്കായി ചെലവായി;

(എഫ്) ഈ കപ്പൽമുഖേനയുള്ള മീൻപിടിത്തത്തിൽനിന്നും ഇതിനകം എത്ര രൂപാ വരവുണ്ടായിട്ടുണ്ടു്;

(ജി) ഇപ്പോൾ ഈ കപ്പലിൻെറ സ്ഥിതി എന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ചന്ദ്രിക എന്നൊരുമീൻപിടിത്തക്കപ്പൽ വാങ്ങിയിട്ടുണ്ടു്.

(ബി) ൧൯൪൯-ലാണു വാങ്ങിയതു്.

(സി) വില ൩൨,൫൦൦ രൂപാ.

(ഡി) ൨ പ്രാവശ്യം അററകുററപ്പണികൾ നടത്തിയിട്ടുണ്ടു്.

(ഇ) ൭൧,൦൦൦ രൂപാ അററകുററപ്പണികൾക്കു ചിലവായി.

(എഫ്) ഈ വകയിൽ സക്കാരിനു് വരവായി കിട്ടിയിട്ടുള്ളതു് ൬൧൩൪ രൂ. ൭ അണയാണു്. പിടിച്ചിട്ടുള്ള മത്സ്യത്തിനു് കിട്ടിയ വിലയിൽ മൂന്നിലൊന്നു ഭാഗമാണു് ഇതു്.

(ജി) അതിപ്പോൾ ജോലിയൊന്നും ചെയ്യാതെ ഹാർബറിലിട്ടിരിക്കയാണു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : വിദഗ്ദ്ധോപദേശം അനുസരിച്ചാണോ ആ കപ്പൽ റിപ്പയർ ചെയ്തിട്ടുള്ളതു്?

<u>ശ്രീ. ഏ. ജെ. ജാൺ</u> : അതേ.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : ഇപ്പോൾ ഈ കപ്പൽ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ശ്രീ. ഏ. ജെ. ജാൺ</u> : അതിൻെറ അററകുററപ്പണികൾ തീക്കുന്നതിലേയ്ക്കു് വലിയ ഒരു തുക ചെലവാകുമെന്നുകണ്ടപ്പോൾ അതു് വിൽക്കുകയാണോ നന്നാക്കുകയാണോ നല്ലതെന്നു് ആലോചിക്കുന്നുണ്ടു്. അവസാനമായി തീരുമാനിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ ആഴ്ചയിൽ അതു വിൽക്കുന്നതിനു് ഒരു ലേലം വച്ചു. പറയത്തക്ക ലേലക്കാർ വരാത്തതുകൊണ്ടു് ലേലം നടന്നില്ല.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : ബഡ്ജററിൽ കപ്പലിൽ പ്രവത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കായി ൬൩,൦൦൦ രൂപയിൽ ചിലവാനം കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. കപ്പൽ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പിന്നെ എന്തിനാണു് ഈ തുക കൊള്ളിച്ചിരിക്കുന്നതു് ?

<u>ശ്രീ. ഏ. ജെ. ജാൺ</u> : നന്നാക്കുകയാണോ വിൽക്കുകയാണോ വേണ്ടതെന്നു് അവസാനമായി തീരുമാനിച്ചിട്ടില്ല. ഒരുവിധം നല്ല വില കിട്ടുകയാണെങ്കിൽ വിൽക്കാമെന്നുദ്ദേശിച്ചു. അതിനു സാധിക്കുന്നില്ലെങ്കിൽ നന്നാക്കാമെന്നാണു വിചാരിക്കുന്നതു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : കപ്പലിൻെറ പ്രവർത്തനംകൊണ്ടു് ആദായമില്ലെന്നു കണ്ടിട്ടു് വിൽക്കാത്തതെന്താണു് ?

<u>ശ്രീ. ഏ. ജെ. ജാൺ</u> : കപ്പൽ നന്നാക്കാനായി ഒരാളെ മദ്രാസിൽനിന്നും വരുത്തി പരിശോധിപ്പിച്ചു. നന്നാക്കിയാൽ സീവത്തിആകുമെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. അതിനു വരുന്ന ചെലവു സംബന്ധമായി ഹാർബർ അത്താററീസുമായി ആലോചിച്ചുകൊണ്ടിരിക്കയാണു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : അപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ഇതിൻെറ അററകുററപ്പണികൾക്കു വേണ്ടിയാണോ ?

<u>ശ്രീ. ഏ. ജെ. ജാൺ</u> : അതേ.

<u>ശ്രീ. കെ. കുട്ടപ്പൻ</u> : ഈ കപ്പൽകൊണ്ടു് മത്സ്യം പിടിച്ചതു് ഏതു ഡിപ്പാർട്ടുമെൻറിൻെറ ഉപദേശം അനുസരിച്ചാണു് ?

<u>ശ്രീ. ഏ. ജെ. ജാൺ</u> : ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ ഉപദേശമനുസരിച്ചു്.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ കപ്പൽ കൊടുക്കാൻ ഉദ്ദേശമുണ്ടെങ്കിൽ വേറെ കപ്പൽ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഈ കപ്പൽ വിൽക്കുകയാണെങ്കിൽ വേറെ വാങ്ങേണ്ടിവരും.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ കപ്പൽ കടലിൽ എവിടെ നിന്നാണ് മത്സ്യം പിടിച്ചിരുന്നതു് ?

ശ്രീ. എ. ജെ. ജാൺ : പുറംകടലിൽ നിന്നാണ് മത്സ്യം പിടിച്ചിരുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഡീപ്പ് സീ ഫിഷിങ്ങ് തുടരുകയാണോ ചെയ്യുന്നതു് ?

ശ്രീ. എ. ജെ. ജാൺ : അതെ.

ശ്രീ. എൻ. രാജഗോപാലൻ നായർ : അപ്പോൾ ഈ കപ്പൽ വിൽക്കുകയാണെങ്കിൽ വീണ്ടും ഒരു കപ്പൽ വാങ്ങേണ്ടിവരികയില്ലേ ?

ശ്രീ. എ. ജെ. ജാൺ : വിൽക്കുകയാണെങ്കിൽ വീണ്ടും വാങ്ങേണ്ടിവരും.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ കപ്പലിലെ കപ്പിത്താനെപ്പററി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ലഭിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : കപ്പിത്താന് സീ സിക്നസ്സ് ഉള്ളതായി പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കപ്പിത്താന്മാക്ക് സീ സിക്നസ്സ് ഉള്ളതായി കേട്ടിട്ടില്ല. പുതുതായി കപ്പലിൽ സഞ്ചരിക്കുന്നവക്കു മാത്രമേ അതുണ്ടാകുന്നതായി കേട്ടിട്ടുള്ളു.

ശ്രീ. ഒ. സി. നൈനാൻ : ഈ കപ്പൽ എവിടെ നിന്നാണു വാങ്ങിയതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ഇൻഡ്യാഗവണ്മെൻറിൻെറ ഡിസ്പോസൽസിൽനിന്നും ആണ് വാങ്ങിയതു്.

ശ്രീ. ഒ. സി. നൈനാൻ : വാങ്ങിയപ്പോൾ ഈ കപ്പൽ പരിശോധിച്ചാണോ വാങ്ങിയതു് ?

ശ്രീ. എ. ജെ. ജാൺ : അതേ.

ശ്രീ. ഒ. സി. നൈനാൻ : ആരാണ് പരിശോധിച്ചു വാങ്ങിയതെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : അതിപ്പോൾ നിശ്ചയമില്ല.

ശ്രീ. ആർ. കേശവപിള്ള : ഒരു പുതിയ കപ്പലിനു് എന്തു വില കൊടുക്കേണ്ടിവരും ?

ശ്രീ. എ. ജെ. ജാൺ : രണ്ടുമൂന്നു ലക്ഷം വേണ്ടിവരും.

ശ്രീ. എം. എം. അബ്ദുൽഖാദർ : ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകൊണ്ടു് ഈ കപ്പൽ റിപ്പയർ ചെയ്യെടുക്കാൻ സാധിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : റിപ്പയർ ചെയ്യുന്ന കാര്യമൊന്നും തീരുമാനമായിട്ടില്ല.

ശ്രീ ടി ടി. കേശവൻ ശാസ്ത്രി: ഈ കപ്പൽ ഉപയോഗിച്ചു മീൻ പിടിക്കാൻ ചുമതലപ്പെടുത്തിയിരുന്നതു ആരെയാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : മീൻപിടിക്കാൻ അറിയാവുന്നവരെയാണു് ചുമതലപ്പെടുത്തിയിരുന്നതു്.

ശ്രീ. ആർ. കേശവപിള്ള : മീൻപിടിത്തം ഒരു വ്യവസായമായി തുടരുന്നതിനു് ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

Shri P. S. Nataraja Pillai: Has the Government considered the practicability of transferring this ship to the West Coast Fisheries ?

Shri A. J. John: No.

ശ്രീ. കൊച്ചുകുഞ്ഞു് : പുതിയ കപ്പൽ ലഭിക്കാത്തതുകൊണ്ടാണോ പഴയ കപ്പൽ വാങ്ങിയതു് ?

ശ്രീ. എ. ജെ. ജാൺ : പുതിയ കപ്പൽ വാങ്ങാൻ പ്രയാസമൊന്നും കാണുകയില്ല. കൂടുതൽ തുക വേണ്ടിവരും.

ശ്രീ. സി. ജി. സദാശിവൻ : വാങ്ങിയ വിലയെക്കാൾ കൂടുതൽ അററകുററപ്പണികൾക്കു് ചിലവാകുന്ന കപ്പൽ വാങ്ങാതിരിക്കുന്നതിനു മേലാൽ ശ്രദ്ധിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അററകുററപ്പണികൾക്കു് ചെലവാകുന്ന തുക കൂടി കൂട്ടിനോക്കിയാലും ലാഭമാണെന്നു കാണുന്നുണ്ടെങ്കിൽ ചിലപ്പോൾ പഴയതും വാങ്ങിയേക്കും.

പുതിയ ഹൈസ്കൂളുകൾ.

* നം. ൦. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കണമെങ്കിൽ സ്കൂൾ മാനേജുമെൻറുകൾ സെക്യൂരിററിവയ്ക്കണമെന്നു് വ്യവസ്ഥയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണു് കെട്ടിവയ്ക്കേണ്ടതു് ;

(സി) ഈ വ്യവസ്ഥ എന്നു മുതൽ നടപ്പിലാക്കി ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പൊതുവേ അങ്ങനെ ഒരു നിയമമില്ല. എന്നാൽ പ്രത്യേക വ്യവസ്ഥയനുസരിച്ചു തുടങ്ങിയ ഏതാനും സ്കൂളുകളിൽ വ്യവസ്ഥകൾ യഥാസമയം നിറവേററാതിരുന്നതുകൊണ്ടു് പുതുതായി ക്ലാസ്സുകൾ തുടങ്ങുവാൻ അപേക്ഷിച്ചപ്പോൾ അങ്ങനെയൊരു ജാമ്യത്തുക ആവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ൫൦൦ രൂപാ മുതൽ ൨൫൦൦ രൂപാവരെ കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

(സി) ഈ സ്കൂൾവർഷാരംഭംമുതൽ.

ശ്രീ. ആർ. ഗംഗാധരൻ: ഇങ്ങനെ ഈ സ്കൂൾവർഷാരംഭംമുതൽ വ്യവസ്ഥചെയ്യുന്നതിനു കാരണമെന്താണു്?

ശ്രീ. എ. ജെ. ജാൺ: സ്കൂൾ കെട്ടിടം സ്കൂൾവർഷാരംഭത്തിൽ തീർത്തുകൊള്ളാമെന്നു പറഞ്ഞു് അനുവാദം വാങ്ങി. എന്നാൽ കെട്ടിടങ്ങൾ പൂർത്തിയായിട്ടില്ല. ഇപ്പോൾ ആറുമാസത്തിനകം കെട്ടിടം പണിതുകൊള്ളാമെന്നു് പറയുന്നുണ്ടു്. അതു് നടക്കുന്നോ എന്നു സംശയമുള്ളതുകൊണ്ടു് ഒരു ജാമ്യത്തുക കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇതു് ഒരു സാധാരണനിയമമായി തുടർന്നുകൊണ്ടുപോകാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ഓ. സി. നൈനാൻ: ഇതിലേയ്ക്കു് പണമായിട്ടുതന്നെ കെട്ടിവയ്ക്കണമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. ഓ. സി. നൈനാൻ: വസ്തു ജാമ്യം കൊടുത്താൽ പോരെന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആറുമാസത്തിനകം കെട്ടിടങ്ങൾ പണിതില്ലെങ്കിൽ തുക ഗവണ്മെൻറിലേയ്ക്കു് മുതൽക്കൂട്ടുമെന്നു പറയുകയാണെങ്കിലേ അതു നടക്കുകയുള്ളൂ. അതുകൊണ്ടു പണംതന്നെ കെട്ടിവയ്ക്കണം.

ശ്രീ. ഈ. കൃഷ്ണൻ നായർ: പുതുതായി ഓരോ ക്ലാസ്സു് അനുവദിക്കുമ്പോഴും പണം കെട്ടിവയ്ക്കണമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയില്ല.

റേഡിയോനിലയം.

* ൯൩൧. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റേഡിയോനിലയം ഇപ്പോൾ കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിലാണോ;

(ബി) സംസ്ഥാനഗവണ്മെൻറിനു് ഇതിൽ എന്തെങ്കിലും അവകാശങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഈ റേഡിയോനിലയത്തിന്റെ ഭരണം ആരുടെ ചുമതലയിലാണ്;

(ഡി) ഭരണകാര്യത്തിൽ ഈ ഗവണ്മെന്റിനു് എന്തെങ്കിലും അധികാരമുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) അതെ.

(ബി) റേഡിയോനിലയത്തിന്റെ നടത്തിപ്പിൽ ഈ ഗവണ്മെന്റിനുണ്ടായിരുന്ന അവകാശം കേന്ദ്രഗവണ്മെന്റിനു് ഒഴിഞ്ഞുകൊടുത്തിരിക്കുകയാണ്.

(സി) കേന്ദ്രഗവണ്മെന്റിന്റെ ചുമതലയിലാണ്.

(ഡി) ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: റേഡിയോ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനു് ഈ ഗവണ്മെന്റിൽനിന്നും ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഏർപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: റേഡിയോ നിലയത്തിലെ ജീവനക്കാരിൽനിന്നും ശമ്പളത്തെ സംബന്ധിച്ചു് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവർക്കു് ഇൻഡ്യാഗവണ്മെന്റിലുള്ള മററുദ്യോഗസ്ഥന്മാർക്കു കൊടുക്കുന്ന തരത്തിലുള്ള ശമ്പളം കിട്ടുന്നില്ലെന്നു ഒരു പരാതി ലഭിച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: ആ പരാതിയുടെ അടിസ്ഥാനത്തിൽ ഈ ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോടു് വല്ല നിവേദനവും നടത്തിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: കേന്ദ്രഗവണ്മെന്റിൽനിന്നും അതിലേയ്ക്കു് മറുപടി കിട്ടുകയുണ്ടായോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു സംബന്ധിച്ചു് എഴുത്തുകുത്തു് നടന്നുകൊണ്ടിരിക്കയാണ്. അവസാനതീരുമാനം ഉണ്ടായിട്ടില്ല. നാളെ ആ കാര്യം ചർച്ചാവിഷയമാകുന്നുണ്ടു്. അതുകൊണ്ടു ദീർഘമായ ഒരു ചർച്ച ഇപ്പോൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. Speaker: Tomorrow we will be discussing that matter by a special motion.

ശ്രീ. കെ. കെ. കുമാരപിള്ള: റേഡിയോ നിലയത്തിന്റെ ഭരണകാര്യത്തിലും അവിടത്തെ ആളുകളുടെ ജോലിവ്യവസ്ഥയിലും ഭേദഗതി വരുത്തുന്നതിനു് ഈ ഗവണ്മെന്റിനു് നിർദ്ദേശം നൽകാനുള്ള അധികാരമുണ്ടോ ?

Mr. Speaker: That is not within the administrative responsibility of this Government.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ റേഡിയോ നിലയം ഇവിടെ പ്രവർത്തിക്കുന്നതു മുഖേന നമ്മുടെ നാട്ടിലെ കലാകാരന്മാർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: റേഡിയോ നിലയത്തിൽ നിന്നും നമ്മുടെ നാട്ടിലെ കലാകാരന്മാർക്ക് എന്താണു വേതനം ലഭിക്കുന്നതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓരോ അവസരങ്ങളിൽ കലാകാരന്മാർക്ക് എന്താണു ലഭിക്കുന്നതെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: സംഗീതത്തിനും മററു കലാപരിപാടികൾക്കും സ്ഥിരമായി നിയമിച്ചിരിക്കുന്ന ആളുകൾ ഈ നാട്ടുകാരല്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മുൻപ് ഇവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെയെല്ലാം കേന്ദ്രഗവണ്മെൻറ് എടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: നമ്മുടെ നാട്ടിലെ കലയേയും സംസ്കാരത്തേയും പ്രതിധ്വനിപ്പിക്കുന്ന സംഗീതവും മററുമാണ് ഇവിടെ പ്രക്ഷേപണം ചെയ്യേണ്ടതെന്നുള്ളതു് ബഹുമാനപ്പെട്ടമന്ത്രി സമ്മതിക്കയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സമ്മതിക്കും.

ശ്രീ. എൻ. രാജഗോപാലൻ നായർ: അങ്ങനെയുള്ള പ്രക്ഷേപണങ്ങളല്ല വെളിയിൽ വരുന്നതെന്നുള്ളതു മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നേരെമറിച്ചാണ് എൻെറ ശ്രദ്ധയിൽപെട്ടിട്ടുള്ളതു്. ഗ്രാമീണപരിപാടികളും മററും പ്രക്ഷേപണം ചെയ്യുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇവിടത്തെ പാട്ടുകാർക്കും എഴുത്തുകാർക്കും വളരെ തുച്ഛമായ വേതനമാണു കൊടുക്കാറുള്ളതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുറെ കുറവാണെന്നറിയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ആൾഇൻഡ്യാറേഡിയോ നിലയത്തിൽനിന്നു കൊടുക്കുന്നതുപോലെ നമ്മുടെ നാട്ടിലെ കലാകാരന്മാർക്ക് ഇവിടെ കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഒരു പരാതിയുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ : അതിനെപ്പററി ശ്രദ്ധിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനെപ്പററിയാണ് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കുഞ്ഞൻ നാടാർ : റേഡിയോ നിലയം വിട്ടുകൊടുത്തത് ഏതെങ്കിലും വ്യവസ്ഥയിലാണോ, അതല്ല നിരുപാധികമായിട്ടാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിലുള്ള ഉദ്യോഗസ്ഥന്മാരെ കേന്ദ്രസർവീസിലെടുക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : അതിലെ അസററ്സ് ആരുടെ പക്കലാണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കേന്ദ്രഗവണ്മെൻറ് വില വച്ച് എടുത്തിരിക്കയാണ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ : റേഡിയോ നിലയത്തിലുള്ള സാധനസാമഗ്രികൾക്ക് കാമ്പൻസേഷൻ തന്നിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : തരണമെന്നാണ വ്യവസ്ഥ. കയ്യിൽ കിട്ടിയിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ : കാമ്പൻസേഷൻ തരുന്നതല്ലെന്ന് കൃഷ്ണമാചാരി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ : കൃഷ്ണമാചാരി റിപ്പോർട്ടിൽ ഇൻറഗ്രേഷൻ കഴിഞ്ഞു ഒരു കൊല്ലത്തിനകം നമ്മുടെ റേഡിയോ നിലയത്തിലുള്ള ഉദ്യോഗസ്ഥന്മാർക്ക് അന്യസ്ഥലങ്ങളിൽ അതേ നിലയിലുള്ള ഉദ്യോഗസ്ഥന്മാർക്ക് കിട്ടുന്ന ശമ്പളം കൊടുക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ കൃഷ്ണമാചാരി റിപ്പോർട്ടിൽ വ്യവസ്ഥയുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Mr. Speaker : The Minister in charge of the subject says he is not able to answer the questions which are based on the Report of the Committee. Therefore, the Member should not persist in putting questions relating to facts contained in that Report.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ റേഡിയോ നിലയം സ്ഥിതിചെയ്യുന്ന ബിൽഡിംഗിൻെറ പരമാധികാരം കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുത്തിട്ടുണ്ടോ ?

ശ്രീ കളത്തിൽ വേലായുധൻനായർ : ബിൽഡിംഗിൻെറ പരമാധികാരം കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുത്തിരിക്കുകയാണ്.

Shri P. S. Nataraja Pillai: Does the Finance Integration Report contemplate compensation for any of the departments taken over to the Centre?

Shri Kalathil Velayudhan Nair: I am not in a position to say that now.

ശ്രീ. ഏ. താണുപിള്ള: ഈ റേഡിയോ നിലയത്തിന്റെ കെട്ടിടങ്ങൾക്കും ഉപകരണങ്ങൾക്കും വിലതരാൻ കേന്ദ്രഗവണ്മെന്റ് തയ്യാറാണെന്നാണോ മന്ത്രി പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു വകവച്ചുതരാമെന്നുള്ളതിനേയും മററും സംബന്ധിച്ചു് അവരുടെ ഒരു ലററർ ഉണ്ടു്.

ശ്രീ. ഏ. താണുപിള്ള: അതെന്തു അടിസ്ഥാനത്തിലാണു് ഈ സാധനങ്ങളുടേയും, സാമഗ്രികളുടേയും മാത്രം വില തരാമെന്നു് അവർ അറിയിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്തടിസ്ഥാനത്തിലാണെന്നു ഇപ്പോൾ അറിയാൻ പാടില്ല.

ശ്രീ. ഏ. താണുപിള്ള: ഇതേക്കുറിച്ചു് അവർ എന്താണു് എഴുതി അറിയിച്ചിരിക്കുന്നതെന്ന് വിവരമായിട്ടൊന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കേന്ദ്രഗവണ്മെന്റിൽനിന്നും ഇതേസംബന്ധിച്ചു് ൧൨-൨-൧൯൪൯-ൽ അയച്ച ഒരു ലററർ കിട്ടിയിട്ടുണ്ടു്. അതിനുശേഷമുള്ള എഗ്രിമെന്റ അനുസരിച്ചാണു് അവർ വകവച്ചുതരാമെന്നു സമ്മതിച്ചിരിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള: ഇന്നത്തെ രീതി അനുസരിച്ചുള്ള വില കിട്ടുമെന്നാണോ പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ആസ്പത്രികൾ.

* ൯൩൨. (൪) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പുതുതായി ആസ്പത്രി സ്ഥാപിക്കുന്നതിനെക്കുറിച്ചു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) എവിടെ നിന്നെല്ലാം;

(സി) എന്തു നടപടികൾ നടത്താൻ ഉദ്ദേശിക്കുന്നു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടു്.

(ബി) പല സ്ഥലങ്ങളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്. എല്ലാ സ്ഥലങ്ങളുടേയും പേരുകൾ ഇവിടെ പ്രസ്താവിക്കാൻ സാദ്ധ്യമല്ല.

(സി) അത്യാവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള : അത്യാവശ്യമാണെന്നു തോന്നിയിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണ്?

Mr. Speaker: You want that to be answered on the floor of the House—representations received from different portions of every taluk all over the State?

ശ്രീ. കെ. കെ. കുമാരപിള്ള : അതു വളരെ വലുതായിരിക്കാൻ ഇടയില്ല.

Mr. Speaker : From the discussion that we were having for the last fortnight, we know there is no place which does not require a hospital. (*Laughter*)

ശ്രീ. കെ. കെ. കുമാരപിള്ള : ഗവണ്മെൻറിൽനിന്നും ആശുപത്രികൾ സ്ഥാപിച്ചുകൊടുക്കണമെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണ്?

ശ്രീ. വി. മാധൻ : ഏതെല്ലാം സ്ഥലങ്ങളാണെന്നു തീരുമാനപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : ഏതെല്ലാം സ്ഥലങ്ങളിലാണ് ആശുപത്രികൾ സ്ഥാപിക്കേണ്ടതെന്നു തീരുമാനിക്കുന്നതിന് ഏതെല്ലാം പരിഗണനകളാണ് ഉള്ളതു്?

ശ്രീ. വി. മാധവൻ : അതിനു ചില ഉപാധികൾ ഉണ്ട്. അതു് ഈ സഭയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. അതായതു് ഒരു സ്ഥലത്തു നിന്നും അടുത്തു് ഒരാശുപത്രിവരെ അഞ്ചുമൈലിൽ കുറയാതെ ദൂരം ഉണ്ടായിരിക്കണം. അവിടെ ചുരുങ്ങിയതു് ൧൦൦൦൦ ജനസംഖ്യയുണ്ടായിരിക്കണം. ആ സ്ഥലത്തുള്ളവർ കെട്ടിടങ്ങളും സ്ഥലവും ഉപകരണങ്ങളും ഉണ്ടാക്കി ഗവണ്മെൻറിനു വിട്ടുതരണം. ഇങ്ങനെ ചില ഉപാധികളോടുകൂടിയാണ് ഗവണ്മെൻറ് ആശുപത്രികൾ അനുവദിക്കുന്നതു്.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ അഞ്ചുമൈൽ എന്നു ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു് യാത്രാസൗകര്യമുള്ളതും ഇല്ലാത്തതുമായ സ്ഥലങ്ങളെ ഒരുപോലെ പരിഗണിച്ചാണോ?

ശ്രീ. വി. മാധവൻ : അതേപ്പററി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കെ. കുമാരപിള്ള : ഒരു നാട്ടിലെ ജനങ്ങളുടെ സാമ്പത്തികസ്ഥിതി അതിനു പററിയതല്ലാത്തതാണെങ്കിൽ അങ്ങിനെയുള്ളവരുടെ കാര്യം പ്രത്യേകമായി പരിഗണിക്കുമോ?

ശ്രീ. വി. മാധവൻ : അങ്ങിനെ സാമ്പത്തികസ്ഥിതി എല്ലാവർക്കും മോശമായിട്ടുള്ള സ്ഥലങ്ങൾ വളരെ കുറവായിരിക്കും. കുറെയെങ്കിലും ആളുകൾ ചേർന്ന് ആശുപത്രിക്കുവേണ്ട കെട്ടിടങ്ങളും സ്ഥലവും ഉപകരണങ്ങളും ഉണ്ടാക്കി ഗവണ്മെൻറിലേക്കു തരാൻ കഴിയും. എല്ലാവരും നിർദ്ധനന്മാരായിട്ടുള്ള സ്ഥലം കാണുമെന്നു തോന്നുന്നില്ല.

ശ്രീ. ഓ. സി. നൈനാൻ : അടുത്തകാലത്തു പരമററത്തിനിന്നും ഈ വ്യവസ്ഥകൾ എല്ലാം നിറവേററണമെന്നു കാണിച്ചു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ? അതിന്മേൽ വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : അപേക്ഷ വന്നിട്ടുണ്ട്. നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ടായിരുന്നു ശ്രീ. നൈനാൻ തന്നെ ഇതുസംബന്ധിച്ചു പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: പല സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ വന്നിട്ടുള്ളതായി പറഞ്ഞു. അതു് എത്രകാലമായി എന്നു പറയാമോ?

ശ്രീ. വി. മാധവൻ : അതിന്റെ മാസങ്ങളും ദിവസങ്ങളും എത്രയായി എന്നു പറയാൻ നിവൃത്തിയില്ല. ദിവസവുമെന്നപോലെ ധാരാളം അപേക്ഷകൾ കിട്ടിക്കൊണ്ടിരിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻനായർ : ആശുപത്രികൾ അനുവദിക്കുമ്പോൾ ഈ അപേക്ഷകളുടെ പ്രയാറിററി പരിഗണിക്കുമോ?

ശ്രീ. വി. മാധവൻ : പ്രയാറിററി പ്രധാന സംഗതിയായി പരിഗണിക്കപ്പെടുവാൻ നിവൃത്തിയില്ല.

ഷുഗേഴ്സ് ആൻറ് കെമിക്കൽസ് കമ്പനി.

*൯൩൩. (൧) ശ്രീ. ററി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ദി ട്രാവൻകൂർ ഷുഗേഴ്സ് ആൻറ കെമിക്കൽസ് കമ്പനിയിൽ ഗവണ്മെൻറിനു് എത്ര രൂപായുടെ ഷെയറുണ്ടു്;

(ബി) ഈ കമ്പനിയിൽ ഇപ്പോൾ ഉൽപ്പാദനം നിർത്തിവച്ചിരിക്കുകയാണോ;

(സി) ആണെങ്കിൽ കാരണമെന്തു്;

(ഡി) ഈ കമ്പനിയിൽ എന്തെല്ലാം ഉൽപ്പാദിപ്പിക്കുന്നു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് കമ്പനിയിൽ ഗവണ്മെൻറിനുള്ള ഷെയർ ൪,൨൮,൦൧൦ രൂപായ്ക്കാണു്.

(ബി) ഈ കമ്പനിയിൽ ഇപ്പോൾ ഉൽപ്പാദനം നിറുത്തിവച്ചിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പഞ്ചസാര, സ്പിരിററ്, ഇവ ഉൽപ്പാദിപ്പിക്കുന്നു.

ശ്രീ. ററി. കെ. ദിവാകരൻ : ജൂൺ ഒന്നാംതീയതിമുതൽ അവിടെ ഉൽപ്പാദനം നിറുത്തിവച്ചിട്ടു പാക്കിംഗു് മാത്രമേ അവിടെ നടത്തുന്നുള്ളു എന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അടുത്ത കാലത്തു ഉൽപ്പാദനം നിറുത്തിവച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറിനു അന്വേഷിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കമ്പനി വിൽക്കുന്നതിനു ഗവണ്മെൻറിൽനിന്നും അധികാരം നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഗവണ്മെൻറുവക കമ്പനിയല്ല. അതു ഒരു പ്രൈവറ്റ കമ്പനിയാണ്. ഗവണ്മെൻറിനു അതിൽ കുറെ ഷെയറുകൾ ഉണ്ട് എന്നുമാത്രമേയുള്ളു.

ശ്രീ. ററി. കെ. ദിവാകരൻ : ഈ കമ്പനി പമ്പാ റിവർഫാക്ടറിയുടെകൂടെ കൊണ്ടുപോകുന്നതിനു അനുവാദത്തിനപേക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടേയ്ക്കു മാററിയാൽ കൂടുതൽ സൗകര്യമുണ്ടെന്നും അങ്ങനെ ബോർഡു തീരുമാനിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ററി. കെ. ദിവാകരൻ : അവിടേയ്ക്കു മാററുന്നപക്ഷം എത്ര പേർക്ക് തൊഴിലില്ലാതാകുമെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എത്ര പേർക്ക് ഇവിടെ ജോലിയില്ലാതെയാകുമോ അത്രയുംപേർക്ക് അവിടെ ജോലി ലഭിക്കും.

ശ്രീ. ററി. കെ. ദിവാകരൻ : അങ്ങനെ തൊഴിലില്ലാതെ വരുന്നവർക്ക് പരിഹാരമുണ്ടാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു പ്രൈവററ് എൻറർപ്രൈസാണ്. ഒരു വ്യക്തി നടത്തുന്ന വ്യാപാരം നിറുത്തിവയ്ക്കുകയൊ സ്ഥലംമാററുകയൊ ചെയ്യുന്ന അവസരത്തിൽ ഗവണ്മെൻറിൽനിന്നും നേരിട്ടു തൊഴിലാളികൾക്കു തൊഴിലുണ്ടാക്കി കൊടുക്കുന്ന ചുമതല ഗവണ്മെൻറിനാണെന്നു തോന്നുന്നില്ല.

ശ്രീ. പി. ഭാസ്കരൻനായർ : ൪,൨൯,൦൫൦ രൂപമുടക്കിയിട്ടു ഗവണ്മെൻറിനെന്തെങ്കിലും ആദായം കിട്ടുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിനു ഇതേവരെ ൩൨,൨൫൦ രൂപാ ഡിവിഡൻറായി മൂന്നുകൊല്ലമായി കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : മാററം ചെയ്യപ്പെടുന്ന കമ്പനിയിൽ പോയി ജോലിചെയ്യാൻ തയാറുള്ള തൊഴിലാളികൾക്ക് ജോലി ലഭിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പമ്പാറിവർ ഫാക്ടറിയിലെ വർക്ക് സീസണലാണ്. അവർക്ക് കൊല്ലത്തിൽ ൧൨ മാസവും തൊഴിൽകൊടുക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ കമ്പനികൂടി അവിടെ കൊണ്ടുപോകുകയാണെങ്കിൽ അവർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും.

ശ്രീ. കെ. കരുണാകരൻ : ഇതിലെ തൊഴിലാളിക്ക് മുൻഗണന കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യങ്ങളെക്കുറിച്ചെല്ലാം തീരുമാനിക്കുന്നതിനായി ഈ കമ്പനിയിലെ തൊഴിലാളി പ്രതിനിധികളുമായി ഞാൻ ഒരു സംഭാഷണം നടത്തണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: തക്കലയിലെ ഷുഗർഫാക്ടറി പ്രവർത്തനം തുടങ്ങാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ഗവർണ്മെൻറു പ്രസ്സിലെ ശമ്പളപരിഷ്കാരം.

* ൬൩൪. [൩] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവർണ്മെൻറു പ്രസ്സിലെ തൊഴിലാളികൾക്കു വേണ്ടി അടുത്ത കാലത്തു വരുത്തിയ ശമ്പളപരിഷ്കാരത്തെപ്പററി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ ശമ്പളപരിഷ്കാരംമൂലം തൊഴിലാളികൾക്കു് ലഭിച്ചുവന്നിരുന്ന ശമ്പളങ്ങളിൽ എന്തെങ്കിലും കുറവു വന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനമാണു്;

(ഡി) ഈ ശമ്പളപരിഷ്കാരം പുനഃപരിശോധന ചെയ്യുന്നതാണെന്നും, അതു് ൧൯൬൦ ജൂൺ ൩൦-ാം തീയതിക്കകം നടപ്പിലാക്കുമെന്നും പ്രസ്സ് സൂപ്രണ്ടു് സമ്മതിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതനുസരിച്ചു് എന്തെങ്കിലും മാററം വരുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ശമ്പളം കൂട്ടികിട്ടണമെന്നപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

(ബി) ൧-൧-൧൯൬൦-നു മുമ്പു തൊഴിലാളികൾ ശമ്പളമായിട്ടല്ല കൂലിനിരക്കനുസരിച്ചാണു് ജോലിചെയ്തു വന്നിരുന്നതു്. അതുകൊണ്ടു കൂടുതലോ കുറവോ എന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. അങ്ങനെ വർദ്ധിച്ച ശതമാനം കുറഞ്ഞിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശമ്പള പരിഷ്കാരം പുനഃപരിശോധന ചെയ്യാൻ അനുവദിച്ചിട്ടില്ല. എന്നാൽ ആവശ്യമെന്നു ബോദ്ധ്യപ്പെട്ടാൽ ഭേദഗതി ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടു്.

(ഇ) ജൂലൈ അവസാനത്തോടുകൂടി ഭേദഗതി ചെയ്യാമെന്നാണു് വിചാരിച്ചിരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: പീസുവർക്കായി ജോലി ചെയ്തിരുന്നതിനേക്കാളും കുറവായിട്ടാണു് ഇപ്പോൾ അവർക്കു് കിട്ടുന്നതെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അന്നു ചെയ്തിരുന്ന ജോലിക്കു് ന്യായമായ ശമ്പളം കൊടുത്തിരുന്നു. ഇന്നും അതിനു വലിയ കുറവില്ലെന്നാണറിയുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: പീസുവർക്കായി കിട്ടികൊണ്ടിരുന്നതിനേക്കാൾ വളരെ കുറവായിട്ടാണു് ഇപ്പോൾ ശമ്പളപരിഷ്കാരത്തിൽ അവർക്കു് കിട്ടുന്നതെന്നു പരാതിയുള്ളതായി അറിവില്ലേ?

ശ്രീ. എ. ജെ ജാൺ: പീസുവർക്കു് സിസ്റ്റമനുസരിച്ചു് കിട്ടിവന്നിരുന്നതിനേക്കാൾ ഇപ്പോൾ അല്പം കുറഞ്ഞു പോയി എന്നു പരാതിയുണ്ടു്. എന്നാൽ വലിയ വ്യത്യാസമൊന്നും കാണുന്നില്ല. കഴിഞ്ഞ ജൂലൈ മുതൽ ഡിസംബർ അവസാനം വരെ ആറുമാസത്തേക്കു് ചെലവായ സംഖ്യ നോക്കുന്നപക്ഷം അതു കാണാവുന്നതാണു്. ഏകദേശം ൨൨,൩൨൦ രൂപ കൊടുത്തിട്ടുണ്ടെന്നാണു കാണുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: അവർക്കു് ഫിക്സ്ഡു് സാലറി മാത്രമാണോ കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഫിക്സ്ഡു് സാലറി മാത്രമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: അവരുടെ ഷെഡ്യൂൾ പരിഷ്കരിക്കണമെന്നു് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ജൂലൈ അവസാനത്തിനു മുമ്പു ഷെഡ്യൂൾ പുനഃപരിശോധന ചെയ്യണമെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ ഷെഡ്യൂൾ ഭേദപ്പെടുത്തണമെന്നു ഗവർണ്മെൻറു വിചാരിക്കുന്നതെന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: പ്രസ്സ് സൂപ്രണ്ടു് ചില ഭേദഗതികൾ ആവശ്യമാണെന്നു പറഞ്ഞിട്ടുള്ളതനുസരിച്ചാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ ഷെഡ്യൂൾ പുനഃപരിശോധന ചെയ്യണമെന്നുദ്ദേശിക്കുന്നതു്, ശമ്പള പരിഷ്കാരം മൂലം ശമ്പളം കുറവായിട്ടാണു കിട്ടുന്നതെന്നു മനസ്സിലാക്കിയതിൻെറ ഫലമായിട്ടല്ലേ?

ശ്രീ. എ. ജെ. ജാൺ: അതേ.

T. B. Hospital at Asaripallam.

*935. [7] **Shri N. A. Noor Muhammad:** Will the Minister for Public Health be pleased to state whether it is a fact that because of the situation of the T. B. Hospital at Asaripallam, tuberculosis is fast spreading in the town of Nagercoil?

Minister for Medicine and Public Health (**Shri V. Madhavan**): No.

Shri N. A. Noor Muhammad: Is there any proposal to locate the hospital at Aramboli?

Shri V. Madhavan: No.

Shri P. Ramaswami Pillai: May I know what is the basis for concluding so?

ശ്രീ. വി. മാധവൻ: അതായതു് ടി. ബി. ആശുപത്രിയിൽ ഉള്ള രോഗികളുടെ കണക്ക നോക്കുന്നതായാൽ നാഗർകോവിലിൽനിന്നും അവിടെ വരുന്ന രോഗികൾ വളരെ കുറവാണു്. അതുകൊണ്ടു് ആ പ്രദേശത്തു് രോഗം പടർന്നുകൊണ്ടിരിക്കുന്നുവെന്നു പറയുന്നതു് അടിസ്ഥാനരഹിതമാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: അവിടെ ചികിത്സക്കായി വരുന്ന ആളുകൾ ടൌണിലാണു് താമസിക്കുന്നതെന്നുള്ള വിവരം അറിയാമോ?

ശ്രീ. വി. മാധവൻ: അവർ ടൌണിൽകൂടി കടന്നു് ആശുപത്രിയിൽ പോകുന്നുവെന്നേയുള്ളു.

ശ്രീ. എ. കുഞ്ഞൻനാടാർ: ബി. സി. ജി. വാക്സിനേഷൻകൊണ്ടു വിദ്യാർത്ഥികളുടെ ഇടയിൽ ഈ രോഗത്തെ സംബന്ധിച്ചു് ഒരു സർവ്വെ നടത്തിയിട്ടുള്ളതായി അറിയാമോ?

Mr. Speaker: That is a different question.

ശ്രീ. ആർ. പൊന്നപ്പനാടാർ: അവിടത്തെ ടി. ബി. ആശുപത്രി ആരുവാമൊഴിക്ക കൊണ്ടുപോകണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question need not be answered.

ஸ்ரீ. ஸி. சங்கர்: க்ஷயரோகிகள், தங்களுக்கு யிடமில்லாமல் ஆஸ்பத்திரிக்கு பக்கத்தில் தாமதித்துக் கொண்டு, நாகர்கோயில் கிளப்புகளுக்கு வந்து இந்த வியாதியை பரப்புகிறார்கள் என்பது தெரியுமா?

ശ്രീ. വി. മാധവൻ: ആശുപത്രിയിലും ആളുകൾ താമസിക്കുന്നുണ്ടു്. അവിടെ സ്ഥലമില്ലാതാകുമ്പോൾ അടുത്തുള്ള പരിസരങ്ങളിൽ താമസിക്കുന്നുമുണ്ടു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇങ്ങനെ ഒരു ആശുപത്രി അവിടെയുള്ളതുകൊണ്ടു് ആ ടൌണിൽ രോഗം പരക്കുന്നുവെന്ന അഭിപ്രായം ഉള്ളതിനാൽ നാഗർകോവിൽ പ്രദേശത്തു് ഈ കാര്യം സംബന്ധിച്ചു ഒരു സർവ്വെ നടത്തുന്നതിനു ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെയൊരു സജഷൻ ഉണ്ടായിട്ടില്ല. അതിനെപ്പററി ആലോചിക്കാവുന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ: അവിടെ ചികിത്സക്കായി വരുന്ന എല്ലാവരേയും അവിടെ അഡ്മിററുചെയ്യുന്നുണ്ടോ?

ശ്രീ. വി. മാധവൻ: അതിനു സാദ്ധ്യമല്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: വെളിയിൽനിന്നും ധാരാളം ആളുകൾ ചികിത്സക്കായി അവിടെ വരുന്നുണ്ടെന്നറിയാമോ?

ശ്രീ. വി. മാധവൻ: ഉണ്ടായിരിക്കാം.

ശ്രീ. എൻ. രാജഗോപാലൻനായർ: അങ്ങനെ ചികിത്സക്കായി വരുന്നവരെ അഡ്മിററുചെയ്യില്ലെങ്കിൽ അവർ എവിടെ താമസിക്കും?

ശ്രീ. വി. മാധവൻ: അതു ഞാൻ നേരത്തെ പറഞ്ഞു. അവർ ആശുപത്രികളുടെ പരിസരങ്ങളിൽ കെട്ടിടങ്ങൾ വാടകയ്ക്കെടുത്തു താമസിക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: അന്യനാട്ടുകാർക്ക് അവിടെ താമസിക്കുന്നതിനു യാതൊരു സൗകര്യവുമില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: സൗകര്യം ഉണ്ടെന്നു അറിയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: അതൊന്നു പരിശോധിക്കാമോ?

Mr. Speaker: During the Budget discussion this matter was discussed at length and every aspect was brought to the attention of the House.

ஸ்ரீ. ஏ. சாம்ராஜ்: இந்த போகிகள் ரேளனில் வந்து இந்த ரோகத்தைப் பரப்புகிறார்கள் என்பது தெரியுமா?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

കടലാസ്സു സപ്ലൈ.

* ൯൩൬. [വ്യ] † ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ആവശ്യമായ കടലാസ്സ് ഗവണ്മെന്റിൽനിന്നും ആരൊക്കെ വാങ്ങി;

(ബി) അങ്ങനെ വാങ്ങിയ വില എന്ത്;

(സി) കടലാസ്സ് സപ്ലൈ ചെയ്യുന്നതിലേക്കു ടെൻഡർ വിളിച്ചിരുന്നോ;

(ഡി) ഏറ്റവും കുറഞ്ഞ ടെൻഡർ റേറ്റ് എന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ഇതിനുമുമ്പ് ഈ ചോദ്യത്തിന് ദീർഘമായി ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ ഇതിന്റെ വാങ്ങിയ വിലയെന്താണ്?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യാഗവണ്മെന്റുമുഖാന്തിരം മില്ലുകളിൽനിന്നു വാങ്ങിയതുകഴിച്ച് അത്യാവശ്യപ്പെട്ട കടലാസ്സുകൾ താഴെ പറയുന്ന കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്.

ജനറൽ പേപ്പേഴ്സ് ലിമിറ്റഡ് മദ്രാസ്	൧ ൪ ണ.
സായി കമ്പനി, മദ്രാസ്സ്	൧ ൪ ണ.
മലയാളി, തിരുവനന്തപുരം	൧ ൧ ണ. ൩ പൈ.
പൗരധ്വനി, കോട്ടയം	൧ ൧ ണ. ൨ പൈ.

† As the Member was absent, the question was put by Shri N. Rajagopalan Nair with the permission of the Chair.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇങ്ങനെ വാങ്ങിയ കടലാസ്സുമുഴുവനും പുസ്തകങ്ങളും അടിക്കുന്നതിനാണോ ഉപയോഗിച്ചത്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. ടി. കെ. ദിവാകരൻ: വാൾക്കാട്ടുകമ്പനിയിൽനിന്നും വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവർ ടെൻഡർ അയച്ചിരുന്നു. അവരിൽനിന്നും വാങ്ങിയോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻനായർ: പൗണ്ടിന് വ്യ ണ. വച്ച് അവർ തരാമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ലെന്നാണ് എന്റെ ഓർമ്മ.

ശ്രീ. എൻ. രാജഗോപാലൻ നായർ: കടലാസ്സ് വാങ്ങുന്നതിനു ഗവണ്മെൻറ്പ്രസ്സ് സൂപ്രണ്ട് മദ്രാസ്സിലേക്ക് പോയിരുന്നോ?

ശ്രീ. എ. ജെ. ജാൺ: പോയിരുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: ഇവിടെനിന്നും വാങ്ങിയ കടലാസിൽ ന. റീം നഷ്ടപ്പെട്ടുപോയതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിവില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അതിനെപ്പററി അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: ദയവുണ്ടാകും.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ കടലാസ്സിൽ അച്ചടിച്ചതിന്റെ ഫലമായി ഗവണ്മെൻറ്പ്രസ്സിലെ നാലു മിഷ്യനു കേടുവന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഇവിടെനിന്നും രണ്ടു പ്രതിദിനപത്രങ്ങളുടെ കടലാസ്സ് വാങ്ങിയെന്നു പറഞ്ഞു. അതിൽ മലയാളിയും പൗരധ്വനിയുമല്ലാതെ മറേറതെങ്കിലും പത്രക്കാർ ടെണ്ടർ സമർപ്പിച്ചിരുന്നോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല എന്നാണ് അറിവ്.

Primary School Teachers.

*937. [9] **Shri N. A. Noor Muhammad** Will the Chief Minister be pleased to state:

(a) The pay and allowance of private primary school teachers; and

(b) the pay and allowance of Government primary school teachers?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ഇതു് അടുത്തദിവസം പരസ്യംചെയ്തിരുന്ന ഗവണ്മെന്റു പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

കുടികിടപ്പു രജിസ്ട്രേഷൻ.

* ൯൩൭. [൧൦] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയിറക്കു നിരോധനനിയമം നടപ്പിലായിട്ടു് എത്ര കാലമായി;

(ബി) സംസ്ഥാനത്തുള്ള കുടികിടപ്പുകാരുടെ കണക്കെടുത്തിട്ടുണ്ടോ;

(സി) കുടികിടപ്പുരജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ; രജിസ്റ്റർ ചെയ്യാനുള്ള കാലാവധി എന്നുവരെയായിരുന്നു;

(ഡി) എങ്ങിനെയാണു് രജിസ്റ്റർ ചെയ്യുന്നതു്;

(ഇ) കാലാവധി നീട്ടിക്കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

(ஏ) குடியிறக்குச் சட்டம் அமுலுக்கு வந்து 3 வருஷம் 4 மாதங்கள் ஆகின்றன.

(பி) சமஸ்தானத்திலுள்ள குடிகிடப்புக்காரர்களுடைய கணக்கு இது வரையில் எடுக்கப்படவில்லை.

(ஸி) இல்லை. 1950 வரையில்.

(டி) குடிகிடப்பு சட்டத்தை அனுசரித்து.

(இ) காலாவதி நீட்டிக்கொடுக்க சர்க்கார் தற்போது ஆலோசிக்கவில்லை.

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: രജിസ്റ്ററിൽ ധാരാളം ആളുകളുടെ പേർ ഉൾപ്പെടുത്തിയിട്ടില്ലെന്നറിയാമോ?

Shri A. Chidambaranatha Nadar: : Yes.

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: അവരെക്കൂടി ഉൾപ്പെടുത്താമോ?

Shri A. Chidambaranatha Nadar: If the House feels so, it would be considered.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താമസിക്കാൻ വീടില്ലാത്തവരെ, വൃക്ഷങ്ങളിൽ കൊടികെട്ടി താമസിക്കാൻ അനുവദിക്കാമോ?

Mr. Speaker: That question is disallowed.

പൊതുതെരഞ്ഞെടുപ്പു യാത്രപ്പടി.

* ൯൩൮. [൧൧] ശ്രീ പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനു നിയോഗിച്ചിരുന്ന ഗവണ്മെന്റ ജീവനക്കാർക്ക് എല്ലാപേക്കും അവർക്ക് ചെല്ലേണ്ട യാത്രപ്പടി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതു ഡിപ്പാർട്ടുമെന്റിൽ എത്ര ആളുകൾക്കു കൊടുക്കേണ്ടതായി അവശേഷിക്കുന്നു;

(സി) ഇക്കാര്യത്തിൽ ഇത്ര വലിയ അമാന്തം എന്തുകൊണ്ടുണ്ടായി?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൧൨൮ മാർച്ച് അവസാനംവരെ കിട്ടിയ ൩൦൦൦ത്തിൽപരം ബില്ലുകൾ എല്ലാം മാർച്ച് ൩൧-ാംതീയതിക്കകം പാസ്സാക്കി അയച്ചിട്ടുണ്ട്. ഈവക ബില്ലുകളിൽ ഏതാണ്ടു ൪൦൦ എണ്ണം ൩൧-ാംതീയതിക്കകം ഖജനാവിൽ ഹാജരാക്കി സമയത്തിനു മാറാൻ സാധിക്കാതെ വന്നിട്ടുണ്ട്.

(ബി) മിക്കവാറും എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കഴിഞ്ഞ വർഷത്തിൽ പാസ്സാക്കി അയച്ച ബില്ലുകളിൽ മാറാൻ സാധിക്കാതെവന്ന ബില്ലുകളും ഈ വർഷാരംഭത്തിൽ ഏപ്രിലിനുശേഷം പുതുതായി അയച്ചു കിട്ടിയതുമായ ഉദ്ദേശം ൫൦൦ ബില്ലുകൾ പാസ്സാക്കുവാനുണ്ട്.

(സി) ൧൧൨൮—൧൨൯-ലെ ബഡ്ജറ്റ പാസ്സാക്കി അപ്രോപ്രിയേഷൻ ബില്ല് പാസ്സായ ഉടൻതന്നെ സംഖ്യ കൊടുക്കുന്നതാണ്.

ശ്രീ. പി. ഭാസ്കരൻ നായർ : യാത്രപ്പടി കൊടുക്കുവാൻ താമസിച്ചില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു ഞാൻ പറഞ്ഞതു്. മാർച്ച് ൩൦-ാംതീയതിക്കു മുൻപു കിട്ടിയതെല്ലാം പാസ്സാക്കി അതിൽ പിന്നീടു കിട്ടിയതെല്ലാം പാസ്സാക്കുന്നതിനു ഇനി അപ്രോപ്രിയേഷൻ ബില്ല് പാസ്സാകേണ്ടിയിരിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ : ഗസറ്റഡ് ഉദ്യോഗസ്ഥന്മാരിലാർക്കെങ്കിലും യാത്രപ്പടി കൊടുക്കാതെ ശേഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പറയാൻ നോട്ടീസ്സു വേണം.

Travancore Library Association.

* 940. [12] †**Shri V. R. Krishnan Ezhuthassan:** Will the Chief Minister be pleased to state:

(a) the year in which the All Travancore Library Association was started;

(b) the year in which the Association was recognised by Government; and

† As the Member was absent, this question was put by **Shri O. C. Ninan, with the permission of the Chair.**

(c) the amount of grant paid to the Association each year and the number of libraries which benefited through the work of the Association during each year ?

Chief Minister (**Shri A. J. John**) :

(*a*) 1121 M. E.

(*b*) 1123.

(*c*)

Year	Amount of grant paid to the Association	No. of libraries benefited.
1121	Nil.	47
1122	Rs. 250 p. m.	263
1123	Rs. 500 p. m.	401
1124	Rs. 1000 p. m.	1039
1125 (7½ months)	Rs. 2000 p. m.	1269
1950-51	Rs. 20,000 per annum	1353
1951-52	Do.	1486

ശ്രീ. ഒ. സി. നൈനാൻ: കൂടുതൽ തുക ഈ കൊല്ലത്തേക്ക് അനുവദിച്ചുകിട്ടണമെന്ന് കാണിച്ച് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഇതു പരിശോധിക്കുന്നതാരാണ്?

ശ്രീ. എ. ജെ. ജാൺ: ലൈബ്രറി കമ്മററിതന്നെ.

ശ്രീ. ഒ. സി. നൈനാൻ: ലൈബ്രറിക്കു കൊടുക്കുന്ന പണം പുസ്തകം വാങ്ങിക്കുന്നതിനു ഉപയോഗിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററി പരിശോധന നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

Libraries.

* **941.** [14] †**Shri V. R. Krishnan Ezhuthassan :** Will the Chief Minister be pleased to state :

(*a*) the number of libraries to which Government are giving aid in (a) Travancore and (b) Cochin areas ;

(*b*) the amount spent on this account during each of the budget years since integration of Travancore and Cochin ; and

(*c*) the amount spent on libraries in (a) Travancore and (b) Cochin in the year prior to integration ?

Chief Minister (**Shri A. J. John**) :

(*a*) The number of libraries receiving aid varies from year to year. Grant was awarded to 896 libraries in the State during 1951-52, 663 libraries in Travancore and 233 in Cochin.

† As the Member was absent, this question was put by **Shri O. C. Ninan, with the permission of the Chair.**

(b) The amount spent after integration:

		Rs.
1125 (7½ months)	..	78,000
1950-51	..	75,000
1951-52	..	73,955

(c) The amount spent in 1124 prior to integration:

	Year	No. of libraries	Rs.
(a) Travancore	1124	363	44,060
(b) Cochin	1124	219	15,157-14-0

High School teachers.

*** 942.** [14] †**Shri V. R. Krishnan Ezhuthassan:** Will the Chief Minister be pleased to state:

(a) the different grades of High school teachers in Travancore and Cochin area;

(b) the number of teachers in each grade; and

(c) when and how is integration of these grades proposed to be effected?

Chief Minister (**Shri A. J. John**):

(a) & (b) Travancore High School grades are the following:—

		Nos.
I grade	Rs. 175-225	85
II grade	Rs. 125-175	168
III grade	Rs. 50-100	613
Graduates on fixed pay of Rs. 50		275
Language teachers	Rs. 50-100.	
Language teachers	45-75	
Language teachers	Rs. 25-45	No. 290
Drawing Masters	Rs. 30-60	No. 42
Drill Masters	Rs. 25-45	No. 7
	Rs. 25-35	No. 33

Cochin High School grade:

U. S. D. teachers	Rs. 80-125	No. 313
(Language teachers included among U. S. D. teachers.)		
Drawing masters	Rs. 30-75	No. 6
Do.	Rs. 30-60	No. 34
Physical Instructors	Rs. 80-125	No. 25
Do.	Rs. 40-80 }	No. 23
Do.	Rs. 30-60 }	

† As the Member was absent, this question was put by Shri O. C. Ninan, with the permission of the Chair.

(c) Orders have been issued in the matter. The teachers of Travancore-Cochin who have permanent places before the date of integration are permitted to continue as two separate cadres, old cadre Travancore, and old cadre Cochin. Teachers appointed after the integration will form the integrated new cadre. Uniform grades and scales of pay have been given to teachers of both the areas.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇതിനുമുമ്പു തിരുവിതാംകൂറിൽ ഈ ഗ്രേഡുകൾ ....

മിസ്റ്റർ സ്പീക്കർ : എതിനു മുമ്പ് ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇൻറിഗ്രേഷൻ നടത്തിയതായ ഈ ഓർഡറിനു മുമ്പ് തിരുവിതാംകൂറിൽ ഇതിൻെറ റേഷ്യോ ൩ : ൨ : ൧ ആയിരുന്നുവോ?

ശ്രീ. എ. ജെ. ജാൺ : ൩ : ൨ : ൧.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ഡ്രായിംഗ് മാസ്റ്റർമാരുടേയും ഡ്രിൽ മാസ്റ്റർമാരുടേയും ശമ്പളത്തിൽ ഈ കഴിഞ്ഞ പരിഷ്കാരത്തിൽ എന്തെങ്കിലുംവ്യത്യാസം വരുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

തടവുകാർ.

* ൯൪൬. [൩ ൫] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ ജയിലിലെ തടവുകാരുടെ എണ്ണം എത്ര ;

(ബി) ഇവിടത്തെ സെൻട്രൽ ജയിലിൻെറ ഒരു ഭാഗമായിട്ടാണോ വിയ്യൂർ ജയിലും പരിഗണിക്കുന്നത് ;

(സി) തടവുകാരുടെ ആഹാരക്രമം എങ്ങനെ ; അവയുടെ അളവെന്ത് ;

(ഡി) വൈദ്യസഹായത്തിന് ഒരാളിന് എന്തു ചെലവാക്കുന്നു;

(ഇ) സാംസ്കാരികോന്നമനങ്ങൾക്കുവേണ്ടി എന്തെങ്കിലും ഏർപ്പാടുകളുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തെല്ലാം ?

ആഭ്യന്തരകാര്യവകുപ്പു മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ദിവസംപ്രതി പ്രവേശിക്കുന്നതും വിടുന്നതുമായ തടവുകാരുടെ നമ്പർ അനുസരിച്ച് തടവുകാരുടെ എണ്ണം ദിനംപ്രതി വ്യത്യാസപ്പെട്ടിരിക്കും. ഇന്നത്തെ നമ്പർ ൬൧൩ ആണ്.

(ബി) ഇവിടത്തെ സെൻട്രൽ ജയിലിൻെറ ഒരു ഭാഗമായിട്ടല്ല വിയ്യൂർ ജയിലിനെ പരിഗണിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ ജയിൽ പോലെ അതു ഒരു പ്രത്യേക ജയിലാണ്. രണ്ടും ഒരു ഡിപ്പാർട്ടുമെൻറ ഹെഡ്ഡിൻെറ കീഴിലുള്ളതാണ്,

(സി) വിവരം കാണിക്കുന്ന പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.†

(ഡി) കഷ്ടമില്ല. ആവശ്യമനുസരിച്ച് ചെലവു ചെയ്യുന്നു.

(ഇ) ഉണ്ട്.

(എഫ്) . അക്ഷരജ്ഞാനമില്ലാ . വരെ പഠിപ്പിക്കാൻ സ്കൂൾ ഉണ്ട്. അതിലേയ്ക്ക് പ്രത്യേകം അദ്ധ്യാപകനുണ്ട്. പുസ്തകം, സ്ലേററ് മുതലായവ ഗവണ്മെൻറിൽ നിന്നും സൌജന്യമായി വാങ്ങിക്കൊടുക്കുന്നുണ്ട്. വിവിധ ഇനങ്ങളിൽപ്പെട്ട ധാരാളം പുസ്തകങ്ങളുള്ള നല്ല ഒരു ലൈബ്രറി തടവുകാരുടെ ആ ശ്യ ത്തിനായിട്ടുണ്ട്. അൻപതു പേർക്ക് ഒന്നു എന്ന കണക്കിന് വർത്തമാനപ്പത്രങ്ങൾ ഗവണ്മെൻറ ചെലവിൽ കൊടുക്കുന്നുണ്ട്: റേഡിയോ വിത്തു് ലൌഡ്സ്പീക്കർ ആൻഡ് ആംപ്ലിഫയർ (Radio with loud speaker and amplifire) ജയിലിൽ സ്ഥാപിച്ചിട്ടുണ്ട്. മതപുരോഹിതന്മാർ വന്നു സാന്മാർഗ്ഗികോപദേശങ്ങൾ കൊടുക്കുന്നുണ്ട്. ഖുർ ആൻ, ബൈബിൾ, ഗീത, രാമായണം, ഭാഗവതം മുതലായ മതഗ്രന്ഥങ്ങൾ തടവുകാർ തന്നെ ഉച്ചഭാഷിണി മുഖേന പൊതു ഉപയോഗത്തിന്നായി പാരായണം ചെയ്യുന്നുണ്ട്. തടവുകാരുടെ കലാപ്രകടനം ഉച്ചഭാഷിണി മുഖാന്തിരം നട ിവരുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഈ പറയുന്ന സൗകര്യങ്ങൾ അവിടെ ചെയ്തുകൊടുത്തിട്ടില്ലെന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ :

Mr. Speaker : The question is disallowed.

ശ്രീ. സി. കെ. വിശ്വനാഥൻ : നമ്മുടെ ജയിലിൽ നിന്നു് വിദ്യാഭ്യാസം സിദ്ധിച്ചു് നന്നായി ആരെങ്കിലും പറന്നുപോയിട്ടുണ്ടോ ?

Mr. Speaker : The question is disallowed.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇ ിടത്തെ സെൻട്രൽ ജയിലിന്റെ ഒരു ഭാഗമായിട്ടല്ലാ വിയ്യൂർ സെൻട്രൽ ജയിൽ നടക്കുന്നതു് എന്നു പറഞ്ഞു. ....

ശ്രീ. ടി. എം. വർഗ്ഗീസ് : രണ്ടും ഒരു മേലധികാരിയുടെ കീഴിലുള്ള ജയിലുകളാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : താഴ്ന്ന ശമ്പളക്കാരായ വാർഡർമാരെ അന്യോന്യം സ്ഥലം മാററാതിരിക്കുവാൻ ഗ ണ്മെൻറിനു് ദയവുണ്ടാകുമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഗവണ്മെൻറിനു് ആവശ്യമുണ്ടാകാതിരിക്കുകയാണെങ്കിൽ അവരെ സ്ഥലം മാററുകയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : അവരുടെ ശമ്പളം തുച്ഛമാണെന്നുള്ളതുകൊണ്ടും അവരുടെ പ്രവൃ ി വാർഡർ ആയതുകൊണ്ടും സ്ഥലം മാററിയാൽ അവർ കഷ്ടപ്പെടേണ്ടിവരുമെന്നുള്ളതുകൊണ്ടും അവരെ അന്യോന്യം സ്ഥലം മാററാതിരിക്കുവാൻ ദയവുണ്ടാകുമോ ?

† See appendix No. I.

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവണ്മെന്റിന് ആവശ്യമില്ലെങ്കിലും അവർ കുററം ഒന്നും ചെയ്യില്ലെങ്കിലും സ്ഥലം മാററാതിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സ്കൂൾ സമയം എപ്പോഴാണെന്നും വാദ്ധ്യാർ ആരാണെന്നും പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: സ്കൂൾ സമയം രാവിലെയും വൈകുന്നേരവും ആണ്. ഇപ്പോഴത്തെ വാദ്ധ്യാർ ജാർജ്ജ് എന്ന ഒരാളാണ്.

Shri Anthonie Andrew Daniel Luiz: Are there any special facilities for children?

ശ്രീ. ടി. എം. വർഗ്ഗീസ്: റിഫർമേററി സ്കൂൾ വേറെയാണെന്നാണ് അറിവ്. കൂടുതൽ വിവരം അന്വേഷിച്ചുവേണം പറയാൻ.

ശ്രീമതി കെ. ആർ. ഗൗരി: അക്ഷരാഭ്യാസം ഇല്ലാത്ത തടവുകാൎക്ക് അക്ഷരാഭ്യാസം കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. അവിടെ ഏതെങ്കിലും സ്ത്രീതടവുകാൎക്ക് അക്ഷരാഭ്യാസം കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉത്തരത്തിൽ തടവുകാൎക്ക് അക്ഷരാഭ്യാസം കൊടുക്കുന്നുണ്ട് എന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് അതിൽ സ്ത്രീ തടവുകാരും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ വല്ല വ്യത്യാസവുമുണ്ടെങ്കിൽ തിരുത്തുന്നതിന് വേണ്ട ഏൎപ്പാടുചെയ്യാം.

ശ്രീമതി കെ. ആർ. ഗൗരി: ഇതേവരെ ഏതെങ്കിലും സ്ത്രീതടവുകാൎക്ക് അക്ഷരാഭ്യാസം ചെയ്യുന്നതിന് വേണ്ട ഏൎപ്പാടു ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: തടവുകാർ എന്നു പൊതുവായി പറഞ്ഞിട്ടുള്ളതിൽ സ്ത്രീതടവുകാരും ഉൾപ്പെടുമെന്നു വിചാരിക്കുന്നു. അതിൽ വല്ല വ്യത്യാസവും ഉണ്ടെങ്കിൽ അവൎക്കും അക്ഷരാഭ്യാസം കൊടുക്കുന്നതിനു വേണ്ടതു ചെയ്യാം.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ വ്യവസ്ഥകൾ എല്ലാം അവിടെ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് അറിയുവാൻ ബഹുമാനപ്പെട്ട മന്ത്രി എപ്പോഴെങ്കിലും ജയിൽ സന്ദൎശിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഞാൻ മുമ്പ് ജയിലിൽ പോയിട്ടുണ്ട്. മന്ത്രിയായതിൽ പിന്നെ പോയിട്ടില്ല.

ശ്രീ. സി. അച്ചുതമേനോൻ: ജയിൽ ലൈബ്രറിയിൽ എത്ര പുസ്തകങ്ങൾ ഉണ്ടെന്നു പറഞ്ഞിട്ടില്ലാ. ഉദ്ദേശം എത്രത്തോളം പുസ്തകം ഉണ്ടെന്ന് പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ൩൦൦ പുസ്തകങ്ങൾക്കുമേലുണ്ട്.

ശ്രീ. സി. അച്ചുതമേനോൻ: തിരുവനന്തപുരത്തും തൃശ്ശിവപേരൂരും എത്ര വീതം ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉള്ള ലൈബ്രറിയിൽ ൩൦൦൦-ന് മേലും ൭൦൦൦-ന് താഴെയും പുസ്തകങ്ങൾ ഉണ്ട്.

ശ്രീ. സി. അച്യുതമേനോൻ: ഒടുവിൽ അവിടെ പുസ്തകം വാങ്ങിച്ചതു് എന്നാണെന്നു പറയാമോ?

Mr.. Speaker: That questioa cannot be allowed. How can the Minister know when the last book was purchased?

ശ്രീ. സി. അച്യുതമേനോൻ: പഴയ രാമായണവും ശീലാവതിയും അല്ലാതെ ആധുനിക കാര്യങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ അവിടെ വാങ്ങിക്കാറുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അവിടെയുള്ള പുസ്തകങ്ങളെപ്പറ്റി പൊതുവേ ഒരു വിവരണം പറയാം. നോവൽസ്, ബയാഗ്രഫി, എസ്സേസ്, ചെറുകഥകൾ, ഖുറാൻ, ഗീത, രാമായണം, ബൈബിൾ മുതലായ ഗ്രന്ഥങ്ങളാണു് അവിടെയുള്ളതു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളടങ്ങിയ വല്ല പുസ്തകങ്ങളും അതിൽ ഉണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെയുള്ള പുസ്തകങ്ങൾ ഉണ്ടോ എന്നു് അന്വേഷിച്ചിട്ടില്ല. ഒരു വിധം പുരോഗമനപരമായ പുസ്തകങ്ങൾ ഉണ്ടെന്നാണു് അറിവു്.

ശ്രീ. പി. ഭാസ്കരൻ നായർ: ഈ പുസ്തകങ്ങൾ മിക്കതും ഈശ്വരനെപ്പോലെ ആദിയും അന്തവുമില്ലാത്തവയാണു് എന്നു് അറിയാമോ?

Mr. Speaker: Question disallowed.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: റേഡിയോയും ഉച്ചഭാഷിണിയും വിയ്യൂർ സെൻട്രൽ ജയിലിൽ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനെക്കുറിച്ചു് അന്വേഷിച്ചിട്ടേ മറുപടി പറയുവാൻ സാദ്ധ്യമുള്ളൂ.

ஸ்ரீ. ஸி. சங்கர்: எல்லா ராஜ்யகைதிகளின் சுகக்கேடுகளுக்கு ஒரேமருந்துதான் ஜெயிலில் கொடுக்கப்பட்டுவந்தது என்பது தெரிய வருமா?

Mr. Speaker: Question disallowed.

ശ്രീ. എൻ. രാജഗോപാലൻ നായർ: രാവിലെയും വൈകുന്നേരവും ആണു് വിദ്യാഭ്യാസത്തിനു് സൌകര്യം കൊടുക്കുന്നതു് എന്നു പറഞ്ഞു. രാവിലെ ഏഴുമണിക്കു് തടവുകാരെ ജോലിക്കു കൊണ്ടുപോകും. വൈകുന്നേരം ആറുമണിക്കു അവരെ ലാക്കപ്പും ചെയ്യും. ഇതു് അറിയാവുന്ന മന്ത്രിക്കു് പിന്നെ ഏതു് അവസരത്തിലാണു് അവർക്കു് അക്ഷരാഭ്യാസം കൊടുക്കുന്നതു് എന്നു് പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ജോലിക്കു പോകാത്തവർ ഉണ്ടു്. എല്ലാവരും ജോലിചെയ്യണമെന്നു നിർബന്ധമില്ല. എന്നാൽ ജോലി ചെയ്യണമെന്നു നിർബന്ധമുള്ള ആളുകളും ഉണ്ടു്. ജോലിക്കു പോകാത്തവർക്കു് കാലത്തു അക്ഷരാഭ്യാസം കൊടുക്കും. ജയിലിലുള്ള തടവുകാർ രാവിലെ എഴുന്നേൽക്കുന്നതു് ൫ മണിക്കാണെന്നാണു് എന്റെ അറിവു്. ജോലിക്കു കൊണ്ടുപോകുന്നതു് ൯ മണിക്കാണു്. അപ്പോഴും അതിനു

മുമ്പും ജോലികഴിഞ്ഞു തിരിച്ചുവന്നതിനുശേഷവും ആണ് ജോലിക്കുപോകുന്നവരെ പഠിപ്പിക്കുന്നതു്. നല്ല വണ്ണം പഠിച്ചിട്ടുള്ള ആളുകളും തടവുകാരായി ഉണ്ടു്. പഠിച്ചിട്ടില്ലാത്തവരെ മാത്രമേ പഠിപ്പിക്കേണ്ടതുള്ളു.

SHORT NOTICE QUESTION.

F. A. C. T., Alwaye.

❋ 4. [6] **Shri M. M. Abdul Khader:** Will the Minister for Industries be pleased to state:

(*a*) whether a shut down has been forced on the F. A. C. T., Alwaye, by the management on the 9th instant;

(*b*) what is the possible duration of the shut down;

(*c*) if there is a consequent lay-off of employees and

(*d*) in case of lay-off will the employees be paid unemployment wages and if so to what extent?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) On the 9th instant there was a shut down in the F. A. C. T. Alwaye.

(*b*) It is understood that this may last for about three weeks.

(*c*) No.

(*d*) The question does not arise.

Shri M. M. Abdul Khader: Were there two previous shut downs like this during this year?

Shri Panampilli Govinda Menon: I want notice about the shut down which has happened previously.

Shri M. M. Abdul Khader: What is the reason for the shut down?

Shri Panampilli Govinda Menon: The report is that a catalyst basket requires to be repaired and therefore the shut down has been occasioned.

Shri M. M. Abdul Khader: Will the Minister give an assurance that labourers would not be laid off?

Shri Panampilli Govinda Menon: The report has been received from the management after the question from the hon. Member was received. It says that there is no lay-off.

Shri M. M. Abdul Khader: The question I put was, will the Minister give an assurance that there would not be a lay-off?

Shri Panampilli Govinda Menon: Not that I am afraid of giving an assurance, but there is no necessity now?

Shri M. M. Abdul Khader: There is widespread panic among the labourers that as soon as the session is over, they will be laid off.

Shri Panampilli Govinda Menon: These questions are not attended to by the session but by the Minister.

WRITTEN ANSWERS.

ഓടസമുദായം.

* ൯൪൪. [൨൧] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്റ്റിലെ ഓടസമുദായത്തെ ഏതു വിഭാഗത്തിലാണ് (പിന്നോക്കസമുദായോദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച്) ഉൾപ്പെടുത്തിയിരിക്കുന്നത്:

(ബി) അവർക്ക് എന്താനുകൂല്യങ്ങൾ നൽകിവന്നിരുന്നു;

(സി) ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു;

(ഡി) അവരുടെ ജനസംഖ്യ എത്ര;

(ഇ) അവരിൽ സ്കൂൾ ഫൈനൽപാസ്സായവർ എത്ര; പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ചവർ എത്ര?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മററു പിന്നോക്കസമുദായ വിഭാഗത്തിൽ.

(ബി) ൧൧൨൦ ജൂൺമാസത്തിനുമുമ്പ് കൊച്ചി വിഭാഗത്തിൽ ഓടസമുദായത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ അധഃകൃതരെപ്പോലെ കണക്കാക്കി ഫീസുസൌജന്യം പുസ്തകം, സ്റ്റൈപ്പൻറ് മുതലായവ നൽകിവന്നിരുന്നു.

(സി) ഇപ്പോൾ മററു പിന്നോക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതുപോലെ നിർദ്ധനസർട്ടിഫിക്കററ് ഹാജരാക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് സൌജന്യം നൽകിവരുന്നു.

(ഡി) അവരുടെ പ്രത്യേകമായി ജനസംഖ്യ എടുത്തിട്ടില്ല.

(ഇ) ഓരോ സമുദായത്തിലും സ്കൂൾഫൈനൽ പാസ്സായവർ എത്രയെന്നും പ്രാഥമികവിദ്യാഭ്യാസം സിദ്ധിച്ചവർ എത്രയെന്നും കണക്കെടുത്തിട്ടില്ല.

Backward Communities.

* 945. [21] **Shri A. K. Chelliah:** Will the Minister for Local Self Government be pleased to state:

(*a*) How many common buildings have been constructed from the department for Advancement of Backward Communities in the State after integration; and

(*b*) How many in Travancore area and how many in Cochin area?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) None.

(*b*) Does not arise in view of answer to (*a*) above.

UNSTARRED QUESTIONS.

ഷാപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റ്.

൨൮൭. [൪] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഷാപ്പ്സ് ആൻറ് എസ്റ്റാബ്ളിഷ്മെൻറ് ആക്റ്റ് ശരിയായി നടപ്പാക്കുന്നില്ല എന്നു പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ചങ്ങനാശ്ശേരിയിൽ ഈ നിയമം നടപ്പാക്കാൻ നിയുക്തനായ ഉദ്യോഗസ്ഥൻ എത്ര ഷാപ്പുകൾവീതം ഒരാഴ്ച പരിശോധിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്? •

ഉത്തരം

(എ) ഇല്ല.

(ബി) ഒരു ദിവസം ൪൦ ഷാപ്പുകൾ പരിശോധിക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാൽ ലേബർ ആഫീസർക്കുള്ള ഇതര ചുമതലകൾ നിർവഹിക്കുന്നതിനിടയിൽ ചിലപ്പോൾ ഈ നിർദ്ദേശം നിഷ്കൃഷ്ടമായി പാലിക്കാൻ സാധിച്ചില്ലെന്നുവരാം.

Travancore Credit Bank.

൨൮൯. [൩] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ട്രാവൻകൂർ സ്റ്റേറ്റ്ക്രെഡിററ് ബാങ്കിൻെറ പ്രവർത്തനങ്ങൾ സംയോജനദിനശേഷം കൊച്ചിയിലേയ്ക്കും വ്യാപിച്ചിട്ടുണ്ടോ:

(ബി) കോൺഗ്രസ്സ് ഗവണ്മെൻറ് അംഗീകാരത്തിൽ വന്നതിനുശേഷം നടന്നിട്ടുള്ള അയ്യായിരം രൂപയ്ക്കു മേൽ വരുന്ന പണമിടപാടുകാരുടെ പേർ മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) പണമിടപാടുകാരുടെ പേരു വിവരം മുതലായവ ബാങ്കു രഹസ്യമായതിനാൽ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്.

൨൯൦. [൧] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡുപണി എത്രമൈൽ പുരോഗമിച്ചിട്ടുണ്ട്;

(ബി) ഇതിൻെറ പണി എവിടെനിന്നാണ് ആരംഭിച്ചിരിക്കുന്നത്;

(സി) ഈ പണിസംബന്ധിച്ച് എത്ര രൂപ കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നു;

(ഡി) അതിൽ എത്ര രൂപ ഇതേവരെ ചെലവായി?

ഉത്തരം.

(എ) ഉദ്ദേശം ൪ മൈൽ.

(ബി) ചങ്ങനാശ്ശേരിയിൽ നിന്നും, ആലപ്പുഴ നിന്നും.

(സി) കുട്ടനാട്ട് ഡെവലപ്പ്മെൻറ് പദ്ധതിക്ക മൊത്തം ൧൫ ലക്ഷം രൂപ കൊള്ളിച്ചിരുന്നു.

(ഡി) പദ്ധതിക്ക മൊത്തം ൧൩,൩൭,൨൯൧ രൂപ. റോഡു പണിക്ക മാത്രം ൪,൯൪,൦൭൨ രൂപ.

റോഡുപണിക്ക സ്ഥലം.

൨൫൧. [൯] ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡുപണിക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുത്തതിൻെറ ഫലമായി ആരെങ്കിലും ഭവനരഹിതരായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ?

ഉത്തരം.

(എ, ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് ൧൪ കെട്ടിടങ്ങൾ പൊന്നുംവിലെക്കെടുത്തിട്ടുണ്ട്. ഈ കെട്ടിടങ്ങളിലെ താമസക്കാർക്ക് കുടിപാർപ്പിന് ഗവണ്മെൻറിൽനിന്നും സൗകര്യങ്ങളൊന്നും ചെയ്തുകൊടുത്തിട്ടില്ല.

ADJOURNMENT MOTION.

12 NOON]

ശ്രീ. സി. ജി. സദാശിവൻ: ചേർത്തലയിലെ പട്ടിണിപ്പാവങ്ങളെപ്പററി എനിക്ക് ഒരടിയന്തിരപ്രമേയം അവതരിപ്പിക്കാനുണ്ട്.

Mr. Speaker: I understand the object of the member. Even without referring to the Adjournment Motion, the House can proceed under the Rules. Because two boys died at Shertallai, that should not be a proper ground for adjourning the House. Even facts may be disputed. It is not an important matter.

LEGISLATIVE BUSINESS.

The Travancore-Cochin Panchayats Act. (Amendment) Bill.

Mr. Speaker: We will now proceed with Legislative Business. Minister for Local Self Government.

Minister for Local Self Government (**Shri K. Kochukuttan**): Sir, I beg to present the report of the Select Committee on the Travancore-Cochin Panchayats Act (Amendment) Bill and move that the Bill as revised be taken into consideration.

Minister for Works and Transport (**Shri Kalathil Velayudhan Nair**): I second it.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഈ ബില്ലിനെപ്പററി ചർച്ച ചെയ്യാൻ നിയുക്തമായ സെലക്റ്റ്കമ്മിററി ഒരു ഏകകണ്ഠമായ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളതു്. പറയത്തക്കവണ്ണമുള്ള മാററങ്ങളൊന്നും സെലക്റ്റ്കമ്മിററി റിപ്പോർട്ടിൽ വരുത്തിയിട്ടില്ല. എന്നാൽ ഒന്നു രണ്ടു ഭാഗങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. അതായതു്, പഞ്ചായത്തു തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്ന വോട്ടേഴ്സ്‌ലിസ്റ്റ് അസംബ്ളി തിരഞ്ഞെടുപ്പിനുള്ള വോട്ടേഴ്സ്‌ലിസ്റ്റുതന്നെ ആയിരിക്കണമെന്നഭിപ്രായപ്പെട്ടിട്ടുണ്ട്. അതുകൂടാതെ പട്ടാളത്തിലും വിദേശകാര്യാലയത്തിലും ജോലിചെയ്യുന്നവർക്കു പോസ്റ്റൽ വഴി വോട്ടുചെയ്യുന്നതിനുള്ള അധികാരം ഈ ബില്ലിലെ വകുപ്പനുസരിച്ചുണ്ടെങ്കിലും റസിഡൻഷ്യൽ ക്വാളിഫിക്കേഷൻ ഇല്ലാത്ത അംഗത്തിനു് പഞ്ചായത്തിൽ വോട്ടുചെയ്യാനുള്ള അവകാശം കൊടുക്കണമോ വേണ്ടയോ എന്നു് ആലോചിച്ചതിൻെറ ഫലമായി പോസ്റ്റൽവഴി വോട്ടുചെയ്യാനുള്ള അവകാശം കൊടുക്കേണ്ട എന്നാണ് കമ്മിററി തീരുമാനിച്ചതു്. ഈ രണ്ടുകാര്യങ്ങളുമല്ലാതെ മററു വിധത്തിലുള്ള ഭേദഗതികളൊന്നും ഇല്ല. അതുകൊണ്ടു് ഈ ബില്ല് സഭയുടെ പര്യാലോചനയ്ക്കു് എടുക്കണമെന്നപേക്ഷിക്കുന്നു.

The question that the Travancore-Cochin Panchayats Act (Amendment) Bill be taken into consideration was put and carried.

The Bill was taken into consideration.

Clause 2.

Shri A. Kunjan Nadar: I move the amendment to substitute "two per cent" for "five per cent" in 7 (2) of clause 2.

സർ, ഈ ബില്ലനുസരിച്ചു് ഓരോ പഞ്ചായത്തു് ഏരിയായിലും ഉള്ള ആകെ വോട്ടറന്മാരിൽ അഞ്ചുശതമാനം ഷെഡ്യൂൾഡ്കാസ്റ്റ് ഉണ്ടെങ്കിൽ മാത്രമെ ഒരു സീററ് അവർക്കുവേണ്ടി കിട്ടുന്നുള്ളു. ഷെഡ്യൂൾഡ് കാസ്റ്റിനെ സംബന്ധിച്ചിടത്തോളം, സ്വന്തനിലയിൽ മത്സരിച്ചുജയിക്കാൻ സാധിക്കാത്തതുകൊണ്ടും, അവരുടെ സാമ്പത്തികമായ കഴിവുകേടുകൊണ്ടും ആണ് ഈ വ്യവസ്ഥ വച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. പ്രധാനമായി മൂന്നുകാരണങ്ങളാണ് ഇവരെ സംബന്ധിച്ചിടത്തോളം ദോഷകരമായി ഇരിക്കുന്നതു്. അതായതു്, ഷെഡ്യൂൾഡ്കാസ്ററ് മുഴുവനും സംസ്ഥാനത്തു ചിന്നിച്ചിതറി കിടക്കുന്ന വിഭാഗങ്ങളാണ്. പഞ്ചായത്തു ഏരിയാ വിഭജനം നടത്തുമ്പോൾ ചിതറിക്കിടക്കുന്ന ഈ സമുദായത്തിന് അഞ്ചുശതമാനം ജനസംഖ്യ ഒരു ഏരിയായിലും കിട്ടുവാൻ സാദ്ധ്യമല്ല.

രണ്ടാമതു്, വാർഡുവിഭജനത്തിൽ പിന്നോക്കസമുദായങ്ങളെ ഭിന്നിപ്പിച്ചു വിഭജിക്കുകയാണ് ചെയ്തിരിക്കുന്നതു്. ആ നിലയ്ക്കും ൫ ശതമാനം എന്നു വച്ചിരിക്കുന്നതു ദോഷകരമാണ്. മൂന്നാമതു്, പഞ്ചായത്തുകളുടെ ഉദ്ദേശംതന്നെ ഓരോ ഗ്രാമങ്ങളിലുമുള്ള സാധുജനങ്ങളെ ഉന്നമി

പ്പിച്ച് സ്വയംപര്യാപ്തരാക്കിത്തീർക്കുക എന്നുള്ളതാണ്. ഈ കാര്യത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു പിന്നോക്കസമുദായങ്ങളാണ്. എല്ലാ പഞ്ചായത്ത് ഏരിയായിലും ഇവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതു് അവരുടെ ഉയർച്ചയ്ക്കും പുരോഗതിക്കും അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. ഗവണ്മെൻറ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ൫ ശതമാനം എന്ന കണക്ക് ഒരു വിധത്തിലും ഇവരെ സംബന്ധിച്ചിടത്തോളം നീതീകരിക്കത്തക്കതല്ല. പിന്നോക്കസമുദായങ്ങൾക്ക് ഗവണ്മെൻറ് ഉദ്ദേശിക്കുന്ന വിധത്തിലുള്ള പ്രോത്സാഹനം ലഭിക്കണമെങ്കിൽ ൫ ശതമാനം എന്നു വച്ചിരിക്കുന്നതു ൨ ശതമാനമാക്കി കുറയ്ക്കണമെന്നാണ് എൻെറ അപേക്ഷ. പിന്നാക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള സ്ഥിതിവിവരക്കണക്കുകൾ എൻെറ കൈവശമില്ലാത്തുകൊണ്ട് മൊത്തം ജനസംഖ്യ എത്രവരുമെന്നുള്ളതു പറയാൻ നിവൃത്തിയില്ല. എന്നിരുന്നാലും ഇവരെ സംബന്ധിച്ച് ഈ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നൽകണമെന്നുള്ള ഉദ്ദേശമുള്ളതുകൊണ്ടാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്.

ஸ்ரீ. எ. ஸாம்ராஜ்: ஸர், நான் குஞ்சன் நாடார் அவர்களின் அமெண்ட்மென்டை ஆதரிக்கிறேன். பின்னோக்க சமுதாயத்தினர் வசிக்கும் ஒரு வில்லேஜிலுள்ள ஒரு பாகத்தை ஒரு பஞ்சாயத்திலும், ஒரு பாகம் வேறு ஒரு இடத்திலும், இப்படி ஒரு கிராமத்தை நான்கு பாகமாக பிரித்து நான்கு இடத்தில் சேர்த்தால் 300, 400, 1000 பேர்கள் இருந்தாலும் பஞ்சாயத்தை கவனிக்கும்போது மேற்படி ஷெடூல் வகுப்பிலிருந்து ஒரு மெம்பர் கூட அந்த வார்டில் வர முடியாது. இவர்கள் சிறுபான்மை (minority) யினராகத்தான் இருந்து கொண்டு வருவார்கள். ஸர், ஐந்து சதமானம் என்று வரும்போது இவர்களுக்கு (Representation) கிடைக்காது. அதனால் பின்னோக்க சமுதாயத்தவர்கள் வசிக்கும் கிராமங்களை பிரிக்காமலிருந்தால் அவர்களிலிருந்து ஒரு மெம்பர் இலகுவாக வர முடியும். ஜனங்களுக்கு ஏற்ற வேலை செய்யவும் முடியும். மத்திய அரசாங்கத்தில் 5 சதமானம் என்று நிர்ணயித்ததாகக் காணவில்லை. அதனால் இரண்டு சதமானமாகக் குறைத்தால் சிறுபான்மை கக்ஷியினருக்கும் Representation பஞ்சாயத்தில் கிடைக்கும்.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു. ൫ ശതമാനത്തെ ൨ ശതമാനമാക്കി കുറയ്ക്കണമെന്നാണ് ഭേദഗതി. അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗവണ്മെൻറ് യാതൊരു സ്ഥിതിവിവരക്കണക്കും കൂടാതെയാണ് ൫ ശതമാനം നിശ്ചയിച്ചിരിക്കുന്നതു് എന്നു പറഞ്ഞ മെമ്പർ തന്നെ, ൨ ശതമാനമാക്കുന്നതിനു വേണ്ടിയും സ്ഥിതിവിവരക്കണക്ക് ഒന്നുമില്ലെന്നാണ് പറയുന്നതു്. ഏതായാലും വാർഡുവിഭജനത്തിനെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായം കൂടുതൽ അധിവസിക്കുന്ന സ്ഥലങ്ങളിൽ റിസർവേഷൻ നൽകുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്. മിക്ക പഞ്ചായത്തിലും ഈ നിലയിൽ സീററുകിട്ടുമെന്നു കണ്ടിട്ടാണ് ഈ വ്യവസ്ഥ അംഗീകരിച്ചതു്.

ശ്രീ. സി. സി. അയ്യപ്പൻ: വാർഡുവിഭജനം പൂർത്തിയായോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുറെയെല്ലാം പൂർത്തിയായിട്ടുണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: ൫ ശതമാനമെന്നുള്ളതു ൨ ശതമാനമാക്കി കുറയ്ക്കുന്നതുകൊണ്ടു് വല്ല ദൂഷ്യവും നേരിടുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ദൂഷ്യത്തെപ്പററിയല്ല ഞാൻ പറഞ്ഞതു്. ൨ ശതമാനമാക്കി കുറയ്ക്കേണ്ട ആവശ്യം ഉണ്ടെന്നു് ഗവണ്മെൻറിനു തോന്നുന്നില്ല.

ஸ்ரீ. எ. சாம்ராஜ்: மத்திய சர்க்கார் ஐந்து சதமானம் என்று நிர்ணயத்திருக்கிறதா?

ശ്രീ. കെ. കൊച്ചുകുട്ടൻ: സെൻട്രൽഗവണ്മെൻറിൻെറ നിർദ്ദേശം അനുസരിച്ചല്ല.

ஸ்ரீ. எ. சாம்ராஜ்: இந்த ஐந்து சதமானம் என்பதை இரண்டு சதமானம் என்று குறைக்க முடியாதா?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൫ ശതമാനം എന്നു പറഞ്ഞിരിക്കുന്നതു കുറയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. ഗോപാലൻ നായർ: ൫ ശതമാനമെന്ന വ്യവസ്ഥയനുസരിച്ചു് മിക്ക സ്ഥലങ്ങളിലും പിന്നോക്കസമുദായങ്ങൾക്കു് പ്രാതിനിധ്യം കിട്ടാൻ സാധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കിട്ടുവാൻ സാധിക്കുമെന്നാണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്. ഇതിനു മുൻപു് കൊച്ചിയിൽ ഒരു ഡീലിമിറേറഷൻ കമ്മിററി ഉണ്ടായിരുന്നു. ആ ഡീലിമിറേറഷൻ അനുസരിച്ചു് ൧൦൪ പഞ്ചായത്തുകളിൽ ൧൦൦ പഞ്ചായത്തിലും ഉള്ള പിന്നോക്കസമുദായങ്ങൾക്കു് റിസർവേഷൻപ്രകാരം സീററുകിട്ടുമെന്നുകണ്ടു. ഇതുകൂടാതെ പൊതുവാർഡിൽ നിന്നു മത്സരിക്കുന്നതിനും പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

സർ, ഈ കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Shri A. Kunjan Nadar: Sir, I move:

> Substitute "fifteen years" in the place of 'nine years' in 7 (3) of clause 2.

സർ, ഇതിനും മുൻപറഞ്ഞ കാരണങ്ങൾ തന്നെയാണു് എനിക്കു പറയാനുള്ളതു്. ഷെഡ്യൂൾഡു് കാസ്റ്റ്സിനെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തെന്നല്ലാ, ഇൻഡ്യ മുഴുവൻ തന്നെ കഴിഞ്ഞ നാലുകൊല്ലമായി നീതി ചെയ്തിട്ടില്ലെന്നുള്ളതു് കാൺഗ്രസ്സുകാർക്കുകൂടി ബോദ്ധ്യമായിട്ടുള്ള ഒരു സംഗതിയാണു്. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ എഴുതിയുണ്ടാക്കിയ കാലത്തും ഷെഡ്യൂൾഡു് കാസ്റ്റ്സിൻെറ ഒരു അഭിപ്രായമായിട്ടല്ലാ ഈ പത്തുകൊല്ലം എന്നുള്ള റിസർവേഷൻ ലിമിററു് ഏർപ്പെടുത്തിയിട്ടുള്ളതു്.

Shri P. S. Nataraja Pillai: May I ask the hon. Member whether the President of the Schedule Castes Federation agrees to that proposition of 10 years ?

ശ്രീ എ. കുഞ്ഞൻ നാടാർ: ഷെഡ്യൂൾഡ് കാസ്റ്റ്സ് ഫെഡറേഷൻ ഇൻഡ്യയിലെ പട്ടികജാതിക്കാരെ പ്രതിനിധീകരിക്കുന്നില്ലായെന്നാണ് എന്റെ അഭിപ്രായം. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ എന്റെ അഭിപ്രായം ഇവിടെ ഉന്നയിച്ചത്. ഒരുപക്ഷേ കോൺസ്റ്റിറ്റ്യൂഷനിലെ ൩൩൪-ാം വകുപ്പിനെ അടിസ്ഥാനമാക്കി ആയിരിക്കണം ഈ ബില്ലിൽ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നത്. ൩൩൪-ാം വകുപ്പാണെങ്കിൽ അസംബ്ലിക്കും പാർലമെന്റിനും ഉള്ള റിസർവ്വേഷനെ മാത്രമെ ബാധിക്കയുള്ളു. പഞ്ചായത്ത് ആക്ടുപോലെയുള്ള തെരഞ്ഞെടുക്കപ്പെടുന്ന ബാഡികളിൽ റിസർവ്വേഷന് കൂടുതൽ കാലാവധി വയ്ക്കാൻ പാടില്ലെന്നുള്ള യാതൊരാശയവും അതിലില്ല. ഇവിടെ ഷെഡ്യൂൾഡ് കാസ്റ്റ്സിനെ സംബന്ധിച്ചിടത്തോളം അഞ്ചും പത്തും കൊല്ലമെന്നുള്ള കാലാവധി അനുവദിക്കുന്നതുകൊണ്ട് അവർ ഉയർത്തപ്പെടുന്നില്ലെന്നാണ് എന്റെ അഭിപ്രായം. കാലാവധി നിശ്ചയിക്കുന്നത് ഒരു സൗജന്യമെന്നുള്ള മനോഭാവത്തിലായിരിക്കരുത്. നേരേമറിച്ച് ഒരാവശ്യമെന്നുള്ള നിലയിലായിരിക്കണം കാലാവധി നിശ്ചയിക്കുവാൻ. കഴിഞ്ഞ നാലുകൊല്ലത്തെ കോൺഗ്രസ്സ് ഭരണം നോക്കിയാൽ ഷെഡ്യൂൾഡ് കാസ്റ്റ്സുകളുടെ നില ഏതെങ്കിലും ഒരു സംഗതിയിൽ തൃപ്തികരമായി പറയത്തക്കവണ്ണം പുരോഗമിച്ചിട്ടുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല. അതുപോലെ തന്നെ ഒൻപതുകൊല്ലം കഴിഞ്ഞാലും അവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ നില ആശാസ്യമായ രീതിയിൽ അഭിവൃദ്ധിപ്പെടുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല.

ശ്രീ ആർ. കേശവപിള്ള: പതിനഞ്ചുകൊല്ലം കഴിഞ്ഞാലോ ?

ശ്രീ. എ. കുഞ്ഞൻ നാടാർ: കുറെയെല്ലാം അഭിവൃദ്ധിപ്പെടും. ഷെഡ്യൂൾഡ് കാസ്റ്റ്സിനെ നന്നാക്കേണ്ടത് അവർ തന്നെയാണ്. ഞങ്ങൾക്ക് സമത്വവും സ്വാതന്ത്ര്യവും വേണമെന്നും അതു തന്നില്ലെങ്കിൽ ഞങ്ങൾക്കു ചിലതെല്ലാം ചെയ്യുവാൻ അറിയാമെന്നും പതിനഞ്ചു കൊല്ലത്തിനകം അവർ അറിയിക്കുന്നതാണ്. അപ്പോൾ അവരുടെ നില താനെ അഭിവൃദ്ധിപ്പെട്ടുകൊള്ളും.

ശ്രീ. ഒ. സി. നൈനാൻ: പതിനഞ്ചുകൊല്ലം എന്നു പറഞ്ഞതിനു വല്ല പ്രത്യേക കാരണവും ഉണ്ടോ ?

ശ്രീ. എ. കുഞ്ഞൻ നാടാർ: അവർ നന്നാകണമെന്നല്ലാതെ മറ്റൊന്നുമില്ല.

അതുകൊണ്ട് ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് ഒൻപതു കൊല്ലമെന്നു കാലാവധി വച്ചിരിക്കുന്നതിൽ യാതൊരു ന്യായവും ഞാൻ കാണുന്നില്ല. ആകയാൽ ഈ കാലാവധി പതിനഞ്ചുകൊല്ലമായി ഉയർത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ ഭേദഗതിയെയും എതിർക്കുന്നു. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിലെ ൩൩൪-ാം വകുപ്പനുസ

[ശ്രീ. കെ. കൊച്ചുകുട്ടൻ]

രിച്ച് പത്തുകൊല്ലക്കാലത്തേക്കാണ് പിന്നോക്കസമുദായക്കാർക്ക് ഈ പരിഗണന അനുവദിച്ചിട്ടുള്ളത്. പത്തുകൊല്ലത്തിനു ശേഷം എന്ത് ഉണ്ടാകാൻ പോകുന്നുവെന്ന വസ്തുതയെ സംബന്ധിച്ച് ഇപ്പോൾ നാം ഒരു വിധിയുണ്ടാക്കേണ്ട ആവശ്യമില്ല. പത്തുകൊല്ലത്തിനു ശേഷം പട്ടികജാതിക്കാരുടെ നില ഉയർന്നിട്ടില്ലെന്നു കാണുന്നപക്ഷം അതിനെപ്പറ്റി പാർലമെന്റിനും ഈ സഭയ്ക്കും പര്യാലോചിച്ച് വേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കാവുന്നതാണ്. പത്തുകൊല്ലം അനുവദിച്ചിട്ടുള്ളതിൽ രണ്ടുകൊല്ലം ഇപ്പോൾ കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള കാലത്തേക്ക് ആവശ്യമായ പരിരക്ഷാവ്യവസ്ഥ മാത്രമേ നമുക്ക് ഈ ബില്ലിൽ ചേർക്കേണ്ടതായിട്ടുള്ളു. ഒൻപതുകൊല്ലം ഇപ്പോൾ ഈ ബില്ലിൽ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തു തെരഞ്ഞെടുപ്പ് മൂന്നു കൊല്ലം കൂടുമ്പോൾ ഉള്ളതാണ്. അങ്ങനെ നോക്കുമ്പോൾ ഏകദേശം രണ്ടു തെരഞ്ഞെടുപ്പിനു ശേഷം മൂന്നാമത്തെ തെരഞ്ഞെടുപ്പിനുശേഷമുണ്ടാകുന്ന പഞ്ചായത്തിന്റെ ഇടയ്ക്കു വച്ച് ഈ ഹരിജനമെമ്പർമാരുടെ കാലാവധികഴിയാനിടയുണ്ട്. അവർ അപ്പോൾ പുറത്തുപോകണം. അതുണ്ടാകാതിരിക്കാൻ ഒൻപതു കൊല്ലം ഈ വ്യവസ്ഥ ഇതിൽ അനുവദിച്ചിട്ടുള്ളതാണ്. അതുകൊണ്ട് പതിനഞ്ചുകൊല്ലമെന്നു പറയുന്നത് ഇപ്പോൾ ആവശ്യമില്ല, അതു സ്വീകാര്യവുമല്ല. ആ നിലയ്ക്ക് ഞാൻ അതിനെ എതിർക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : പട്ടികജാതിക്കാരും പിന്നോക്കസമുദായക്കാരും തമ്മിൽ തുല്യരാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പട്ടികജാതിക്കാരും പിന്നോക്കസമുദായക്കാരും തമ്മിൽ കുറെ വ്യത്യാസമുണ്ട്. പട്ടികജാതിക്കാരിൽ ഷെഡ്യൂൾഡ് കാസ്റ്റ്സും ഷെഡ്യൂൾഡ് ട്രൈബ്സും ഉൾപ്പെടും. പിന്നോക്കസമുദായക്കാരെന്നു പറഞ്ഞാൽ മററു പിന്നോക്ക സമുദായക്കാർ എന്നർത്ഥം.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: പട്ടികജാതിക്കാർ എന്ന കൂട്ടത്തിൽ മററു പിന്നോക്കസമുദായക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ബില്ലിന്റെ ആലോചനയിൽ ആ കാര്യം ഉദിക്കുന്നില്ല.

ശ്രീ. നെടുമങ്ങാട്ടു ആർ. കേശവൻ നായർ : പിന്നോക്കസമുദായക്കാരെന്നു പറയുമ്പോൾ ആരു് ആരെ ഗ്രഹിക്കും ?

ശ്രീ. കൊച്ചുകുട്ടൻ : രണ്ടും പരസ്പരവൈരുദ്ധ്യമുള്ള രണ്ടു വിഭാഗമാണ്.

The amendment was put and lost.

Shri M. N. Govindan Nair: Sir, I move:

In clause 2, the following Explanation shall be added to sub-section (5) of the proposed section 7, namely:—

"*Explanation*: A person who (or whose father) by birth belonged to any caste or tribe notified under this section as a scheduled caste or scheduled tribe shall be deemed to be a member of the scheduled castes or scheduled

tribes as the case may be even though he has either before or after the commencement of this Act been converted into any other religion."

Shri R. Kesava Pillai: Sir, on a point of order. Sir, is it in order to accept this amendment by this House for discussion in view of what is contained in Articles 341 and 342 of the Constitution? According to these Articles only the President can decide after consultation of a Governor or Rajpramukh of a State who are the various sections of scheduled castes or tribes, and only the Parliament can vary the decision of the President. This explanation contained in the amendment is not in order and this Assembly has no power to legislate on this matter.

Mr. Speaker: The amendment proposed is to define what is meant by scheduled castes. It is not going to interfere with what has already been decided by the President. So, I rule that the amendment is in order.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, തിരുവിതാംകൂർ-കൊച്ചിയിലെ ഏകദേശം അഞ്ചുലക്ഷത്തിനും ആറുലക്ഷത്തിനും ഇടയ്ക്കുള്ള ഒരു ജനവിഭാഗത്തെ സ്പർശിക്കുന്ന ഒരു പ്രശ്നമാണ് ഇത്. പട്ടികജാതിയിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ മതപരിവർത്തനം ചെയ്തതുകൊണ്ട് അവരിൽ സാമൂഹ്യവും സാമ്പത്തികവുമായി കാര്യമായ യാതൊരു മാററവും വരുന്നില്ലെന്നുള്ളത് നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടവർക്ക് ഇങ്ങനെയുള്ള ജനപ്രതിനിധിസഭകളിൽ അംഗങ്ങളായിരിക്കണമെങ്കിൽ നിശ്ചയമായും അവർക്കാവശ്യമുള്ള പരിരക്ഷയും സംവരണവും വേണമെന്നുള്ളത് നിസ്തർക്കമാണ്. അതുകൊണ്ടാണ് പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് റിസർവേഷൻ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള പട്ടികജാതിക്കാരിൽനിന്ന് ആരെങ്കിലും മതപരിവർത്തനം ചെയ്താൽ അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ അവശത പരിഹരിക്കപ്പെട്ടുവെന്ന രീതിയിൽ അവരോടു പെരുമാറുന്നത് അനീതിയാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഇന്ന് ഇൻഡ്യയുടെ മററു യാതൊരു ഭാഗങ്ങളിലും ഇത്ര പ്രധാനമായ ഒരു പ്രശ്നം ഇല്ല. ഇവിടെയുള്ളതുപോലെ ഇത്ര വലിയ ഒരു ജനവിഭാഗം മതപരിവർത്തനം ചെയ്യുവാൻ മററു രാജ്യങ്ങളിൽ ഇഷ്ടപ്പെടുന്നില്ല. പട്ടികജാതിക്കാർക്ക് അവരുടെ സ്വന്തനിലയിൽതന്നെ പല അവശതകളും ഉണ്ട്. അതിലും പ്രത്യേകിച്ച് മതപരിവർത്തനം ചെയ്തു എന്നുള്ളതുകൊണ്ട് അവർക്കു കൂടുതലായ ചില അവശതകൾ ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം നോക്കുന്നപക്ഷം അവരുടെ അവശതകൾ വർദ്ധിക്കുകയല്ലാതെ അവയ്ക്കു യാതൊരു കുറവും ഉണ്ടായിട്ടില്ലെന്ന് സ്പഷ്ടമാണ്. ആ നിലയ്ക്ക് അവർക്ക് ഒരു പ്രത്യേക പരിഗണന കൊടുക്കാതിരുന്നാൽ ഇതുപോലെയുള്ള സഭകളിൽ അവർക്ക് അശേഷം പ്രാതിനിധ്യം ലഭിക്കാതെ വരും. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ചില സാങ്കേതികമായ തടസ്സങ്ങൾ ഇതിനു ബാധകമാകാൻ പാടുള്ളതല്ല. കാരണം ഈ ആക്ടിനെ സംബന്ധിച്ചു മാത്രമേ ഇപ്രകാരം ഒരു പരിഗണന ഇവിടെ ആവശ്യപ്പെടുന്നുള്ളുവെന്നതാണ്. അതുകൊണ്ട് ആ വാദവും ഈ ഭേദഗതിയെ എതിർക്കുന്നതിനുവേണ്ടി കൊണ്ടുവരുന്നത് ശരി

[ശ്രീ. എം. എൻ. ഗോവിന്ദൻനായർ]

യല്ല. മതപരിവർത്തനം ചെയ്തതുകൊണ്ട് ഇന്ന് യഥാർത്ഥത്തിൽ അവർക്കു സാമ്പത്തികവും സാമൂഹ്യവുമായ എന്തെങ്കിലും മാററം വന്നിട്ടുണ്ടോ എന്നുള്ളതാണ് പ്രധാനമായി ചിന്തിക്കേണ്ട വിഷയം. അയിത്തവും അതുപോലുള്ള മററ അനാചാരങ്ങളും കാൺസ്റ്റിട്യൂഷൻ മൂലം നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഈ മാതിരി സംഗതികളിൽ അതായതു്, അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങളിൽ യാതൊരു പുരോഗതിയും ഇന്നും ഉണ്ടായിട്ടില്ല. ഇക്കാരണംകൊണ്ട് ഈ ഭേദഗതി സഭ അംഗീകരിക്കണമെന്നാണ് എന്റെ അപേക്ഷ.

Shri P. S. Nataraja Pillai: May I know the source from which the hon, Member got the figure 5 lakhs?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ൧൯൩൧-ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് തിരുവിതാംകൂറിലെ ജനസംഖ്യ ൫൧ ലക്ഷമായിരുന്നു. അന്ന് ഇവിടത്തെ മതപരിവർത്തനം ചെയ്യപ്പെട്ടവരുടെ സംഖ്യ രണ്ടരലക്ഷത്തിനും മൂന്നരലക്ഷത്തിനും ഇടയ്ക്കായിരുന്നു. ഇന്ന് ഈ സംസ്ഥാനത്തെ ജനസംഖ്യ ൯൨ ലക്ഷമാണ്. ആ കണക്കു വച്ചുനോക്കുമ്പോൾ ഇപ്പോൾ ഉദ്ദേശം അഞ്ചുലക്ഷത്തോളം മതപരിവർത്തനം ചെയ്യപ്പെട്ടവർ ഇവിടെയുണ്ടെന്ന് കണക്കാക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതിന്റെ പ്രാധാന്യത്തെ അനുസ്മരിച്ചുകൊണ്ട് എനിക്കു രണ്ടു കാര്യങ്ങളാണ് പ്രസ്താവിക്കാനുള്ളതു്. ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ വികസിച്ച വിവിധ വാദമുഖങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. പ്രസ്തുത വസ്തുതകളെ ഉൾക്കണ്ണുകൾപ്പുടെ മുക്കണ്ണുകൾ കൊണ്ടു തന്നെയാണ് എനിക്കു വീക്ഷിക്കുവാൻ സാധിച്ചിട്ടുള്ളതു്. അദ്ദേഹം ഇവിടെ പ്രസ്താവിച്ച സംഗതികൾക്കു പക്ഷെ മറുവശം ഉണ്ടായിരിക്കാം. എന്നാൽ ഇതിന് ഞാൻ സംഗതമാവുകയില്ല. ഇൻഡ്യൻ ഭരണഘടനയ്ക്കു് വിപരീതമായ ഒരഭിപ്രായം, അദ്ദേഹത്തിന്റെ വിസ്തൃത വാദഗതികൊണ്ട് ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളതാണ്. റിസർവേഷൻ ഉള്ള പട്ടികജാതിവിഭാഗത്തിൽ മതപരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികളെ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള വിവരം എനിക്കു അദ്ദേഹത്തെ ഓർമ്മപ്പെടുത്തുവാനുണ്ട്.

ശ്രീ. പി. ചാക്കോ: ഭരണഘടനയുടെ ഏതു ഭാഗത്താണ് അപ്രകാരം പ്രസ്താവിച്ചിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നോക്കിയാൽ കാണാം.

ശ്രീ. പി. ചാക്കോ: ഇൻഡ്യൻ ഭരണഘടനയിൽ പട്ടികജാതിക്കാരെ ഒന്നായിട്ടല്ലേ കണക്കാക്കിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അതെ. ശ്രീ. എം. എൻ. ഗോവിന്ദൻ നായർ ഒരു ഹിന്ദു നായരാണല്ലോ. ക്രൈസ്തവമതത്തിൽപ്പെട്ടവരും ഹൈന്ദവമതത്തിൽപെട്ടവരും മതകാര്യങ്ങളിൽ എന്തെല്ലാം വിഭിന്നവ്യവസ്ഥകൾക്ക് വിധേയരായിട്ടാണ് കഴിഞ്ഞതും, കഴിയുന്നതും, എന്നോർക്കേണ്ടതാണെന്ന് ഞാൻ ഈയവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ചാക്കോ: ഒരു ഹിന്ദുവായ ശ്രീ. ഗോവിന്ദൻനായർ ഈ ഭേദഗതി അവതരിപ്പിച്ചതുകൊണ്ടാണോ മെമ്പർ അതിനെ എതിർക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അല്ല. അവരവരുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കുമുള്ളതാണല്ലോ. ശ്രീ. ചാക്കോ അവർകൾക്ക് പറയുവാനുള്ള അഭിപ്രായങ്ങൾ അദ്ദേഹത്തിന് എന്റെ പ്രസംഗത്തിനുശേഷം ആകാമല്ലോ.

ഞാൻ ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ ഭേദഗതിയെ എതിർക്കുന്നതു്. ഹിന്ദുമതസ്ഥരായ പിന്നോക്കസമുദായക്കാരെ പട്ടികജാതി വ്യവസ്ഥയിൽ ഉൾപ്പെടുത്തുവാനുണ്ടായ കാരണം എന്താണെന്നും ക്രിസ്തുമതത്തിൽ ചേർന്നവരെ അതിൽ ഉൾപ്പെടുത്താതിരിക്കുവാനുണ്ടായ കാരണം എന്താണെന്നും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും നല്ലതുപോലെ അറിവുള്ളതാണ്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരെ ക്രൈസ്തവരുടെ സെൻസസ്സിലാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് അറിഞ്ഞുകൂടാത്തവരായി ഈ സഭയിൽ ആരും കാണുമെന്ന് ഞാൻ കരുതുന്നില്ല. അസ്പൃശ്യതയും തീണ്ടൽ തൊടീൽ മുതലായ നരകിച്ച എല്ലാ വിധ അസമത്വങ്ങളും മാററി മനുഷ്യർക്കെല്ലാം തുല്യസമത്വം നൽകി അഭികാമ്യമായ ഡെമോക്രസിയുടെ പിമ്പിൽ ഏവരും മനുഷ്യരായി മുമ്പോട്ടുപോകുന്ന ഒരവസരമാണിതെന്ന് നാം ഓർക്കേണ്ടതാണ്. ഭരണഘടനയിൽ, അധഃകൃതരെന്ന പേരിൽ അറിയപ്പെട്ടുപോരുന്ന ജനസമുദായാംഗങ്ങൾക്ക് കുറഞ്ഞതു 10 കൊല്ലക്കാലത്തേക്ക് പ്രത്യേക വ്യവസ്ഥകൾ നിശ്ചയിച്ച് റിസർവേഷൻ മുതലായ സൗജന്യങ്ങൾ നൽകിയിട്ടുള്ളതിന്റെ കാരണമിതാണ്.

ശ്രീ. പി. ചാക്കോ: ക്രിസ്ത്യൻ വ്യക്തികൾ മതപരിവർത്തനം ചെയ്താൽ അവർക്ക് നിയമസഭയിൽ സ്ഥാനാർത്ഥികളായി നിൽക്കാമെന്നറിയാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: നിൽക്കാമോ എന്ന് അറിഞ്ഞുകൂടാ. നിൽക്കുന്നു എന്നറിയാം.

ശ്രീ. പി. ചാക്കോ: കെ. സി. തോമസ് കെ. സി. രാജാ ആയിട്ടും ററി. ജെ. ശാമുവേൽ കുഞ്ഞുകുഞ്ഞായിട്ടും പേരു മാററി നിയമസഭാസ്ഥാനാർത്ഥികളായി നിന്നിട്ടുള്ള വിവരം മെമ്പർക്കറിയാമോ?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അറിയാം. That is a Kumbakonam. ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി നിരന്തരം നേരിട്ടതുപോലെ ഹൈന്ദവാചാരമാമൂൽവിധ്വംസനത്തിനും മഹാത്മാഗാന്ധി പ്രവർത്തിച്ചിട്ടുള്ള എത്രയോ സംഭവപരമ്പരകളാണ് നമ്മുടെ മുമ്പിലുള്ളതു്. എത്രയോ വർഷമായി സാംസ്കാരികപ്രവർത്തനപരിപാടികൾ ഉന്നയിക്കപ്പെട്ടിട്ടും ഹിന്ദുക്കൾ ഇന്നും പല കക്ഷികളായി ജീവിക്കുന്നു എന്നുള്ള വസ്തുത ഈ സഭയെ അനുസ്മരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. അനേകവർഷങ്ങളായി ഹൈന്ദവജനസമുദായവിഭാഗങ്ങൾ വിഭിന്നതാല്പര്യങ്ങളിൽ കഴിയുമ്പോൾ ഒരു ആദർശത്തിന്റെ പേരിൽ, ഒരു സംസ്കാര

[ശ്രീ. ടി. ടി. കേശവൻശാസ്ത്രി]

...ത്തിന്റെ പേരിൽ, പുരോഗമനതല്പരരായി കഴിഞ്ഞിട്ടുള്ള ഈ രാജ്യത്തെ അധഃകൃതർ എന്നു അറിയപ്പെടുന്നവർക്കു് നിയമപ്രകാരം അനുവദിച്ചിട്ടുള്ള റിസർവേഷൻ വ്യവസ്ഥകൾ മതപരിവർത്തനം ചെയ്യപ്പെട്ടവർക്കും നൽകണമെന്നുള്ളതാണു് ഈ ഭേദഗതികൊണ്ടു ശ്രീ. എം. എൻ. ഗോവിന്ദൻ നായർ വാദിക്കുന്നതു്. അദ്ദേഹത്തിന്റെ ഈ വിഹംഗവീക്ഷണം അവശതയനുഭവിക്കുന്നവരോടുള്ള താല്പര്യമാണെങ്കിൽ ആ അഭിപ്രായഗതിയെ ഞാൻ ആദരിക്കാം. ഭേദഗതിയെ അനുകൂലിക്കാൻ എനിക്കു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അവശപട്ടികജാതി ജനതതിയുടെ ഉന്നമനത്തിനുവേണ്ടി ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള റിസർവേഷൻവ്യവസ്ഥകൾക്കു് യാതൊരു കാരണവശാലും ഒരു നിശ്ചിത കാലത്തേക്കെങ്കിലും ഹാനി വരാതിരിക്കാനുള്ള നടപടികളാണു് ഈ സഭ ഇന്നു് സദയം എടുക്കേണ്ടിയിരിക്കുന്നതു്. അതുകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. പി. ചാക്കോ: സർ, ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഇൻഡ്യൻഭരണഘടനയിലെ ൩൪൦-ം, ൩൪൧-ം വകുപ്പനുസരിച്ചാണു് ഈ നാട്ടിൽ പിന്നോക്കസമുദായക്കാരെയും, ഷെഡ്യൂൾകാസ്റ്റിനെയും തിരിച്ചിരിക്കുന്നതു്. ആ ഭരണഘടനയുടെ മുൻപറയപ്പെട്ട വകുപ്പുകളിൽ ഒരു ഷെഡ്യൂൾകാസ്റ്റിൽപ്പെട്ട ആൾ മതപരിവർത്തനംചെയ്താൽ അയാൾക്കു് ഷെഡ്യൂൾകാസ്റ്റിനു് ലഭിക്കുന്ന യാതൊരാനുകൂല്യങ്ങളും ലഭിക്കുന്നതല്ലെന്നു് പ്രത്യേകമായി പറഞ്ഞിട്ടില്ല. ആ നിലയിൽ അങ്ങനെ ഒരാൾക്കു് ആനുകൂല്യം ലഭിക്കുകയില്ലെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ സംസ്ഥാനത്തെ പിന്നോക്കസമുദായങ്ങളുടെ നില നോക്കുകയാണെങ്കിൽ അവർ പട്ടികജാതിക്കാരായാലും ഹരിജനങ്ങൾ എന്നറിയപ്പെടുന്നവരായാലും അവർ ഏതു മതത്തിൽപ്പെട്ട ആളുകളായാലും പൂർവ്വികമായ ജോലികൾതന്നെയാണു് ചെയ്തുവരുന്നതെന്നു് ഈ നാട്ടിലെ ൯൫ ലക്ഷം ജനങ്ങളുടെയും പ്രതിനിധികളായി ഇവിടെ ആഗതരായിരിക്കുന്ന എല്ലാവർക്കും അറിയാവുന്നതാണു്. അങ്ങനെയിരിക്കെ ഒരാൾ മതപരിവർത്തനംമൂലം സാമ്പത്തികമായും, സാമൂഹ്യമായും വ്യത്യാസപ്പെടുമെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇങ്ങനെയുള്ള പരിതഃസ്ഥിതികളെ മനസ്സിലാക്കിക്കൊണ്ടാണു് പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക പരിഗണനകൾ അനുവദിച്ചിട്ടുള്ളതു്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ നാട്ടിലെ ൫ ലക്ഷത്തോളംവരുന്ന അവശക്രിസ്ത്യാനികളുടെ പ്രതിനിധിയെന്നനിലയിൽ എനിക്കുമാത്രമേ ഈ നിയമസഭയിൽ വരാൻ സൗകര്യമുണ്ടായുള്ളു. ഈ കഴിഞ്ഞ സെൻസസ്സിൽ ഞങ്ങളെ വേർതിരിക്കണമെന്നു കാണിച്ചു് ഗവണ്മെന്റിലേക്കു കൊടുത്തിരുന്ന ഒരു മെമ്മോറാണ്ടത്തിനു് മറുപടിയായി നിങ്ങളെ അങ്ങനെ വേർതിരിച്ചെടുക്കേണ്ട ആവശ്യമില്ലെന്നു കാണിച്ചു് ഗവണ്മെന്റ് സെക്രട്ടേറിയേററിൽ നിന്നും ൧൨-൨-൧൯൫൧-ൽ ഒരു ലെററർ കിട്ടിയിട്ടുണ്ടു്. പട്ടികജാതിക്കാരെയും, പിന്നോക്കസമുദായങ്ങളെയും, അവർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളെയും സംബന്ധിച്ചിടത്തോളം ഭരണഘടനയിൽ പ്രത്യേകം വിശദീകരിച്ചിട്ടുള്ളതിനാൽ ഈ പ്രാവശ്യം സെൻസസ്സ് പ്രത്യേകം എടുക്കുന്നില്ലെന്നും അതിൽ പറഞ്ഞിട്ടുണ്ടു്. ഈ സംഗതിക്കായി ഒരു സെൻസസ്സ് എടുക്കണമെങ്കിൽ ഗവണ്മെന്റിനു് ഇനിയും സാധിക്കുമെന്നാണു് എനിക്കു പറയാ

ന്നുള്ളതു്. അതിനുവേണ്ടിയുള്ള ചെലവു് ഈ സഭയിലുള്ള മെമ്പറന്മാർ ഒരു ഉപധനാഭ്യർത്ഥനയായി അനുവദിച്ചുതരുമെന്നുള്ളതിൽ എനിക്കു് സംശയമില്ല. ഈ നാട്ടിലെ കർഷകതൊഴിലാളികളായിട്ടുള്ള അവശസമുദായക്കാരെ ഹൈന്ദവനെന്നും, ക്രൈസ്തവനെന്നും വേർതിരിച്ചു പെരുമാറുന്നതു് ഒരിക്കലും നീതിയല്ല. പട്ടികജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടി ഒരു അഡൈ്വസറി കമ്മിറ്റി ഇവിടെ സൃഷ്ടിക്കുകയുണ്ടായിട്ടുണ്ടു്. രണ്ടുകൊല്ലത്തിനുമുമ്പു് ആ കമ്മിറ്റി അവശസമുദായങ്ങളുടെ പട്ടികയുണ്ടാക്കുന്ന പ്രത്യേക മീറ്റിംഗിൽ അവരെ പ്രതിനിധീകരിച്ചു് ആ കമ്മിറ്റിയിലുണ്ടായിരുന്ന ഏക അംഗത്തിന്റെ അംഗത്വം നിഷേധിച്ചും ആ ആളിന്റെ അസാന്നിദ്ധ്യത്തിലും ഉണ്ടാക്കിയ ഒരു ലിസ്റ്റാണു് കേന്ദ്രഗവണ്മെന്റിനു് അയച്ചുകൊടുത്തിട്ടുള്ളതെന്നു പറയുന്നതു് തികച്ചും വാസ്തവമാണു്. ആ മെംബറെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടു് ആ ലിസ്റ്റു് ഉണ്ടാക്കാത്തതു് എന്തുകൊണ്ടെന്നാണു ഞാൻ ചോദിക്കുന്നതു്. ഈ നാട്ടിലെ പിന്നോക്കസമുദായക്കാരെ മൂന്നു ഭാഗമായിട്ടാണു് തിരിച്ചിരിക്കുന്നതു്, ഒന്നു പട്ടികജാതിക്കാർ, മറ്റൊന്നു് പട്ടികവർഗ്ഗക്കാർ, മൂന്നാമത്തേതു് പിന്നോക്കസമുദായങ്ങൾ. കമ്മിറ്റിയിൽനിന്നും യാതൊരു കാരണവും കൂടാതെ ബഹിഷ്കരിച്ച മെംബറെക്കൂടി ഉൾപ്പെടുത്തി ഒരു ലിസ്റ്റുണ്ടാക്കാൻ സാധിക്കാത്ത പരിതഃസ്ഥിതി എന്താണെന്നാണു് ഞാൻ വീണ്ടും ചോദിക്കുന്നതു്. അങ്ങനെയുണ്ടാക്കിയ ഒരു ലിസ്റ്റനുസരിച്ചാണു് പട്ടികജാതിക്കാർക്കു് റിസർവ്വേഷൻ കൊടുത്തിരിക്കുന്നതു്. ഈ നാട്ടിലെ സ്ഥിതികളെപ്പറ്റി അറിയാവുന്ന ഏതൊരു വ്യക്തിക്കും അദ്ദേഹം ബ്രാഹ്മണസമുദായത്തിൽപ്പെട്ടതായാലും നായർസമുദായത്തിൽപ്പെട്ടതായാലും നീതി പറയുന്നതിനു് അവകാശമുണ്ടു്. ശ്രീ. എം. എൻ. ഗോവിന്ദൻനായർ ഭേദഗതി കൊണ്ടുവന്നപ്പോൾ അദ്ദേഹത്തിനു് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരേണ്ട ആവശ്യമില്ലെന്നു ശ്രീ. കേശവൻശാസ്ത്രി പറയുകയുണ്ടായി.

ശ്രീ. ടി ടി. കേശവൻശാസ്ത്രി: ഭേദഗതി കൊണ്ടുവരേണ്ട ആവശ്യമില്ലെന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. പി. ചാക്കോ: ഇപ്പോൾ പിന്നോക്കസമുദായത്തിൽപ്പെട്ട ഒരു ക്രിസ്ത്യാനിക്കു് റിസർവ്വേഷൻ കിട്ടണമെങ്കിൽ മതപരിവർത്തനം ചെയ്യണമെന്നാണു വന്നിരിക്കുന്നതു്. അങ്ങനെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പലരും മതപരിവർത്തനംചെയ്തു് റിസർവ്വേഷൻസീറ്റിൽ മത്സരിച്ചിട്ടുള്ളതായി എല്ലാവർക്കും അറിയാം. പി. സി. മേരി, രാജമ്മ എന്നു പേരു മാറ്റിയും, കെ. സി. താമസ് കെ. സി രാജയായും തെരഞ്ഞെടുപ്പിൽ മത്സരിച്ചു. റ്റി. ജെ. ശാമുവേൽ, കുഞ്ഞുകുഞ്ഞു് എന്നപേരിൽ കാൺഗ്രസ്സ് ടിക്കറ്റിൽ പാർലമെന്റിലേക്കു് മത്സരിച്ചതായും നമുക്കറിയാം. വിവേകാനന്ദൻ എന്ന ക്രിസ്ത്യൻ നിയമസഭയിൽ പോകുന്നതിനു് ഹിന്ദുവായിത്തീർന്നു. അങ്ങനെ ക്രിസ്ത്യാനിയായിട്ടുള്ള പലരും റിസർവ്വേഷനുവേണ്ടി മതപരിവർത്തനം ചെയ്തിട്ടുണ്ടു്. ഇങ്ങനെ മതപരിവർത്തനം ചെയ്താൽ റിസർവ്വേഷനു് അനുകൂലമായി സാമൂഹ്യമായ പരിവർത്തനം വരുമെന്നുള്ളതു് തെറ്റായിട്ടുള്ള ഒരു സംഗതിയാണു്. ഏതു മതത്തിൽപ്പെട്ട ആളായാലും റിസർവ്വേഷനു് അനുകൂലമായിട്ടുള്ള..... ....

ശ്രീ. കൊച്ചുകുഞ്ഞു്: സർ, ഒരു പായിന്റു് ഓഫ് ഓർഡർ. ഈ അനാവശ്യം പറയുന്നതിനു് ഒരു അതിരുവേണം.

Mr. Speaker: I am very vigilent. He is not making any statement which is unparliamentary.

<u>ശ്രീ. പി. ചാക്കോ:</u> ഞാൻ പറയുന്നതു് മനസ്സിലാക്കാൻ കഴിയാതെ..................

<u>ശ്രീ. കൊച്ചുകുഞ്ഞു്:</u> പരിപൂർണ്ണമായി മനസ്സിലാക്കിയാണു ഞാൻ പറയുന്നതു്.

<u>ശ്രീ. പി. ചാക്കോ:</u> ഞാൻ പറയുന്നതു് മനസ്സിലാക്കാൻ കഴിവില്ലാത്ത മെമ്പറന്മാർ എന്തെങ്കിലും പറഞ്ഞാൽ അതിനു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭരണഘടനയുടെ വെളിച്ചത്തിലുന്നയിച്ചിട്ടുള്ള ഈ ഭേദഗതി ഈ സഭ അംഗീകരിച്ചു് അവശസമുദായങ്ങളെ ഉദ്ധരിക്കുന്നതിനുള്ള യഥാർത്ഥ താല്പര്യം വെളിവാക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

<u>ശ്രീ. പി. കെ. രാമചന്ദ്രദാസ്:</u> ഞാൻ ശ്രീമാൻ എം. എൻ. ഗോവിന്ദൻനായർ കൊണ്ടുവന്ന അമൻഡ്മെൻറിനെ അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധിയെ സ്വാഗതംചെയ്യുന്നതോടൊപ്പം ൨൩ ലക്ഷം പട്ടികജാതിക്കാരുടെ താല്പര്യങ്ങളെ നിലനിറുത്തി സർവ്വശക്തിയും ഉപയോഗിച്ചു് എതിർക്കുകയാണു ചെയ്യുന്നതു്.

സർ, ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു് ഇവിടത്തെ പട്ടിക ജാതിക്കാർക്കു് ചില സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടു്. ആ നിയമം അനുസരിച്ചു് കേന്ദ്രഗവണ്മെൻറും സ്റ്റേററ്ഗവണ്മെൻറുകളും ആ സൗജന്യങ്ങൾ നൽകിക്കൊണ്ടിരുന്നു. എൻെറ മാന്യസ്നേഹിതൻ ശ്രീ. പി. ചാക്കോ ഇവിടെ ഉന്നയിച്ച വാദമുഖങ്ങൾക്കു് അടിസ്ഥാനമുണ്ടോ എന്നു് അദ്ദേഹത്തോടുള്ള ബഹുമാനത്തിനു് യാതൊരു ലോപവും വരുത്താതെ ഞാൻ ചോദിച്ചുകൊള്ളുന്നു. തിരുവിതാംകൂർ-കൊച്ചിയിലെ ഏതെങ്കിലും സെൻസസ്റിപ്പോർട്ടിൽ ബഹുമാനപ്പെട്ട മെംബർ വിവക്ഷിക്കുന്ന പട്ടികജാതി ക്രിസ്ത്യാനികൾ ഉണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. അങ്ങനെ സെൻസസ്സ് റിപ്പോർട്ടുകളിൽ വെറും സീറോ ആയി അവശേഷിച്ചിരിക്കുന്ന ഒരുവിഭാഗം ജനങ്ങൾക്കുവേണ്ടി അവകാശവാദം നടത്തുന്നതു് പിച്ചക്കാരൻെറ വായിൽ കയ്യിടുന്നതുപോലെയാണു്. ഏതു ഗവണ്മെൻറും നിലവിലിരിക്കുന്ന സെൻസസ്സ് റിപ്പോർട്ടുകളെ മാനദണ്ഡമാക്കിയാണു് ഈവക കാര്യങ്ങൾ അനുവദിക്കുന്നതു്. ഞങ്ങൾ ഇവിടെ ഇലക്ട്രിക്പങ്കായുടെ അടിയിലിരിക്കുന്നുണ്ടെങ്കിലും വളരെയധികം പേർ വെളിയിൽ നിരവധി പരാധീനതകൾ അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു് അതിനെപ്പററി ചിന്തിക്കേണ്ട ചുമതലയും കടമയും ഞങ്ങൾക്കുണ്ടു്. ഈയവസരത്തിൽ എനിക്കു് ഒരു പഴമൊഴിയാണു് ഓർമ്മവരുന്നതു്. കക്ഷത്തിരിക്കുന്നതു് വിടുകയും ചെയ്യരുതു്; ഉത്തരത്തിരിക്കുന്നതു് എടുക്കുകയുംവേണം. പരിശുദ്ധ ക്രിസ്തുദേവനെ വിശ്വസിച്ചു് പോകുന്നവരിൽ പുലയക്രിസ്ത്യാനിയെന്നോ പറയക്രിസ്ത്യാനിയെന്നോ വ്യത്യാസം ഉണ്ടാകുമോ? ഒരുവിഭാഗം ജനതയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി പിന്നോക്കസമുദായങ്ങൾക്കു് കൊടുക്കുന്ന സൗജന്യം കൊടുക്കുക എന്നു പറഞ്ഞാൽ അതു ഈ രാജ്യത്തെ പ്രബലമായ ക്രൈസ്തവസമുദായത്തോടുള്ള ഒരു വെല്ലുവിളി എന്നതോടൊപ്പം ഈ രാജ്യത്തു് ക്ലേശമനുഭവിക്കുന്ന

പട്ടികജാതിക്കാർക്ക് നഷ്ടം വരുത്തുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് നിശ്ചയമായും ശ്രീ. എം. എൻ. ഗോവിന്ദൻനായരോട് അവസരം കിട്ടുമ്പോൾ ഞാൻ പരിഭവം പറയാൻ തയാറായിരിക്കയാണ്. അദ്ദേഹം ഈവക ക്ലേശങ്ങളൊന്നും അനുഭവിച്ചിട്ടില്ല; അറിഞ്ഞിട്ടുമില്ല. അദ്ദേഹത്തിന്റെ പാർട്ടിക്ക് അഞ്ചാറുലക്ഷം മതപരിവർത്തനം ചെയ്തുപോയവരുടെ പിൻതുണ കിട്ടാൻവേണ്ടിയല്ലേ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതെന്നു ഞാൻ സംശയിക്കുന്നു.

അത് ഞങ്ങൾക്ക് സമ്മതിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് മിസ്റ്റർ ചാക്കോയുടെ വാദം സാധൂകരിക്കുന്നതിലേയ്ക്ക് ക്രൈസ്തവസമുദായത്തിൽ ഇങ്ങനെ ഒരു അവശവിഭാഗമുണ്ടെന്നുള്ള കാര്യം അടുത്ത സെൻസസ്സിൽ ചേർത്ത് അപ്രകാരമൊരു ഭേദഗതി വരുത്താൻ ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. ഇന്നത്തെ പരിതഃസ്ഥിതി അനുസരിച്ച് ഇത് ഞങ്ങളെ ദോഷപ്പെടുത്തുന്നതാണെന്ന് ഞങ്ങൾ ഈ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളിൽ ഒരിഞ്ചുപോലും നഷ്ടപ്പെടുത്താൻ നിവൃത്തിയില്ല. മി. ചാക്കോ ഇവിടെ പറഞ്ഞിരിക്കുന്നത് ക്രിസ്ത്യൻ സമുദായത്തിൽ ഒരു പ്രത്യേക അവശവിഭാഗമുണ്ടെന്നാണ്. ഞാൻ ചോദിക്കുന്നു മി. ചാക്കോ പട്ടികജാതിക്കാർ എന്ന നിലയ്ക്കുള്ള ക്രൈസ്തവസീറ്റിൽ നിന്നാണോ അദ്ദേഹം ഇവിടെ വന്നിരിക്കുന്നതെന്ന്. ഒരിക്കലുമല്ല. അദ്ദേഹം ഒരു മാർത്തോമ്മാ ക്രിസ്ത്യൻ പ്രതിനിധിയായിട്ടു ജയിച്ചു വന്നതാണ്. അതുകൊണ്ട് മി. ചാക്കോ അവശസമുദായക്രിസ്ത്യാനികളുടെ കാര്യം പറയുന്നത് വളരെ സംഗതമാണെന്ന് തോന്നുന്നില്ല. മാത്രമല്ല അങ്ങനെ ഒരു വിഭാഗത്തെക്കുറിച്ചു സെൻസസ്സ് റിപ്പോർട്ടിലും പറഞ്ഞു കാണുന്നില്ല. അതുകൊണ്ട് പട്ടികജാതിക്കാർക്കായുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട അവശസമുദായക്കാർക്ക് അവകാശപ്പെടാൻ യാതൊരു കാര്യവുമില്ലെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. താമസ്: ഈ ഭേദഗതി അംഗീകരിക്കുന്നതുകൊണ്ട് മെംബറുടെ വിഭാഗത്തിനുള്ള ദോഷമെന്താണെന്നു പറയാമോ?

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ദോഷങ്ങൾ വളരെയുണ്ട്. അതെല്ലാം ഒരു രാഷ്ട്രതന്ത്രമാണ്. മി. എം. എൻ. ഗോവിന്ദൻ നായർ ബുദ്ധിപരമായി അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം ഈ സഭ പാസ്സാക്കുകയാണെങ്കിൽ അതിന്റെ വെളിച്ചത്തിൽ മി. ചാക്കോ അടുത്തതന്നെ ഭരണഘടനയനുസരിച്ച് പട്ടികജാതിക്കാർക്ക് നിജപ്പെടുത്തിയിട്ടുള്ള അവകാശങ്ങൾ ക്രൈസ്തവർക്കുകൂടി കിട്ടുന്നതിനവകാശപ്പെടുന്നതും ക്രമേണ അപ്രകാരമായിത്തീരുന്നതുമാണ്. അങ്ങനെയുണ്ടാകുന്ന അവസ്ഥയാണ് പട്ടികജാതിക്കാർക്കുണ്ടാകുന്ന ഏററവും വലിയ ദോഷം. ഇങ്ങനെ ഒന്നു രണ്ടു കാര്യങ്ങൾ ഇവിടത്തെ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറിനേയും ഈ സഭയേയും അറിയിക്കുന്നതിന് കിട്ടിയ സന്ദർഭം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു. ഇവിടെ പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തങ്ങൾക്കുകൂടി വേണമെന്ന് ഈ ക്രൈസ്തവസമുദായത്തിൽപ്പെട്ടവർ പറയുകയാണെങ്കിൽ അത് നമുക്കു സമ്മതിച്ചു കൊടുക്കാൻ നിവൃത്തിയില്ല. ഈ ഭേദഗതി പട്ടികജാതി

[ശ്രീ. പി. കെ. രാമചന്ദ്രദാസ്]

ക്കാരെ സംബന്ധിച്ചിടത്തോളം വളരെ ദോഷം ഉണ്ടാക്കുന്ന ഒന്നാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. അതിനാൽ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. ടി. വി. തോമസ്: അങ്ങനെയുള്ള അവകാശങ്ങൾ പങ്കുവയ്ക്കുകയാണെങ്കിൽ കൂടുതൽ അവകാശങ്ങൾ നിങ്ങൾക്ക് കിട്ടുന്നതല്ലേ?

ശ്രീ. പി. കെ. രാമചന്ദ്രദാസ്: മി. പി. ചാക്കോ പറയുന്നതുപോലെ ക്രൈസ്തവവിഭാഗത്തിൽപ്പെട്ട അവശസമുദായക്കാർക്കും ഈ ആനുകൂല്യങ്ങൾ അനുവദിക്കുന്നപക്ഷം അതു് പട്ടികജാതിക്കാർക്ക് വലിയ ദോഷം ചെയ്യുന്നതാണ്. പട്ടികജാതിക്കാർ എന്നുള്ള വിഭാഗത്തിൽ അവർ ഉൾക്കൊണ്ടിരിക്കുന്നില്ല. അതുകൊണ്ടു് ഞാൻ ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ക്രിസ്ത്യാനികളുടെ ഇടയിൽ സാമ്പത്തികമായി യാതൊരു അവശതയും ഇല്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്. (ഉത്തരം ഇല്ല.)

Shri Anthonie Andrew Daniel Luiz: I would like to bring to the notice of the hon: Member that the Constitution of India guarantees liberty of thought, expression, belief, faith and worship.

ശ്രീ. കെ. കുട്ടപ്പൻ: സർ, ഞാൻ ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ ഭേദഗതിയെ പിൻതാങ്ങുന്നു. കാൺഗ്രസ്സ് ബെഞ്ചുകളിൽനിന്നും ഈ ഭേദഗതിയെ എതിർത്തു വളരെ ശക്തിയായി സംസാരിക്കുകയുണ്ടായി. ഇന്നും മഹാത്മാഗാന്ധിയുടെ നാമധേയത്തിൽ ജനങ്ങളുടെ ഗുണത്തിനും ഉയർച്ചയ്ക്കും വേണ്ടി രാഷ്ട്രീയ പരിപാടികളോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കയാണെന്നു് കാൺഗ്രസ്സുകാർ പറയുന്നു. എന്നാൽ അതേ സമയംതന്നെ ഏററവും ന്യായവും ജനങ്ങളുടെ സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവുമായ ഉയർച്ചയ്ക്കുവേണ്ടി ഉപകരിക്കുന്നതുമായ ഈ ഭേദഗതിയെ എതിർക്കുന്നതിൻെറ അർത്ഥം എന്താണെന്നു് എത്രമാത്രം ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

Mr. Speaker: If you have got anything to speak on the amendment you may do so. Please do not cast reflections, imputations and insinuations. This is not the occasion for such things.

ശ്രീ. കെ. കുട്ടപ്പൻ: പട്ടികജാതിക്കാർക്കായി ഇന്നു് അനുവദിച്ചിരിക്കുന്ന സൗജന്യങ്ങൾ മററുള്ള അവശജനവിഭാഗങ്ങൾക്കുംകൂടി ഉപകാരപ്രദമാകണമെന്നുള്ള ഉദ്ദേശത്താൽ കൊണ്ടുവരപ്പെട്ട ഈ ഭേദഗതിയെ ഇങ്ങനെ എതിർക്കുന്നതു് അതിനെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടുമാത്രമാണെന്നാണെനിക്കു പറയാനുള്ളതു്.

ഈ രാജ്യത്തെ പട്ടികജാതിക്കാർ ആരെല്ലാമാണെന്നു നിശ്ചയിക്കുന്നതിനുള്ള കാര്യങ്ങളെക്കുറിച്ചു് ആലോചിച്ചുകൊണ്ടിരുന്ന അവസരത്തിൽ ആ കമ്മിററിയിലെ ഒരു അംഗമെന്ന നിലയിൽ പ്രവർത്തിച്ച എനിക്കു്

അക്കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ ധാരണ. ഇന്നു സാമ്പത്തികമായും, സാമൂഹ്യമായും സാംസ്കാരികമായും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഒരു പട്ടികജാതിലിസ്റ്റ് ഉണ്ടാക്കിയതു്. എന്നാൽ അതിന് ആ കമ്മിററിയിലെ അംഗങ്ങൾ ചില പ്രത്യേക ഉപാധികൾ അംഗീകരിക്കയുണ്ടായിട്ടുണ്ട്. സാമ്പത്തികനില, സാമൂഹ്യനില, സാങ്കേതികനില, എന്നിവയായിരുന്നു. അതിന്റെ മാനദണ്ഡം അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹ്യവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്ക എന്നുള്ളതല്ലാതെ ഒരു ചാത്തൻ ചാക്കോ ആയതുകൊണ്ട് അവർ അവശത അനുഭവിക്കണം, ആനുകൂല്യങ്ങൾ അനുഭവിക്കരുതു് എന്നു പറയുന്നതുകൊണ്ട് ഇവിടത്തെ സാമ്പത്തികമായും, സാമൂഹ്യമായും സാംസ്കാരികമായുമുള്ള അവശതകൾ പരിഹരിക്കപ്പെടുകയില്ലെന്നാണെന്റെ വിശ്വാസം. ഒരു വക്കീൽ ചാത്തനായതുകൊണ്ട് അവന്റെ അവശതകൾ പരിഹരിക്കപ്പെടണമെന്നില്ല. ഇവിടെ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന് സൗജന്യങ്ങളും ആനുകൂല്യങ്ങളും അനുവദിക്കപ്പെടണം. അല്ലാതെ ഹിന്ദുവിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാർക്കു കൂടുതൽ ആനുകൂല്യങ്ങൾ വേണമെന്നും അതുപോലെതന്നെ സർവ്വവിധ അവശതകളും അനുഭവിക്കുന്ന മതം മാറിയ സഹോദരങ്ങൾക്ക് അതനുവദിക്കരുതെന്നും ഉള്ള വാദം വെറും നിരർത്ഥകമാണ്. ഒരാൾ ക്രിസ്ത്യാനിയായാലും മഹമ്മദീയനായാലും ഹിന്ദുവായാലും സാമ്പത്തികമായും, സാമൂഹ്യമായും, സാംസ്കാരികമായും അവശത അനുഭവിക്കുകയാണെങ്കിൽ അവന്റെ ഉന്നമനത്തിനായി വേണ്ട ആനുകൂല്യങ്ങളും സൗജന്യങ്ങളും അനുവദിക്കേണ്ടതാണ്. ഒരാൾ മതം മാറുന്നതു് അയാളുടെ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ ഒരു വിഭാഗം ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരായതുകൊണ്ട് സാമ്പത്തികമായും, സാമൂഹ്യമായും, സാംസ്കാരികമായും അവർക്ക് അവശതയില്ലെന്നു പറയുന്നതു കേവലം അർത്ഥശൂന്യമായ ഒരു വാദം മാത്രമാണെന്നാണ് എനിക്കു ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിക്കുവാനുള്ളതു്. അതുകൊണ്ട് മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു ന്യായമായി കിട്ടേണ്ട അവകാശങ്ങൾ അനുവദിച്ചു കൊടുക്കാതെയിരിക്കുകയാണെങ്കിൽ അതു് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല.

മറെറാരു കാര്യംകൂടി ഈ അവസരത്തിൽ ഈ സഭയെ അറിയിക്കേണ്ടതായിട്ടുണ്ട്. അഞ്ചുലക്ഷത്തോളം വരുന്ന പട്ടികജാതിക്കാരെ മതപരിവർത്തനം ചെയ്തു ഇന്നു പട്ടികജാതി ക്രിസ്ത്യാനികളാക്കി ക്രിസ്ത്യൻ സമുദായത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇന്നു ക്രിസ്ത്യൻ ജനസംഖ്യ കണക്കാക്കിയിട്ടുള്ളതു്. അപ്പോൾ അവരിൽ ഒരുവിഭാഗം ഇന്നും അവശത അനുഭവിച്ചുവരുന്നതായിട്ടാണ് ഇരിക്കുന്നതു്. അവരുടെ ഉന്നമനത്തിനുംകൂടി മററ അവശവിഭാഗങ്ങൾക്കു ലഭിക്കുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നതുകൊണ്ട്, അവർക്ക് അനുവദിച്ചുകൊടുക്കുന്നതുകൊണ്ടെന്താണ് തെററുള്ളതു് എന്നു ഞാൻ ചോദിക്കുകയാണ്. ഇന്നു് ഇവിടത്തെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി—സാമ്പത്തികമായും, സാമൂഹ്യമായും, സാംസ്കാരികമായുമുള്ള ഉന്നമനത്തിനായി വലിയ ആനുകൂല്യങ്ങൾ ഒന്നും ഉണ്ടായിട്ടില്ല എന്നു എനിക്കു വ്യക്തമായി പറയാൻ

[ശ്രീ. കെ. കുട്ടപ്പൻ]

സാധിക്കും. ഇന്ന് ഈ ഭേദഗതി അനുവദിച്ചാൽതന്നെ പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻപോകുന്നില്ല. ഇന്നു പട്ടികജാതിക്കാർക്ക് കൂടുതൽ സൗജന്യങ്ങൾ അനുവദിക്കപ്പെടേണ്ടതാണ്. അവരെ സഹായിക്കേണ്ടതു് ഈ ഗവണ്മെൻറിൻെറ കടമയാണ്. ഈ സർക്കാരിൻെറ നിലനിൽപ്പിനുതന്നെ അവർക്കു കൂടുതൽ സഹായങ്ങൾ അനുവദിച്ചുകൊടുക്കേണ്ടതു് ആവശ്യമാണ്. അധഃപതിക്കുന്ന ജനവിഭാഗത്തെ ഉയർത്തുവാനുള്ള കടമ ഈ സർക്കാരിനുണ്ട്. അതുകൊണ്ടു് ഈ രാജ്യത്തു മതത്തിൻെറ പേരിൽ, കേവലം വിശ്വാസത്തിൻെറ പേരിൽ ആനുകൂല്യങ്ങൾ അനുവദിക്കപ്പെടാതിരിക്കരുതു്. ചാത്തൻ ചാക്കോ ആയതുകൊണ്ടു് യഥാർത്ഥത്തിൽ അവനു കിട്ടേണ്ടതായ അവകാശങ്ങൾ നിഷേധിക്കപ്പെടരുതു്. അതു് ജനാധിപത്യതത്വങ്ങൾക്കുകൂടി വിരുദ്ധമാണ് എന്നുള്ള സംഗതികൂടി ഊന്നി പ്രസ്താവിച്ചുകൊണ്ടു് ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

ஸ்ரீ. கணபதி: ஸர், நான் ஸ்ரீ. எம். என். கோவிந்தன்நாயர் கொண்டுவந்த அமெண்ட்மெண்டை (oppose) எதிர்த்து சில வாக்குகள் கூறலாம் என்று உத்தேசிக்கிறேன்.

என்னவென்றால், இந்திய அரசியல் அமைப்பு பிரகாரம் நாட்டில் தீண்டப்படாதவர்கள், ஒதுக்கப்பட்டவர்கள், மனித சமுதாயத்திலிருந்து விலக்கப்பட்டுவந்த ஹரிஜனங்களை சில பிரத்தேக சலுகைகள் சர்க்கார் சட்டமூலமாகக் கொண்டுவந்து அவர்களை முன்னேற செய்யவேண்டும் என்ற நல்ல நோக்கத்துடன் செய்ததில் ஸ்தானங்கள் ஒதுக்கப்பட்டது என்பது யாவருக்கும் தெரியும். இப்பொழுது படிப்பு முதலிய பலவகைகளுக்கும் ஹரிஜனங்களை முன்னேறச் செய்து 10 வருஷகாலத்திற்குள் மற்று சமூகத்திற்கு ஒப்பம் கொண்டுவரவேண்டும் என்ற ஒரு திட்டமும் இருக்கிறது. உத்தேசம் 4, 5 வருஷங்கள் கடந்து விட்டது. இதன் பிரகாரம், 40, 50 சதமானம் முன்னேறி இருக்கவேண்டும். ஆனால் இதுவரை குறிப்பிடத்தக்க எந்த முன்னேற்றத்தையும் காணவில்லை. இதே நிலையான இந்த ஆமைவேக முன்னேற்றம் போய் கொண்டிருந்தால் 10 வருஷம் அல்ல 50 வருஷம் ஆனாலும் மற்ற சமூகத்திற்கு சமமாக வர இயலாது என்று தெளிவாய் கூறலாம். இப்பொழுது ஒதுக்கப்பட்டு வரும் பணம் இந்த முன்னேற்றத்திட்டத்திற்கு போதாததால்தான் எதிர்பார்க்கக்கூடிய ஆச்சரியமான முன்னேற்றத்தை எதிர்பார்க்கவில்லை. மேலும் இத்திட்டங்களை மற்ற கிறிஸ்தவர்களான பின்னோக்கமுள்ளவர்கள் அவகாசப்படுவது எந்த விதத்திலும் நியாயம் கிடையாது.

மேலும் இவர்கள் எதற்காக மதம் மாறினார்கள் என்று ஒரு வார்த்தை கூற ஆசைப்படுகிறேன். வெள்ளையர்கள் இந்நாட்டை ஆளும் காலத்தில் அவர்களுக்கு வால்பிடித்து அவர்களின் உதவியைக் கொண்டு படித்தும், பட்டம் பெற்றும் உத்தியோகத்திலும்

பிரவேசித்த அநேகர்கள் உண்டு. அப்படி பல வருஷங்களாக சுயநலத்தைக் கருதி முன்னேறி கொண்டவர்கள் ஏராளம் உள்ளதாக அறிகிறோம். அந்தக்காலத்தில் அதாவது சற்று சில வருஷங்களுக்கு முன் என்றால் தெளிவாய் கூறினால் சுதந்திரம் கிடைத்த ஆகஸ்ட்டுக்கு முன்பு கூட இப்படி மதம் மாறியவர்களை என்ன ஜாதி என்று கேட்டால் கிருஸ்தியானி என்று கூறி விடுவார்கள். பஸ்கள், ரயில்கள், காப்பிக்கடை முதலிய பல இடங்களில் என்ன ஜாதி என்று கேட்கப்படும்போது நான் கிறிஸ்தியானி என்று சொல்லி விடுவார்கள். மீறி ஏதாவது அந்த மெம்பர்கள் இடம் மாற்றி ஏதாவது வித்தியாசம் காட்டினால் உடனே சம்பந்தப்பட்ட மத குருக்களிடத்தில் (பாதிரியார்மார்) புகார் கூறினால் உடனே அவர்களின் உதவி கிடைக்கும்; முக்கியமாக அந்தக்காலத்தில் பாதிரிகள் வெள்ளையர்கள் ஆக இருந்தார்கள். ஜில்லாகலக்டர், முதலிய உயர்தர அதிகாரிகளும் வெள்ளையர்களாக இருந்ததால் இவர்களுடைய புகார்களும், மதகுருக்கள் மூலமாய் வருவதால் சலுகைகள் கிடைக்கும். இப்படிப்பட்ட ஆயிரக்கணக்கான சலுகைகள் பெற்று முன்னேறி விட்ட கிருஸ்தவ ஹரிஜனங்கள் பஞ்சாயத்தில் சீட் ஒதுக்கும்படி கோருவது சிறிதளவும் நியாயம் கிடையாது. இப்பொழுது இந்திய சர்க்கார் நமது நாடு சுதந்திரம் பெற்று விட்டதால் நமது நாட்டுக்கு அன்னிய நாட்டில் மதிப்பு இருக்கவேண்டியது அவசியம். ஆதலால் ஒரு நாட்டின் மதிப்பு உலகத்தில் அதிகமாகவோ, செல்வாக்கு அடையவோ வேண்டுமேயானால் அந்நாட்டு மக்களைப் பொறுத்தது. நம் நாட்டிலுள்ள இந்தியர்களுக்குள்ளேயே ஒரு வகுப்பார் இன்னொருவகுப்பாரை வீட்டிற்குள் ஏற்றமாட்டோம் என்று கூறினாலோ, இந்தவிதமான பழக்கவழக்கம் இருக்கும் என்று அயல்நாடுகளுக்கோ, மேநாடுகளுக்கோ தெரிந்தால் இந்தியாவுக்கு மதிப்பு கிடையாது. இந்தியாவின் பிரதம மந்திரி நேருஜிக்கு மதிப்பும் செல்வாக்கும் பிற நாடுகளில் இருக்காது. வெளி நாடுகளில் சொற்பொழிவு ஆற்றிக்கொண்டிருக்கும் சமயம் பல கேள்விகள் வரும். அப்பொழுது நமது பிரதமருக்கும், நமது ராஜ்யத்திற்கும் கேவலம் மதிப்பு குறையும்.

அதற்காக சுதந்திரம் கிடைத்த 10 வருஷகாலத்திலாவது ஹரிஜனங்களான ஒதுக்கப்பட்டவர்களை முன்னேற்றிவிடலாம் என்று பல திட்டங்கள் வகுத்து பணமும் செலவழித்து வரப்படுகிறது. ஆகவே எந்த நோக்கத்துடன் கிருஸ்தியானியாக மாறினார்களோ அந்த நோக்கத்தோடு சுயநலத்திற்காக ஒதுக்கப்பட்ட ஹரிஜனங்களுக்கும் கொடுக்கப்படும் பிரத்தேக சலுகைகளிலும் பங்கு கேட்க துடங்கிவிட்டார்கள். இதிலிருந்து இவர்களின் நிலைமையை எடுத்துக்கொண்டால் சமயசந்தர்ப்பவாதிகள் என்று தயங்காமல் கூறலாம். சந்தர்ப்பத்திற்கு தக்கவாறு காலுமாறுகிறார்கள். இவர்கள் மாறினால் பாதகமில்லை. மற்ற ஹிந்து ஹரிஜனங்களான ஒதுக்கப்பட்டவர்களை பாதிக்கிறது கிருஸ்தவ மதத்தில் ஒதுக்கப்பட்டவர்கள் தீண்டப்படாதவர்கள் என்ற வகுப்பே கிடையாது.

[ஸ்ரீ. கணபதி]

இதுபோல் முஸ்லிம் மதத்திலும் கிடையாது. எத்தனை ஹிந்து ஹரிஜனங்கள் தீண்டாமை என்ற கொடூர முறையை எதிர்க்க இயலாமல் முஸ்லீம் மதத்திலும் கிருஸ்தவ மதத்திலும் மாறிவிட்டார்கள். இவர்கள் மாறியவுடன் சில மத பழக்கப்படி சில சடங்குகள் முடிந்ததும் இவர்களை தீண்டாதவர்கள் என்று கூற முடியாது. இந்திய அரசியல் அமைப்பில் தீண்டப்படாதவர்களைத்தான் சுட்டிக்காட்டி இருக்கிறது.

இன்று இருக்கிற நிலையைப்பார்த்தால் உதாரணமாக திருவனந்தபுரம் கார்ப்பரேஷனில் நகரசுத்தித் தொழிலாளிகளுக்கு பிரத்தேக சலுகைகளின் பேரிலும், மனித சமுதாயத்தில் வேறு எந்த வர்க்கமும் செய்யாத வேலை செய்ய கூடியவர்கள் என்று கருதி மாதச் சம்பளம் 250 ரூபாயும், அதற்கு தகுந்த அலவன்ஸும் என்று சர்க்கார் பிரகடனபடுத்துவார்கள் என்றால், உடனே பல பிராம்மணர்கள் அப்ளிக்கேஷன் போட துடங்கிவிடுவார்கள் என்பது தெரிவிக்க விரும்புகிறேன். பல 1000 கணக்காகவும் 100 கணக்காகவும் உள்ள வருடங்கள் கஷ்டப்பட்டு வரும் ஒரு சமுதாயத்திற்கு சர்க்கார் உதவி செய்யுமானால் உடனே எங்களுக்கு வேண்டும் என்று கோருவது புத்திசாலித்தனமல்ல. மேலும் இதற்கு முன்பு எடுத்திருக்கும் சென்ஸஸ் கணக்குகளில் கூட மதம் மாறிய ஹரிஜனங்கள் தங்களை இன்ன ஜாதி என்று காட்டக்கூடாது என்று சர்க்காருக்கு மனு செய்தும், அந்தந்த மதக்குருக்கள் மூலமாக வேண்டிய நடவடிக்கை எடுத்து சென்ஸஸில் கூட ஹரிஜனங்கள் என்று காட்டவில்லை. இந்திய ஜனாதிபதி இன்ன இன்ன வகுப்பார்களுக்குத் தான் ஸ்தானங்களும் ஒதுக்கப்படும் என்று கூறி அந்த ஜாதிகளின் பெயர்களையும் வெளியிடப்பட்டிருக்கிறது. ஆதலால் இன்ன வகுப்பார் தான் இச்சலுகைக்கு பாத்தியப்பட்டவர் என்று சொல்லக்கூடிய அதிகாரம் இந்திய ஜனாதிபதிக்குத்தான் இருக்கிறது. ஆகவே இந்த சட்டசபையில் இது பற்றி விவாதித்து முடிவு செய்வதே சரியல்ல என்று தான் கூற வேண்டும்.

எந்த விதத்தில் பார்த்தாலும் இந்த மதத்தில் மட்டும் தான் இந்த ஏற்றத்தாழ்வு இருக்கிறது. இந்திய சரித்திரத்திலே கூறப்பட்டுவருகிறது ஆதிகாலம் தொட்டே இப்பழக்கவழக்கம் இருந்து வருகிறதென்று. உலகத்தில் வேறு எந்த நாட்டிலும், வேறு எந்த மதத்திலும் இந்த வித்தியாசம் கிடையாது என்று தான் நினைக்கிறேன். ஆகையால் இந்த திருத்தத்தை (ரேபதகதியை) ஸ்ரீ. எம். என். கோவிந்தன் நாயர் அவர்கள் வாபஸ் பெற்றுக்கொள்ள வேண்டும் என்று கேட்டுக்கொண்டு இத் திருத்தத்தை மேலும் எதிர்க்கிறேன். இன்னும் இது பற்றி அதிகம் சொல்லத் தேவை இல்லை என்ற எண்ணத்துடன் எனது சிற்றுரையை முடித்துக்கொள்கிறேன்.

The House rose for lunch at 1-0 P. M. and re-assembled at 2-0 P. M. with Mr. Speaker in the Chair.

2 p. m.]

Shri P. S. Nataraja Pillai: There has been a lot of discussion on this question. The clause is only to make provision for reserved seats, as it is called, for election. We are functioning under Constitution in which adult suffrage has been conceded. By the Fundamental Rights Chapter, equality of opportunity without regard to birth and without any discrimination based on caste or religion is also given. We are functioning under the Constitution which deals with justiciable fundamental rights from article 15 onwards. No discrimination on the basis of birth or race is possible in this country now. It is also a justiciable right. We have now adult suffrage for all elections, not only for the Legislature and Parliament but even for all elective bodies. I am at pains to understand my friend Mr. Govindan Nair when he is advocating reservation in a society where elections are based upon adult suffrage. Not only that; in a society where discrimination is rejected under the law, this amendment of Mr. Govindan Nair goes contrary to the Constitution. I fail to understand on what constitutional propriety he can claim reservation.

Then the question arises with regard to the scheduled castes. There is reservation for the scheduled castes. How did it arise? We must look into that. For years past, in India, people were claiming reservation on the basis of birth, and somehow or other it was settled in one way by carving out the country into two, where these difficulties will not arise. All the representatives representing various classes and communities assembled at Delhi and rightly or wrongly decided that there need be no reservation for any one on the basis of religion hereafter. Then arose the question that there was a particular set of people who claimed themselves to be Harijans or untouchables and so on, a class of people created by iniquitous custom of a long number of years. A genuine grievance was felt by a certain set of people who were classified inhumanly as untouchables. But by the Constitution we have declared 'untouchables' to be a thing of the past, by one specific provision in the fundamental rights chapter. On account of the past they have inherited, and on account of the great suffering and segregation they were subjected to, the framers of the Constitution came to a conclusion that for a transitional period they must be given some special opportunity to come into line with the other communities. There, the word used is 'caste' and not 'class'. I seriously ask my hon. friend who tabled the amendment whether 'caste' is a term which exists in any other society other than in the Hindu society. When you say 'scheduled castes', I can understand that. If it is 'community', I can understand that. The term is a distinctive and denotes a specific Hindu community. It is proof positive therefore that they contemplated only the Hindu society, where this castes exist, and it was for those unfortunate untouchables and harijans who were subject to great hardships and unjustifiable persecution for over centuries, that the special provision was made.

Shri T. V. Thomas: What about the scheduled tribes?

Shri P. S. Nataraja Pillai: That particular section has also been given reservation. I will come to that presently.

It is the word "caste" that is used. That is distinctive of the people for whom reservation was provided. It was provided only for those who belonged to the Hindu community as such. Those people only were subject to the hardship of untouchability. Over and above all this, as an ameliorative measure, as a penance for the hardship that the other communities imposed upon this unfortunate section of society, a transitional provision of reservation for a period of ten years was made. So, it did not contemplate, and it was never contemplated, that reservation as such should exist in our Constitution. It is purely a transitional measure, and it was intended only for a particular set of people well known, well described and very distinctive.

Shri N. P. Varghese: It is only for a set of institutions, Parliament and the Legislatures. Is it not ?

Shri P. S. Nataraja Pillai: It is for the House to change it or extend it. I completely concede that.

Shri N. P. Varghese: With modifications, probably. Is it not ?

Shri P. S. Nataraja Pillai: There comes the difficulty. I shall come to that aspect.

So it was distinctively provided as a temporary measure for ten years for a particular class of people, well defined and distinct. There is a scheduled caste christian; does it mean that there was untouchability in Christianity ? Is it not a horror and is it not beyond all canons of modern knowledge and ordinary knowledge to import 'caste' system in christianity ?

Shri O. C. Ninan: Is the Member aware that Indian christians said that they did not want reservation in the Legislature ?

Shri P. S. Nataraja Pillai: I know it, Sir. Even the muslims said so. Not only the Indian christians. For that matter, there are converts among muslims. I have not heard, up to this time, of a muslim section who calls itself as 'scheduled class' and claims separate representation or privilege. They stand upon the basic principles of Islam. Nor have we heard of caste system or caste distinctions being adopted among Christians. It is abhorrent to the very conception of Christianity.

Shri N. P. Varghese: Is the Member aware that this is not a religious right but only a political right ?

Shri P. S. Nataraja Pillai: Based on what ? I ask. If it is based on economic condition, is there not a poor Brahmin, I ask ? If it is based upon social degradation, are there not other communities equally claiming such a privilege ? It is not on account of economic condition or want of cultural standards or want of percentage of literacy.

Shri M. M. Abdul Khader: Is it not because a certain section is politically, socially and economically degraded ?

Mr. Speaker: There seems to be a lot of confusion about the amendment under discussion. The amendment deals only with scheduled castes or scheduled tribes. It has nothing to do with backward communities even if they belong to any other class of society.

Shri P. S. Nataraja Pillai: So it is very clearly provided that it is 'scheduled castes'. To the best of my knowledge, I say that there is no caste system in the Christian religion. I have not heard of any people belonging to the Christian religion and yet belonging to scheduled castes in that religion and thus dividing themselves. What do we find in the Constitution ? Article 341 (1) says: "The President may, after consultation with the Governor or Raj Pramukh of a State, by public notification, specify the castes, races or tribes or parts of or groups within castes, races or tribes which shall for the purposes of this Constitution be deemed to be Scheduled Castes in relation to that State, "and" (2) Parliament may by law include in or exclude from the list of Scheduled Castes specified in a notification issued under clause (1) any caste," etc. Sir, that is a definite answer to my friend Mr. Varghese. It is not even the President who can have the right to include in or exclude from the list. It can be done only by Parliament by law. So, nobody has the right of including in or excluding from the list, or extending or contracting the list, except Parliament. It is within the province of Parliament only to make that change. My friend is asking me, whether we cannot do it. I say, absolutely no. "We can make reservation for any number of people. You can make a reservation for a vellala or for a jacobite syrian christian. We can ask for reservation in the Panchayats Bill." It is not so. When you are extending the definition of the scheduled castes as included in the Constitution which is precluded from the Legislature and from the executive right of the Government, we are wrong. That right is vested only in Parliament. That cannot be done in this Bill. We cannot be justified in doing that. Apart from that, there is no legitimate ground for doing that.

Shri T. V. Thomas: This is only an attempt to prevent exclusion of certain classes.

Shri P. S. Nataraja Pillai: If it has been wrongly excluded in the promulgation, certainly it can be included. But it is for Parliament to do it. Suppose one class is included in the scheduled castes, and that class has to be excluded, certainly, Parliament can exclude it. The word is 'may'. That is anyway the province of Parliament.

Shri M. M. Abdul Khader: Does not Part XVI deal with reservation only in the House of the People and in the Legislatures of States ?

Shri P. S. Nataraja Pillai: I do understand it. We have been proceeding so far only on that basis. The Constitution does not say there should be reservation in any local body. We are adopting that policy and we are extending it to the Panchayats Bill, and in extending it to the Panchayats, we are using a parti-

[Shri P. S. Nataraja Pillai.]

cular direction framed in the Constitution. When we use that particular direction, it is well recognized in law, as it exists today, that that word is not extended further than is warranted or allowed by the Constitution. We are embodying certain provision for the scheduled castes in this Bill. That is a well known legal term at the present day. That legal term should be used in its exact connotation. It should not be allowed to be misused. Therefore I say that this House has no right to define scheduled castes. 'Scheduled castes' is already defined, and is a well known legal term. There is no doubt about it. Then the question is whether there is justification for this House to give repres entation of other communities. That, as the Chair, has put it, does not arise. Even if it arises, it is another substantive proposition to be debated upon and a conclusion arrived at. Therefore, I would earnestly request my friend, Mr. M. N. Govindan Nair, who has taken to politics as life—book, to see whether his amends ment fits in with the Constitution, to consider whether asking for reservation, when there is adult suffrage and when all disabilities based upon race, religion or birth are removed under the Fundamental Rights guaranteed under the Constitution which are justifiable, is right and proper. With these words, I request my friend to withdraw the amendment.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഈ ഭേദഗതിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് സെലക്ട് കമ്മിററി ഘട്ടത്തിൽ കൂലങ്കഷമായ ചർച്ച നടക്കുകയുണ്ടായി. അതിനുശേഷമാണ് ഈ ഭേദഗതിക്ക് നിദാനമായ വ്യവസ്ഥകൾ ഇങ്ങനെ സ്വീകരിച്ചിട്ടുള്ളതു്. ഈ ഭേദഗതിയെ അനുകൂലിച്ചും പ്രതികൂലിച്ചും ബഹുമാനപ്പെട്ട പല മെംബറന്മാരും സംസാരിച്ചിട്ടുള്ളതിൽ കൂടുതലായി ഇതിനെ സംബന്ധിച്ച് ഒന്നും തന്നെ ഈയവസരത്തിൽ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and declared lost.

Shri C. Achyutha Menon : I demand a poll, Sir.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: സെലക്ട് കമ്മിററിയിൽ ഇതിനെപ്പററി ഒന്നും പറയാത്ത അംഗത്തിന് ഇതിനെ അനുകൂലിച്ച് വോട്ടു ചെയ്യാമോ?

Mr. Speaker : It does not mean that the Member cannot change his opinion after getting the benefit of the discussion in the House.

A poll was taken when the House divided as follows :—

AYES—30

1. Shri M. M. Abdul Khader
2. ,, C. Achyutha Menon
3. ,, P. V. Avira Tharakan
4. ,, P. Bhaskaran Nair

5. Shri T. K. Divakaran
6. „ E. Gopalakrishna Menon
7. „ M. N. Govindan Nair
8. Shreemathi K. R. Gouri
9. Shri Kambisseril Karunakaran
10. „ T. K. Krishnan
11. „ K. V. Krishnankutty Warrier
12. „ C. K. Kumara Panicker
13. „ K. Kuttappan
14. „ Chengarappally P. Narayanan Potti
15. „ Nilakantaru Pandarathil
16. „ Prabhakaran Koonath
17. „ N. Rajagopalan Nair
18. „ Ramakrishnan
19. „ P. Ravindran
20. „ Sadasivan
21. „ Sadanandan
22. „ C. Sankar
23. „ V. Sridharan
24. „ C. P. Sreevallabha Menon
25. „ R. Sugathan
26. „ K. J. Thomas
27. „ T. V. Thomas
28. , M. P. Varghese
29. „ E. P. Varghese
30. „ C. K. Viswanathan

NOES - 43

1 Shri P. C. Adichan
2 Shri Alexander Parambitharayil
3 Shri K. Bhanu
4 Shri A. C. Chacko
5 Shri G. Chandrasekhara Pillai
6 Shri A. K. Chelliah
7 Shri K. K. Chellappan Pillai
8 Shri M. V. Cheriyan
9 Shri A. Chidambaranatha Nadar
10 Shri S. G. Deviappan
11 Shri Ganapathy
12 Shri K. M. George
13 Shri M. Gopalan Nair

14 Shri Panampilli Govinda Menon
15 Shri A. J. John
16 Shri K. Karunakaran
17 Shri C. Kesavan
18 Shri Nedumangad R. Kesavan Nair
19 Shri T. T. Kesavan Sastri
20 Shri Kochukunju
21 Shri K. Kochukuttan
22 Shri E. Krishnan Nair
23 Shri K. P. Krishna Menon
24 Shri V. R. Krishnan Ezhuthassan
25 Shri V. Madhavan
26 Shri K. Madhavan Unnithan
27 Shri J. T. Moraes
28 Shri O. C. Ninan
29 Shri P. S. Nataraja Pillai
30 Shri N. A. Noor Mohammed
31 Shri Pareethu Rowther
32 Shri P. K. Ramachandra Das
33 Shri P. Ramaswami Pillai
34 Shri P. Sadasivan Pillai
35 Dr. N. S. Pillai
36 Dr. M. Sivaraman Nair
37 Dr. P. T. Thomas
38 Shri N. P. Varghese
39 Shri T. M. Varghese
40 Shri Vasudevan Pillai
41 Shri Kalathil Velayudhan Nair
42 Shri K. I. Velayudhan
43 Shri Anthonie Andrew Daniel Luiz

Neutrals - 3

Shri C. C. Ayyappan
„ A. Kunjan Nadar
„ A. Samraj

The amendment was lost.

Shri N. Rajagopalan Nair: I move:

In Section 8, after sub-clause (7) add—

"Provided that once a Panchayat is established, such notification which materially alters the existing division of a Panchayat area into wards, shall be made only on duly made representation by the existing Panchayat or after the Government holding consultation with it."

Section 8 deals with division into wards and method of election. Sub clause (7) refers to a notification which materially alters the existing division of a Panchayat area into wards. As a result of this some members sometimes may lose their seats; wards may be redivided; existing wards may be abolished; new members will have to be elected for new wards and so on. All these may happen according to division of areas into wards. Therefore division into wards is a very vital matter in a Panchayat. In the District Municipalities Act and the Trivandrum City Municipal Act there is a provision to the effect that Government can do so in consultation with the Municipal body concerned. We can understand Government dividing the area of a Panchayat into wards arbitrarily before a Panchayat is established and before the election is to be had. But after a Panchayat is established and the elections are over, a re-division of the area into wards by Government without consultation is not desirable. First of all the matter should be mooted by the Municipality or the Panchayat and then alone the Government should take action on it. What I say is, Government should take action only after a representation by the Municipality concerned. Or if the Government finds it necessary and the Panchayat is not moving it, the Government should do so only after holding consultations with the Panchayat. At that stage it should not be arbitrary redivision. My amendment seeks only to say that arbitary division of wards should not take place. If any redivision into wards is necessitated, Government can do so in consultation with the Municipal body concerned. I appeal to the House to see that this amendment is accepted.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, പഞ്ചായത്തു ഡിവിഷനുകൾ മാററം വരുത്തുന്ന അവസരത്തിൽ പഞ്ചായിത്തിലെ അംഗത്തോട് ആലോചിച്ചിട്ടു വേണം മാററം വരുത്തുവാനെന്നാണ് ഈ ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നതു്. സാധാരണ ഗവണ്മെൻറ ചെയ്യാറുള്ളതും ആ നിലയിലാണ്. ആ നിലയ്ക്കു് ഈ ഭേദഗതി സ്വീകാര്യമല്ല. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Shri Kambisseril Karunakaran: Sir, I move:

In Section 8, Sub-section (9), after the word 'by' and before the word 'ballot', add the word "secret".

ബാലററസമ്പ്രദായത്തിൽ ഇലക്ഷൻ നടത്തണമെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. അതിന്റെ ഉദ്ദേശം എന്തുതന്നെയായാലും ബാലററനുസരിച്ച് വോട്ടിംഗ് നടത്തണമെന്നാണ് അതിന്റെ അർത്ഥം. എന്നാൽ അനുഭവത്തിൽ കഴിഞ്ഞ ചില തിരഞ്ഞെടുപ്പു കാലങ്ങളിൽ ഓപ്പൺ വോട്ടുകൾ നടന്നിട്ടുണ്ട്. അന്നെല്ലാം by ballot എന്ന് ചട്ടവുമുണ്ടായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിനേക്കാൾ വളരെ വാശിയോടുകൂടിയായിരിക്കും പഞ്ചായത്തു ഇലക്ഷൻ നടക്കുവാൻ പോകുന്നതെന്ന് നാം ഓർക്കണം. "ബൈ ബാലററ്" പ്രകാരം വോട്ടു നടത്തണമെന്ന് പറഞ്ഞിട്ടുള്ളതു് വോട്ടു രഹസ്യമായി നടക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണല്ലോ.

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

എന്നാൽ അനുഭവത്തിൽ അതു പലപ്പോഴും ഓപ്പൺ വോട്ടുകൾക്ക് അനുമതി നൽകിപ്പോന്നിട്ടുണ്ടു്. ബാലറ്റ് എന്നു പറയുന്നതുകൊണ്ടുതന്നെ അതു് രഹസ്യമായി നടത്തണമെന്നാണു് ഉദ്ദേശമെങ്കിലും അതു് ഒന്നുകൂടി വിശദമാക്കുവാൻ വേണ്ടി ബൈ ബാലറ്റ് എന്നുള്ളതു് ബൈ സീക്രട്ട് ബാലറ്റ് എന്നാക്കുന്നതു് നന്നായിരിക്കും. ഇൻഡ്യ കാൺസ്റ്റിറ്റ്യൂഷനിൽ തന്നെ അതിനു ഉദാഹരണങ്ങൾ ഉണ്ടു്. ആർട്ടിക്കിൾ 55 (3) അതിനു് സാക്ഷ്യം വഹിക്കുന്നു. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിൽ, ബൈ ബാലറ്റ് എന്നുള്ള സ്ഥാനത്തു് ബൈ സീക്രട്ട് ബാലറ്റ് എന്നു പറഞ്ഞിട്ടുള്ളതിന്റെ യുക്തി ചോദ്യം ചെയ്യപ്പെട്ടുമെന്നു് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ബാലറ്റ് എന്നുള്ളതിനു് സീക്രട്ട് വോട്ടിംഗ് എന്നാണു് ഡിക്ഷ്ണറിയിലെ സാമാന്യമായ അർത്ഥമെങ്കിലും കൂടുതൽ നിഷ്കർഷയ്ക്കു വേണ്ടി സീക്രട്ട് എന്ന വാക്കുകൂടി ചേർക്കണമെന്നാണു് ഞാൻ ഈ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. ഗവണ്മെന്റിനു ബാലറ്റ് രഹസ്യമായി നടത്തണമെന്നു നല്ലൊരു ഉദ്ദേശമുണ്ടെങ്കിൽ ഈ നിയമത്തിനകത്തു് ബാലറ്റ് എന്ന വാക്കിന്റെ മുമ്പു് സീക്രട്ട് എന്നുകൂടി ചേർക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ബാലറ്റ് എന്നു പറഞ്ഞാൽ സീക്രട്ട് ബാലറ്റ് ആണെന്നു് ബഹുമാനപ്പെട്ട മെംബർതന്നെ സമ്മതിക്കുന്നുണ്ടു്. ആ നിലയ്ക്കു് നാം നിയമമുണ്ടാക്കുമ്പോൾ ബുദ്ധിപൂർവ്വം അതു് ചെയ്യേണ്ടിയിരിക്കുന്നു. ഈ ഭേദഗതി സ്വീകരിച്ചു്, ഈ നിയമം പാസ്സാക്കിയാൽ ബഹുമാനപ്പെട്ട മെംബറോടും ഈ സഭയോടും ബുദ്ധിയുള്ളവർക്കു് അവജ്ഞതോന്നുവാൻ ഇടയുണ്ടു്. ഈ ഭേദഗതി അസ്വീകാര്യമാണു്, അനുചിതമാണു് എന്നുള്ളതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിൽ സീക്രട്ട് ബാലറ്റ് എന്നു പറഞ്ഞിട്ടുള്ള നിലയ്ക്കു് മന്ത്രി ഈ ഭേദഗതി അനുചിതം എന്നു പറഞ്ഞതു് ശരിയാണോ?

Mr. Speaker: അനുചിതം is parliamentary.

The amendment was put and lost.

The question that clause 2 stand part of the Bill was put and carried.

The clause was added to the Bill.

Clauses 3 to 5.

The question that clauses 3, 4 and 5 stand part of the Bill was put and carried.

The clauses were added to the Bill.

Clause 1.

The question that clause 1 stand part of the Bill was put and carried.

The clause was added to the Bill.

Preamble.

The question that Preamble stand part of the Bill was put and carried.

The Preamble was added to the Bill.

Title.

The question that Title stand part of the Bill was put and carried.

The Title was added to the Bill.

Shri K. Kochukuttan : Sir, I move that the Bill be passed.

Shri Kalathil Velayudhan Nair : I second it.

The question that the Travancore-Cochin Panchayat Act (Amendment) Bill be passed into law was put and carried.

The Bill was passed.

The Travancore-Cochin Payment of Salaries and Allowances Act (Amendment) Bill.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :** I beg to present the report of the Select Committee on the Travancore-Cochin Payment of Salaries and Allowances Act (Amendment) Bill and move that the Bill as revised be taken into consideration.

സെലക്റ്റ് കമ്മററി റിപ്പോർട്ടിന്റെ സാമാന്യസ്വഭാവം ഒന്നു വ്യക്തമാക്കണമെന്നു വിചാരിക്കുന്നു.

ഈ ബിൽ വരുന്നതിനു മുൻപ് നമ്മുടെ നിയമസഭയിലെ അംഗങ്ങൾക്ക് ടി. എ.-യും, ദിവസബത്തയുമാണ് കൊടുത്തിരുന്നത്. ഒരു മെംബർ ഈ സഭയിൽ ഒരു ദിവസം ഹാജരായാൽ അദ്ദേഹത്തിന് ദിനബത്തവകയിൽ ൧൦ രൂപയും, ടി. എ. യുമാണ് കൊടുത്തിരുന്നത്. എന്നാൽ ദിനബത്തയും ടി. എ. യും വാങ്ങുന്നതിനു പകരം ഒരു കൺസാളിഡേററഡ് അലവൻസു എന്നരീതിയിൽ വാങ്ങാമെന്നുകൂടി വ്യവസ്ഥയുണ്ടായിരുന്നു. ഡി. എ. ൧൦ രൂപയും, ടി. എ. യും ഈ സഭയിലെ അംഗങ്ങൾക്കു സാധാരണയായി കൊടുത്തുവന്നിരുന്ന ഒരു വേതനമാണ്. ഈ വ്യവസ്ഥ അല്പകാലത്തിനുമുൻപുണ്ടായിരുന്നതു്. ഇപ്പോൾ നിയമസഭയിലുള്ള അംഗങ്ങളുടെ വേതനത്തെപ്പററി പരിശോധിച്ചതിൽ ഇൻഡ്യയിലുള്ള എല്ലാ സംസ്ഥാനങ്ങളിലും മെംബറന്മാർക്ക് ഡി. എ.-ക്കു പുറമെ പ്രതിമാസം ഒരു ഫിക്സഡ് അലവൻസുകൂടി കൊടുക്കുന്ന വ്യവസ്ഥ അംഗീകരിച്ചിരിക്കുന്നതായി കാണുന്നു. അതിനുള്ള കാരണം, നിയമസഭയിലെ മെംബറന്മാരുടെ പ്രസംഗങ്ങളും മററനവധി പ്രസ്താവനകളും പരിശോധിച്ചതിൽ പൊതുജനങ്ങളോടും നിയമസഭയോടും ഉത്തരവാദിത്വമുള്ള ഈ മെംബറന്മാരുടെ ചുമതലകളും അവരുടെ പ്രവർത്തനസീമയും വളരെയേറെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ്. നിയമസഭാകാലങ്ങളിൽ ഒരു മെംബറെന്ന നിലയിൽ പത്തോ ഇരുപതോ ദിവസം സഭയിൽ ഹാജരായി നടപടികളിൽ പങ്കെടുത്തിട്ട് പിരിഞ്ഞുപോകുന്ന ഒരു പതിവായിരുന്നു മുൻപുണ്ടായിരുന്നതു്. എന്നാൽ ഇന്നു അത്തരത്തിലുള്ള പ്രതിനിധികളെ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

യല്ല രാജ്യം ആവശ്യപ്പെടുന്നതു്. രാജ്യത്തിനും ജനങ്ങൾക്കുംവേണ്ടി ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചു് രാജ്യസേവനം നടത്തുന്ന ഒരു യഥാർത്ഥ പ്രവർത്തകരെയാണു ആവശ്യപ്പെടുന്നതു്. നിയമസഭാസമ്മേളനം കഴിഞ്ഞയുടൻതന്നെ ഒരു മെംബർ തന്റെ നിയോജകമണ്ഡലത്തിൽ ഉൾക്കൊണ്ടിട്ടുള്ള ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു്, അവർക്കുണ്ടായിട്ടുള്ള അവശതകളും ആവശ്യങ്ങളും നല്ലവണ്ണം മനസ്സിലാക്കി നിയമസഭയിൽ പ്രതിഫലിപ്പിക്കുകയാണു വേണ്ടതു്. ഈ സംപ്രദായം ഇൻഡ്യയിൽ മാത്രമല്ല, ഗ്രേറ്റ് ബ്രിട്ടൻ തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലെ നിയമസഭാസാമാജികന്മാരും അവരുടെ മുഴുവൻ സമയവും പൊതുജന സേവനാർത്ഥം ചെലവിടുന്നതായിട്ടാണു കാണുന്നതു്. ഈ വിധത്തിൽ സേവനം അനുഷ്ഠിക്കുന്ന മെംബറന്മാർക്കു പലയിനങ്ങളിൽ ചെലവു വർദ്ധിക്കാനിടയുണ്ടു്. അതുകൊണ്ടാണു ഡി. ഏ.-ക്കു പുറമെ ഒരു ഫിക്സഡ് അലവൻസുകൂടി കൊടുക്കാൻ ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നതു്. ഫിക്സഡ് അലവൻസ് എന്ന പദം യുക്തമായ, പ്രതിമാസം ൧൫൦ രൂപാ ഒരു മെംബറിനു് വേതനമായി കിട്ടുന്നതാണു്. ഇങ്ങനെ കണക്കാക്കപ്പെട്ടതായിട്ടുള്ളതു് ഗവൺമെൻറിന്റെയോ, അഥവാ ഏതെങ്കിലും ഒരു പാർട്ടിയുടെയൊ താൽപ്പര്യത്തെ മുൻനിറുത്തിയാണെന്നു വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ ബില്ലു സെലക്ററകമ്മിററിക്കു് അയച്ചപ്പോൾ പ്രതിപക്ഷത്തുള്ള അംഗങ്ങളെക്കൂടി സെലക്ററകമ്മിററിയിൽ ഉൾപ്പെടുത്താനുള്ള സൗകര്യം കിട്ടിയിരുന്നില്ല. അവർകൂടി സെലക്ററകമ്മിററിയംഗങ്ങളായിരിക്കേണ്ടതായിരുന്നുവെന്നു ഞാനും സമ്മതിക്കുന്നു. സർ, ദിനബത്ത ൧൫ രൂപയിൽനിന്നും ൧൦ രൂപയാക്കി കുറയ്ക്കണമെന്നാണു ഇപ്പോഴത്തെ സെലക്ററകമ്മിററി ശുപാർശചെയ്യുന്നതു്. അങ്ങനെ ശുപാർശ ചെയ്യുന്ന അവസരത്തിൽ തന്നെ അംഗങ്ങൾക്കു സ്ഥിരമായിട്ടുള്ള ഒരു അലവൻസു് വേണമെന്നുള്ള തത്വവും അംഗീകരിച്ചിട്ടുണ്ടു്. ഈ വ്യവസ്ഥയെ പരസ്യമായിട്ടു ആരും തന്നെ പ്രതിഷേധിച്ചിട്ടില്ല. എങ്കിലും ഒരു ദിവസം ദിനബത്തയിനത്തിൽ ഒരു മെംബർക്കു ൧൦ രൂപ കൊടുക്കുന്നതു അധികമായിപ്പോയെന്നും ഫിക്സഡ് അലവൻസുള്ളസ്ഥിതിക്കു് ഇത്രത്തോളം ദിനബത്ത കൊടുക്കുന്നതു ശരിയല്ലെന്നും മററും രഹസ്യമായി ചില അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടു്. എങ്കിലും അതു സ്വീകരിക്കണമെന്നു ഗവൺമെൻറ വിചാരിക്കുന്നില്ല. തിരുവനന്തപുരത്തു വരുന്ന നിയമസഭാംഗങ്ങൾ ഹോട്ടലിലൊ, അല്ലെങ്കിൽ മറെറതെങ്കിലും ലാഡ്ജുകളിലൊ താമസിച്ചു ഭക്ഷണവും കഴിച്ചു് കിടന്നുറങ്ങിയാൽ മാത്രം പോരാ. പൊതുജനനന്മയ്ക്കുവേണ്ടി പല കാര്യങ്ങളും നിർവഹിക്കാനുണ്ടാവും. അതിനിടയിൽ പാർട്ടിമീററിംഗിനു ഹാജരാകേണ്ടതുണ്ടു്. ഇങ്ങനെ പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. ഈ വകയ്ക്കു പ്രതിമാസം ൧൫൦ രൂപ ശമ്പളം കൂടാതെ പ്രതിദിനം ൧൦ രൂപയാണു ദിനബത്ത വച്ചിരിക്കുന്നതു്. ഈ ൧൦ രൂപ ഒരു മെംബർക്കു ന്യായമായ രീതിയിൽ തിരുവനന്തപുരത്തു കഴിച്ചുകൂട്ടുന്നതിനു് ധാരാളം മതിയാകുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഈ ദിനബത്തയെസംബന്ധിച്ചു് ആർക്കെങ്കിലും എതിരഭിപ്രായം ഉണ്ടായിരിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. അനിതരസാധാരണമായ ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ യഥാർത്ഥത്തിൽ പൊതുജനസേവനത്തിന്റെ പേരി

ലാണ് ഇവിടെ മെംബറന്മാരായി വന്നിരിക്കുന്നതു്. അവക്കു് എന്തു ദിനബത്തയാണ് ന്യായമായി ആവശ്യമുള്ളതെന്നു തീരുമാനിക്കാനുള്ള അവകാശവും അധികാരവും അവരിൽത്തന്നെയുണ്ടു്. ഏററവും മിതവും ന്യായവുമായിട്ടുള്ള ഒരു ദിനബത്തയാണിതെന്നു ഞാൻ പറയുമ്പോൾ യഥാർത്ഥത്തിൽ പൊതുജനസേവനത്തെ മാത്രം ലാക്കാക്കുന്ന ഒരു പ്രതിനിധി അതു സമ്മതിക്കുമെന്നുതന്നെയാണ് എൻെറ വിശ്വാസം. ഇൻഡ്യയിൽ മററുള്ള സ്റ്റേററുകളിലും ഏററവും ന്യായമായും, മിതമായും ഉള്ള ഒരു സാലറിക്കു പുറമെ, ദിനബത്തയും കൊടുത്തുവരുന്ന സ്ഥിതിക്കു് ആ ഒരു വ്യവസ്ഥതന്നെയാണ് ഇവിടെയും അംഗീകരിക്കേണ്ടതെന്നു നിശ്ചയിച്ചതിൻെറ ഫലമായിട്ടാണ് ഈ ബിൽ ഈ സഭയിൽ ഹാജരാക്കിയിരിക്കുന്നതു്. അതുകൊണ്ടു ഈ ബിൽ വിചാരണയ്ക്കു എടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ഞാൻ പിൻതാങ്ങുന്നു.

The question that the Travancore-Cochin Payment of Salaries and Allowances Act (Amendment) Bill, as reported by the Select Committee, be taken into consideration, was put and carried.

The Bill was taken into consideration.

CLAUSE 2.

The question that Clause 2 stand part of the Bill was put and carried.

The Clause was added to the Bill.

CLAUSE 3.

Shri A. Kunjan Nadar : Sir, I move the following amendment :

Delete 8 (1) (b) of Section 3, and add to 8 (1) (a) :

"travelling allowance at the rate specified in the schedule for attending meetings of the Legislative Assembly, and travelling and daily allowances at the rate specified in the schedule for attending meetings of any committee thereof or of any committee or Board constituted by Government."

ഈ ഭേദഗതി ഞാൻ ഇവിടെ ഹാജരാക്കുന്നതു് ഒരു ലൈററ് ഹാർട്ടെഡ് മൂഡിൽ അല്ല എന്നുള്ള വിവരം ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ. ദീർഘദിവസങ്ങളായി ഈ സഭയിൽ നടന്ന അതിതീക്ഷ്ണതയോടുകൂടിയ വാദപ്രതിവാദങ്ങൾ വളരെ ശ്രദ്ധയോടുകൂടി ഞാൻ പഠിക്കുകയായിരുന്നു. പല കാര്യങ്ങളിലും ഗവണ്മെൻറു പക്ഷത്തുനിന്നും പ്രതിപക്ഷകക്ഷികളെ വെല്ലുവിളിക്കുന്നതും കേൾക്കാനിടയായി. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒന്നുകൂടി പറയാനുണ്ടു്. ധനകാര്യമന്ത്രി വളരെ സമർത്ഥനെന്നു് ഞാൻ കേട്ടിട്ടുണ്ടു്. പക്ഷെ ഇത്രത്തോളം ബുദ്ധിമാനും സമർത്ഥനമാണെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. നിയമസഭാംഗങ്ങളുടെ സാലറിയെ സംബന്ധിച്ചു് ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഒരു പരിപൂർണ്ണ

[ശ്രീ. എ. കുഞ്ഞൻനാടാർ]

നിശ്ശബ്ദതയാണ് ഇവിടെ കാണുന്നത്. ഈ ബിൽ സെലക്ട് കമ്മിററിക്കയച്ചപ്പോൾ പ്രതിപക്ഷകക്ഷിയോട് ആലോചിക്കാൻ സമയം കിട്ടിയിട്ടില്ലെന്നും, അവരോട് ആലോചിക്കേണ്ടതായിരുന്നുവെന്നും, അസൗകര്യംകൊണ്ട് സാധിച്ചില്ലെന്നുംമററും ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. എനിക്കത് വിശ്വസിക്കാൻ നിവൃത്തിയില്ല. തീർച്ചയായും പ്രതിപക്ഷത്തോട് ആലോചിച്ചുകൊണ്ടുതന്നെയാണ് ഈ ബിൽ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. കഴിഞ്ഞ നാലുവർഷക്കാലമായിട്ട് കാൺഗ്രസ്സുകാർമാത്രമെ ഈ സഭയിൽ ഉണ്ടായിരുന്നുള്ളു. അന്ന് ശമ്പളം കൂട്ടാനുള്ള ധൈര്യം കാൺഗ്രസ്സ് ഗവൺമെൻറിനുണ്ടായില്ല. ഇപ്പോഴാകട്ടെ, ൩൩ അംഗങ്ങളോളം ഉള്ള ഐക്യമുന്നണിക്കാർ പ്രതിപക്ഷത്തുണ്ട്. ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ അതിൻെറ ഉത്തരവാദിത്വം കാൺഗ്രസ്സുപാർട്ടിക്കല്ല, പ്രതിപക്ഷകക്ഷിക്കാണ്. കഴിഞ്ഞ നാലു കൊല്ലത്തെ അപേക്ഷിച്ച് എന്തു പുതിയ പരിതഃസ്ഥിതിയാണ് സംജാതമായിട്ടുള്ളത്. മുൻകാലത്തെ അപേക്ഷിച്ച് ജീവിതച്ചെലവ് വളരെ ചുരുങ്ങിയിരിക്കുന്ന ഒരു കാലഘട്ടമാണിത്. ആഹാരത്തെ സംബന്ധിച്ചു മാത്രമല്ല മറെറല്ലാ കാര്യങ്ങളിലും ചെലവ് കുറഞ്ഞിട്ടുള്ള ഒരു അവസരമാണിത്. പെട്രോൾവില കുറഞ്ഞു, ടാക്സിവാടക കുറഞ്ഞു, ഹോട്ടൽ ചെലവു കുറഞ്ഞു. കാൺഗ്രസ്സ് ഗവൺമെൻറിന് ഭരണം നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷകക്ഷിയെ സ്വാധീനം ചെയ്യാൻവേണ്ടി അല്ലെങ്കിൽ അവരുടെ മുറവിളി കുറെ കുറയ്ക്കാൻവേണ്ടി മററു ഭരണകക്ഷികളെപ്പോലെ ചില വെയിററുകൾ ഇടേണ്ട ആവശ്യമുണ്ട്. ആ സ്ഥിതിക്ക് അവരെ ഞാൻ കുററം പറയുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : കമ്മിററിയിൽ അംഗത്വം കിട്ടാനിടയുണ്ടെന്നുവിചാരിച്ച് ഞങ്ങളുടെ ശബ്ദം കുറയ്ക്കാൻ നിശ്ചയിച്ചിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : അതുതന്നെയാണ് ഞാനാഗ്രഹിക്കുന്നതും. എന്നെ സംബന്ധിച്ചാണെങ്കിൽ എൻെറ ശബ്ദം കുറയുന്നതല്ലെന്നുള്ളതിന് തെളിവ് ഈ അമൻറമെൻറ തന്നെയാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ഇനി എന്തു കിട്ടിയാലാണ് ഈ ശബ്ദം കുറയുന്നത് ? (ഉത്തരമില്ല.)

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, ചെലവു കൂടുന്നതിലേക്കുള്ള യാതൊരു പരിതഃസ്ഥിതിയും ഇപ്പോൾ ഉണ്ടായിട്ടില്ല.

ഐ. എസ്സ്. പി. യിലെ ബഹുമാനപ്പെട്ട ഒരു അംഗംകൂടി ഈ സെലക്ട് കമ്മിററിയിൽ ഉണ്ട്. അദ്ദേഹം ഈ രാജ്യത്തിനുവേണ്ടി ഏററവും കൂടുതൽ ത്യാഗം അനുഷ്ഠിച്ചിട്ടുള്ള ഒരു വ്യക്തിയായിട്ടാണ് ഞാൻ അദ്ദേഹത്തെ പരിഗണിക്കുന്നത്.

Mr. Speaker : What? Is it, all about the amendment? Now, you are discussing about personalities.

ശ്രീ. എ. കുഞ്ഞൻനാടാർ : അദ്ദേഹം രാജ്യനന്മയെ ലാക്കാക്കി കൂടുതൽ ബഹളം ഉണ്ടാകാതിരിക്കട്ടെ എന്ന് വിചാരിച്ച് ഇതു പാസാക്കിക്കൊള്ളട്ടെ എന്ന് കരുതിയായിരിക്കണം ഒന്നും പറയാതിരിക്കുന്നത്.

Mr. Speaker: Yes, you have entered into his motive.

ശ്രീ. എ. കുഞ്ഞൻനാടാർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒടുവിൽ പ്രസ്താവിച്ച സംഗതിയെക്കുറിച്ച് ഇനി ചിലതു പറയണമെന്ന് ഞാൻ വിചാരിക്കുന്നു.

Mr. Speaker: I want to know exactly what is the difference between the amendment and the clause as it stands. You please enlighten me.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ ബിൽ നമുക്കുവേണ്ടി നാം തന്നെ പാസ്സാക്കുന്ന ഒരു നിയമമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നുള്ള കാര്യം വിസ്മരിക്കുവാൻ പാടുള്ളതല്ല.

Mr. Speaker: Please come to the amendment

ശ്രീ. എ. കുഞ്ഞൻനാടാർ: ഇതിനുമുമ്പുണ്ടായിരുന്ന പതിവ്, ഒന്നുകിൽ പ്രതിമാസം ൧൨൦ രൂപ അല്ലെങ്കിൽ ൧൫ രൂപ ഡെയിലി അലവൻസും ട്രാവലിംഗ് അലവൻസും എന്നുള്ളതായിരുന്നു. ബിൽ അനുസരിച്ച് ൧൨൦ രൂപായും ൧൫ രൂപായും ട്രാവലിങ്ങ് അലവൻസ് മാക്കി അതായതു് ഇരട്ടിയാക്കി സെലക്ട് കമ്മററിയുടെ റിപ്പോർട്ടിൽ ൧൫ രൂപയെന്നുള്ളതു് ൧൦ രൂപയാക്കി.

Shri Anthonie Andrew Daniel Luiz: Sir, let me put a question for information.

ശ്രീ. എ. കുഞ്ഞൻനാടാർ: ബഹുമാനപ്പെട്ട മെംബർക്ക് നൽകത്തക്കവണ്ണമുള്ള ഇൻഫർമേഷൻ ഒന്നും എനിക്കില്ല. (ചിരി)

Shri Anthonie Andrew Daniel Luiz: If the Member does not care to draw the enhanced rates as allowed by the Bill, he can certainly refrain from doing so. May I know, Sir, whether this Member is going to do so.

ശ്രീ. എ. കുഞ്ഞൻനാടാർ: ബില്ലിൽ അങ്ങിനെയുള്ള പ്രൊവിഷൻ ഞാൻ കാണുന്നില്ല. ൧൨൦ രൂപ സ്ഥിരഅലവൻസും ട്രാവലിംഗ് അലവൻസും മതിയെന്നാണ് എന്റെ ഭേദഗതിയുടെ താല്പര്യം. ഈ ബില്ലിന്റെ പേരുതന്നെ ഒന്നു മാററിയാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം. സാലറി എന്നു പറഞ്ഞാൽ സ്ഥിരമായി ശമ്പളം വാങ്ങുന്ന ഉദ്യോഗമെന്നാണ് അർത്ഥം. അങ്ങനെ പറയുന്നതു് അംഗങ്ങൾക്ക് ഒരു കുറവാണ്. സാലറി വാങ്ങിയാൽ നാം നമ്മെതന്നെ തരംതാഴ്ത്തുകയാണ്. അതുകൊണ്ട് സാലറീസ് ബിൽ എന്നു പറയുന്നതിനെക്കാൾ നല്ലതു് അലവൻസ് ബിൽ എന്നു മാററുന്നതായിരിക്കും. ൧൨൦ രൂപാ സാലറിയെന്നുള്ളതു് ൧൨൦ രൂപാ അലവൻസ് എന്നു മാററണം. ൧൨൦ രൂപാകൊണ്ട് ഈ സഭയിലെ മെമ്പറന്മാരുടെ എല്ലാ ആവശ്യങ്ങളും നിറവേററപ്പെട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല. മാത്രമല്ല പത്തോ പതിനഞ്ചോ രൂപകൂടെ കിട്ടിയതുകൊണ്ടും അവരുടെ വിഷമങ്ങൾ തീരാൻ പോകുന്നതുമില്ല. യഥാർത്ഥത്തിൽ ഒരാൾക്ക് ഈ സഭയിലെ അംഗമെന്ന നിലയിൽ അദ്ദേഹത്തിനുള്ള ചുമതലകൾ വഹിക്കുന്നതിനുള്ള പ്രേരണാ

[ശ്രീ. ഏ. കുഞ്ഞൻനാടാർ]

ശക്തി അലവൻസല്ല. വാളന്റെറി സർവ്വീസാണ്. സഭയിലെ അംഗങ്ങൾ ചെയ്യുന്ന യാതൊരു സംഗതിയും പ്രതിഫലത്തിനു വേണ്ടിയല്ല. അതു രൂപാ അണ പൈസയിൽ കണക്കാക്കാവുന്നതുമല്ല. വാളന്റീയർ സർവ്വീസായിട്ട് ഇതിനെ പരിഗണിക്കേണ്ടതാണ്. അല്ലാതെ രൂപാ അണാ പൈസാ എന്ന കണക്കിൽ പ്രതിഫലം കണക്കാക്കാൻ പാടില്ല. ഇപ്പോഴുള്ള ൨൫൦ രൂപായെന്നു പറഞ്ഞാൽ അതുതന്നെ ഒരു നിസ്സാരമായ തുകയല്ല. ഞാൻ കണക്കു പറയാം, ആണ്ടിൽ ഒരംഗത്തിനു കിട്ടുന്നതു് ൨൪൪൦ രൂപയാണ്. ഒരാണ്ടിൽ ൧൦ മുതൽ ൧൫ ദിവസംവരെ ഈ ഹൗസിനു സിറ്റിംഗ് കാണും, അങ്ങനെ നോക്കിയാൽ സിറ്റിംഗുള്ള ഒരു ദിവസം ൪൦ രൂപ എന്ന കണക്കിനു പ്രതിഫലം കിട്ടുന്നുണ്ടെന്നുകാണും. ഈ തുക ധാരാളം മതിയാവുന്നതാണ്. ഈ ഇനത്തിൽ ഇൻവാൾവ് ചെയ്യുന്ന തുക വളരെ കുറച്ചു മാത്രമേ ഉള്ളുയെന്നു് വിചാരിക്കാൻ നിവൃത്തിയില്ല. ചില പ്രതിപക്ഷ മെമ്പറന്മാർ ഈ ആർഗ്യുമെന്റു ഇവിടെ പറയുന്നതു് ഞാൻ കേട്ടിട്ടുണ്ട്. ഒരുകൊല്ലത്തേക്കു് ഈ ഇനത്തിൽ എന്തു ചെലവാണ് ഉണ്ടാകുന്നതെന്നു് നോക്കിയാൽ ഇപ്പോൾ നിലവിലിരിക്കുന്ന റേററനുസരിച്ചു്, ഐക്യമുന്നണിക്കാർ മാത്രം പററുന്നതു് ൪൭,൫൦൦ രൂപയ്ക്കും ൫൨,൫൦൦ രൂപയ്ക്കും ഇടയ്ക്കുള്ള ഒരു സംഖ്യയാണ്. ശരാശരി എടുത്താൽ ൫൦,൦൦൦ രൂപാവീതം അവർമാത്രം പററുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ അഞ്ചുകൊല്ലത്തേക്കു് ൨,൫൦,൦൦൦ രൂപ അവർ മാത്രം പററുന്നതായി കാണാവുന്നതാണ്. പുതിയ നിരക്കനുസരിച്ചു് രണ്ടുലക്ഷം രൂപയാണ് ഈ ഇനത്തിൽ അവർക്കു മാത്രം കൂടുന്നതു്. ഈ സഭ മുഴുവനും എടുത്തുനോക്കിയാൽ ഒരു വലിയ സംഖ്യ വരുന്നുണ്ട്. ഇതു് ആരുടെ പണമാണെന്നു നാം ആലോചിക്കേണ്ടതാണ്. ഇതു് പാവപ്പെട്ടവരുടെ പണമാണ്. നാം ഈ പണത്തിന്റെ ട്രസ്റ്റികൾ മാത്രമാണ്. ഇങ്ങനെ കൂടുതൽ വാങ്ങാൻ നമുക്കു എന്തവകാശമാണുള്ളതു് ?

<u>ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ</u> : അങ്ങ് ഈ ദിവസപ്പടി ഉപേക്ഷിക്കുവാൻ സന്നദ്ധനാണോ ?

<u>ശ്രീ. ഏ. കുഞ്ഞൻനാടാർ</u> : ഈ സഭ അങ്ങനെ തീരുമാനിക്കുന്ന പക്ഷം ഞാനും അതിനു തയ്യാറാണ്.

ഇപ്രകാരം ഒരു വലിയ തുക കൂടുതൽ തരണമെന്നു പറയുന്നതു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ ഇന്നത്തെ പരിതഃസ്ഥിതിയിൽ ന്യായമാണോയെന്നു നോക്കേണ്ടിയിരിക്കുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളം കൂട്ടികൊടുക്കുവാൻ നമുക്കു പണമില്ല. എൻ. ജി. ഒ.മാർക്കു പണമില്ല. ഇങ്ങനെ മററു പലതിനും പണമില്ല.

<u>ശ്രീ. ടി. കെ ദിവാകരൻ</u> : മെമ്പറുടെ കമ്മിററിയിൽ സിററിംഗ് ഫീ എന്തായിരിക്കണം ?

Shri Kunjan Nadar : I do not yield.

ഈ തുക മററു വല്ലവരും തന്നിരുന്നുവെങ്കിൽ നമുക്ക് ഇതു് പാസ്സാക്കാമായിരുന്നു. നമ്മുടെ കയ്യിൽ വിശ്വസിച്ചു് ഏല്പിച്ചിട്ടുള്ള തുകയെ

നാംതന്നെ നിയമംപാസാക്കി എടുക്കുന്നതു മഹാപാപമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് ഈ ഭേദഗതി അനുവദിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ്: സർ, ഞാൻ ഈ ഭേദഗതിയെ വളരെ ശക്തിയായി എതിർക്കുന്നു. വളരെ ഗൗരവബുദ്ധിയോടുതന്നെയാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. ശ്രീ. കുഞ്ഞൻനാടാർ ഈ ഭേദഗതിയിൽക്കൂടി പ്രകടമാക്കിയിട്ടുള്ള നിസ്സ്വാർത്ഥതയേയും ത്യാഗസന്നദ്ധതയേയും ഞാൻ ചോദ്യം ചെയ്യുന്നില്ല. അതോടൊപ്പം തന്നെ, എനിക്കും എന്റെ പാർട്ടിക്കും ഈ ഭേദഗതിയെ അനുകൂലിക്കുവാൻ പ്രായോഗികവും സിദ്ധാന്തപരവുമായ ചില വൈഷമ്യങ്ങൾ ഉണ്ടെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

ശ്രീ. കുഞ്ഞൻ നാടാരുടെ ഭേദഗതി, നിയമസഭ സമ്മേളിക്കുന്ന ദിവസങ്ങളിൽ അലവൻസു വേണ്ടെന്നും എന്നാൽ കമ്മിററി കൂടുന്ന അവസരങ്ങളിൽ—ദിവസങ്ങളിൽ—അലവൻസു കിട്ടണമെന്നും അതു് ൧൫ രൂപാ ആയിരിക്കണമെന്നുമാണ്. അദ്ദേഹം ഒരു കമ്മററിയിലെ മെമ്പറും കൂടി ആയിരിക്കുന്ന സ്ഥിതിക്കു് ഈ ഭേദഗതിയുടെ ഉദ്ദേശം വ്യക്തമാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഞാൻ ഈ കമ്മിററിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പാണ് ഈ ഭേദഗതി അയച്ചിരുന്നതെന്നു അറിയാമോ?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അതിനുമുമ്പു അഞ്ചു് കരിപ്പട്ടി കമ്മിററിയിലെ അംഗമായിരുന്നില്ലേ? (ചിരി)

ശ്രീ. ടി. വി. തോമസ്: അദ്ദേഹം ചില കമ്മിററികളിലെ അംഗമായിരിക്കുന്നതുകൊണ്ടു ആണ് ഇപ്രകാരം ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു്. കമ്മിററി കൂടുന്ന അവസരത്തിൽ ദിവസം ൧൫ രൂപ കിട്ടണമെന്നാണ് ഭേദഗതി.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഞാൻ കമ്മിററിയിലെ മെമ്പറായതുകൊണ്ടല്ല ഇപ്രകാരം ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. ടി. വി. തോമസ്സ്: അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല.

സർ, പ്രയത്നത്തിനു തക്കതായ പ്രതിഫലം കൊടുക്കണമെന്നുള്ള നിരാക്ഷേപമായ തത്വത്തെ ഇവിടെ ആരും—ശ്രീ. കുഞ്ഞൻ നാടാർ ഉൾപ്പെടെ--എതിർക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തക്ക പ്രതിഫലം എന്നു ഞാൻ പറയുമ്പോൾ ഒരു ആൾ ഏറെറടുക്കുന്ന ചുമതല കാര്യക്ഷമമായും ആത്മാർത്ഥമായും നിറവേററുവാനുള്ള കഴിവു് ഉണ്ടാക്കിക്കൊടുക്കുകയെന്നാണ് അതിന്റെ അർത്ഥം. ഇതു വച്ചു നോക്കുമ്പോൾ ഈ ജനപ്രതിനിധിസഭയിലെ അംഗങ്ങൾക്കു് അവരുടെ നിയോജകമണ്ഡലങ്ങളിലെ ബഹുജനങ്ങളുമായി ഏററവും അടുത്ത സമ്പർക്കം പുലർത്തേണ്ട ഈ കാലഘട്ടത്തിൽ അവരുടെ നിയോജകമണ്ഡലങ്ങളിൽ ചുററി സഞ്ചരിക്കുന്നതിനായി ൧൫൦ രൂപാ പ്രതിമാസം അലവൻസു കിട്ടുന്നതു് മതിയാകുമൊ

[ശ്രീ. ടി. വി. തോമസ്.]

എന്നു നോക്കേണ്ടതാണ്. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടുതന്നെയാണു മന്ത്രിമാർക്കുള്ള പെട്രോൾ അലവൻസ് ൧൭൫ രൂപയിൽനിന്ന് ൨൫൦ രൂപയാക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചതു്. ഇന്നു നിയമസഭാംഗങ്ങൾക്കു കിട്ടുന്ന വേതനം എന്താണെന്നു നാം മനസ്സിലാക്കണം. ഒന്നുകിൽ മാസത്തിൽ ൧൨൦ രൂപാ, അല്ലെങ്കിൽ നിയമസഭ സമ്മേളിക്കുമ്പോൾ ആ ദിവസങ്ങളിൽ ൧൫ രൂപ അലവൻസും അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രപ്പടിയും. ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമേ വാങ്ങുവാൻ പാടുള്ളു. ഈ ബിൽ ഇവിടെ അവതരിപ്പിച്ച അവസരത്തിൽ പ്രതിപക്ഷം സ്വീകരിച്ച നിലയെപ്പററി ഒരു തെററിദ്ധാരണ ഉണ്ടായിരിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നതു്. ൧൨൦ രൂപാ അലവൻസിനു പുറമെ ൧൫ രൂപാ ഡെയിലി ബാററാ വാങ്ങുന്നവരാണെന്നും അതു പോരാഞ്ഞിട്ട് വീണ്ടും കൂടുതലാവശ്യപ്പെടുന്നവരെന്നുമാണ്. ആ തെററിദ്ധാരണയാണെന്നാണ് ഞാൻ മനസിലാക്കുന്നതു്. അതു ശരിയല്ല. ൧൨൦ രൂപാ മാസഅലവൻസായി കിട്ടുക അല്ലെങ്കിൽ സഭ സമ്മേളിക്കുമ്പോൾ ഇവിടെ വന്നു താമസിക്കുന്നതിനുള്ള ചെലവിനായി ൧൫ രൂപാ തരിക, ഇതിൽ ഏതെങ്കിലും ഒന്നേ പാടുള്ളു. ഇതാണ് പരമാർത്ഥമെങ്കിൽ, ഇന്നു നാം ഏറെറടുത്തിരിക്കുന്ന ചുമതല ആത്മാർത്ഥമായും കാര്യക്ഷമമായും നിർവഹിക്കുന്നതിനു് ഈ തുക മതിയാകുമോയെന്നു നോക്കേണ്ടതാണ്. പോരെങ്കിൽ ന്യായമായ വേതനം ആവശ്യപ്പെട്ടു വാങ്ങേണ്ടതാണ്, എന്നുള്ള തത്വത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഇതു് വാങ്ങുന്നതിൽ ഒരു ലജ്ജയും ഞങ്ങൾക്കില്ല. ഞങ്ങൾ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങളിലെ ജനങ്ങളോടു് ഞങ്ങൾക്കു് ഇതു് ആവശ്യം വേണ്ടതാണെന്നു ധൈര്യത്തോടും സങ്കോചം കൂടാതെയും പറയുവാനുള്ള സേവനപാരമ്പര്യം ഞങ്ങൾക്കുണ്ടു്. അതില്ലാത്തവർക്കു മാത്രമാണ് ലജ്ജയും വിഷമവും എന്നുമാത്രമേ എനിക്കു പറയുവാനുള്ളു.

ശ്രീ. കുഞ്ഞൻ നാടാർ അദ്ദേഹത്തിന്റെ ഭേദഗതിയിൽ പറയുന്നതു് അദ്ദേഹം അസംബ്ലിയിൽ വരുന്ന ദിവസങ്ങളിൽ അലവൻസു വേണ്ടെന്നും എന്നാൽ കമ്മററികൾ കൂടുമ്പോൾ ദിവസം ൧൫ രൂപാവീതം വേണമെന്നുമാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ മിക്കവാറും കമ്മററികൾ കൂടുന്നതു് അസംബ്ലി കൂടുമ്പോഴാണ്. അതുകൊണ്ടു് ആ അവസരത്തിൽ അലവൻസു വേണ്ടെന്നു പറയുന്നതുകൊണ്ടു് ഒരു നഷ്ടവും വരാനില്ല. ഈ ബിൽ ഇവിടെ അവതരിപ്പിച്ച അവസരത്തിൽ അതിനെ എതിർക്കുന്നതിനുവേണ്ടി ഇതു് ഒരു നിസ്വാർത്ഥസേവനമാണ്. ൧൫ രൂപാ വളരെ കൂടുതലാണ് എന്നൊക്കെ പറഞ്ഞു ഞങ്ങൾക്കും പ്രസംഗിക്കാമായിരുന്നു. എന്നിട്ടു് ഭരിപക്ഷത്തിന്റെ തീരുമാനത്തിന്റെ പേരിൽ നിർദ്ദേശിച്ച ൧൫ രൂപാ തന്നെ വാങ്ങിയെടുക്കാമായിരുന്നു. എന്നാൽ ഞങ്ങൾ സ്വീകരിച്ച നില അതല്ല. നിവൃത്തിയുള്ളിടത്തോളം ഇതെപ്പററി ഒരു ഒത്തുതീർപ്പുണ്ടാകണമെന്നാണ് ഞങ്ങൾ തീരുമാനിച്ചതു്. നിവൃത്തിയുള്ളിടത്തോളം ഏററവും മിതമായ ഈ തുക തീരുമാനിക്കാനിടയാക്കണമെന്നാണ് ഞങ്ങളാഗ്രഹിച്ചതു്.

[3. P. M.]

അതുകൊണ്ടാണു് സെലക്ടുകമ്മിററിയിലേക്കു് ഞങ്ങൾ ഒത്തുതീർപ്പു മനഃസ്ഥിതിയോടു കൂടി പോയതു്. ഇതു് ഞങ്ങളുടെ മാത്രം പ്രശ്നമല്ല. ഞങ്ങൾക്ക വേണമെങ്കിൽ ഏഴു രൂപയോ അഞ്ചു രൂപയോ വാങ്ങിക്കൊണ്ടു സേവനം നടത്താൻ സാധിക്കും. അതു് തിരുവിതാംകൂർ-കൊച്ചിയിലെ പൊതുജനങ്ങൾ നല്ലതുപോലെ മനസ്സിലാക്കിയിട്ടുമുണ്ടു്. അത്രയ്ക്കു് സേവനപാരമ്പര്യം ഞങ്ങൾക്കുണ്ടെന്നു് ഈ നാട്ടിലെ ജനങ്ങൾക്കു് അറിയാവുന്നതാണു്. ഇതു് കാര്യക്ഷമമായി അവരുടെ കടമ നിർവഹിക്കണമെന്നാഗ്രഹിക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലെയും പ്രതിനിധികളെ സംബന്ധിക്കുന്ന ഒരു പ്രശ്നമാണു്. അതുകൊണ്ടു് എല്ലാവർക്കും ഒരുപോലെ അംഗീകരിക്കാവുന്ന ന്യായമായ അടിസ്ഥാനത്തിലുള്ള ഒരു വേതനം അനുവദിച്ചിരിക്കണമെന്നു് ഞങ്ങൾ തീരുമാനിച്ചു. ൧൫ രൂപ കൂടുതലാണെന്നു തോന്നി. അതേയവസരത്തിൽ ൧൦ രൂപാ കൂടുതലാണെന്നു പറയുന്നതിനു് യാതൊരു ന്യായവും കാണുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ വന്നു താമസിക്കുന്ന ഒരാളിന്റെ ചിലവിനെപ്പററി പറയുകയുണ്ടായി. അതു് ശരിയാണെന്നു ഞാൻ പറയുന്നു. ഗവണ്മെൻറുഭാഗത്തുനിന്നും പറയുന്ന ശരിയായ കാര്യങ്ങൾ സമ്മതിക്കുന്നതിനു് എനിക്കു് യാതൊരു സങ്കോചവുമില്ല. അങ്ങനെ സമ്മതിക്കുന്നതുകൊണ്ടു് എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ എന്നെ തെററിദ്ധരിക്കുകയില്ലെന്നു ഞാൻ അഭിമാനിക്കുന്നുണ്ടു്. നിയമസഭ നടക്കുന്ന അവസരങ്ങളിൽ അലവൻസു വേണ്ടെന്നും കമ്മിററി നടക്കുമ്പോൾ അതു വേണമെന്നും ശ്രീ. കുഞ്ഞൻനാടാർ പറയുകയുണ്ടായി.

ശ്രീ. എ. കുഞ്ഞൻനാടാർ: ൧൫ രൂപ സ്ഥിരമായി നൽകുന്നതു് അലവൻസാണെന്നു് ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. ടി. വി. താമസ്സു്: മനസ്സിലാകുന്നില്ല. ആദർശവാദികളുടെ ചില നടപടികളും മാനസിക പ്രേരണകളും ചിലപ്പോൾ സാധാരണക്കാർക്ക മനസ്സിലാകുകയില്ല. ആദർശത്തിന്റെ ചിറകുംവച്ചുകൊണ്ടു് ആകാശത്തു പറക്കുന്ന ദൈവദൂതന്മാരെപ്പോലുള്ളവരുടെ ഉദ്ദേശങ്ങളും നടപടികളും ഈ നിഷിദ്ധമായ ഭൂമിയിൽ വസിക്കുന്ന സാധാരണക്കാർക്ക മനസ്സിലാക്കാൻ വിഷമമായിരിക്കും. നിയമസഭാസമ്മേളനാവസരങ്ങളിൽ അലവൻസു വേണ്ടെന്നും കമ്മിററികൾക്കു് അലവൻസു വേണമെന്നും പറയുന്നതു മനസ്സിലാക്കാൻ സാധിക്കാതെയാണു വന്നിരിക്കുന്നതു്. ഈ പത്തു രൂപാ കിട്ടണമെന്നു് യാതൊരു നാണക്കേടും കൂടാതെ ഞങ്ങൾ ആവശ്യപ്പെടുകയാണു ചെയ്യുന്നതു്. ഞങ്ങൾ ഏറെറടുത്തിരിക്കുന്ന ജോലി കാര്യക്ഷമമായും ആത്മാർത്ഥമായും ചെയ്യണമെങ്കിൽ തക്കതായ വേതനം വേണമെന്നു പറയുന്നതിനുള്ള കരുത്തും സേവനപാരമ്പര്യവും ഞങ്ങൾക്കുണ്ടു്. പതിനഞ്ചു രൂപ കൂടിപ്പോയെന്നു പറഞ്ഞു ഭൂരിപക്ഷത്തിന്റെ പേരിൽ ആ പതിനഞ്ചു രൂപ വാങ്ങാനുള്ള തൊലിക്കട്ടിയും ധീരതയും ഞങ്ങൾക്കില്ലെന്നു ഞങ്ങൾ സമ്മതിച്ചുകൊള്ളുന്നു.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: സർ, ഞാൻ അകത്തും പുറത്തും ഒരു നിയമസഭാ തൊഴിലാളിയാണു്. അതുകൊണ്ടു് എന്റെ അഭ്യർത്ഥനകളും അഭിപ്രായങ്ങളും ഈ സമക്ഷമാകെ വയ്ക്കുന്നതിനു സംഗ

[ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി]

തിയായാൽ അതിനു കൂടുതൽ പ്രയോജനം ഉണ്ടാകുമെന്നു വിശ്വസിച്ചു കൊണ്ടാണ് ഞാൻ ഇപ്പോൾ സംസാരിക്കാൻ എഴുന്നേററതു്.

ശ്രീ. കുഞ്ഞൻ നാടാർ അവർകളുടെ ഭേദഗതിയെ സംബന്ധിച്ചു എനിക്കു് ചിലതു പറയാനുണ്ടു്. അദ്ദേഹം ഭേദഗതി അവതരിപ്പിച്ചതിൽ ഒരു ശുദ്ധതയില്ലാതില്ല. എന്തെന്നാൽ അദ്ദേഹം ഒരു ധനവാനാണ്. നല്ല ഒരു ഗൃഹസ്ഥനമാണ്. ധാരാളം സമ്പാദ്യവുമുണ്ടു്. അങ്ങനെയുള്ള ഒരാൾ ഇങ്ങനെ ഒരു ഭേദഗതി ഹാജരാക്കി എതിർക്കാതിരുന്നാൽ അതു് ഭംഗിയാകുന്നതല്ലെന്നു് ഒരു ധാരണയുണ്ടാകാവുന്നതാണ്. ഞാൻ തിരുവിതാംകൂർ വിഭാഗത്തിലെ ഒരു പഴയ സാമാജികനാണ്. എന്റെ ഓർമ്മയെ വച്ചുകൊണ്ടു് പറയുകയാണെങ്കിൽ ആദ്യമായി ഒരു നിയമസഭാ സാമാജികനു് നൽകിയിരുന്ന സംഖ്യ കേവലം മൂന്നു രൂപ ആയിരുന്നു. കാലാകാലങ്ങളിൽ പ്രസ്തുത അലവൻസുകളും പ്രതിദിന ബാററാ മുതലായതും വർദ്ധിപ്പിച്ചു് ക്രമാനുഗതമായി ൫, ൰, ൧ എന്നീ ക്രമത്തിൽ വരികയായിരുന്നു. കാലത്തിന്റെ പ്രത്യാഘാതങ്ങളെ പരിഗണിച്ചു് ജനകീയ ഗവണ്മെന്റു ഭരണം ഏററതോടുകൂടി ഈ പ്രതിദിന ബാററാ ൨൫ രൂപയായി വർദ്ധിപ്പിച്ചു. ഈ ൨൫ രൂപ നിയമസഭയിലെ എല്ലാ പാർട്ടികളും ശരിയായി ആലോചിച്ചുശേഷം വേണ്ട ഭേദഗതികൾ വരുത്തി ൨൦ രൂപ എന്നാക്കിയിരിക്കയാണ് ചെയ്യുന്നതു്. ഇതിനു ഒരു ഭേദഗതിയാണ് ശ്രീ. കുഞ്ഞൻ നാടാർ അവർകൾ അവതരിപ്പിച്ചിട്ടുള്ളതു്.

എനിക്കു് കഴിഞ്ഞ സഭകളിലെ പിരിഞ്ഞുപോയ സാമാജികന്മാരെ നേരിട്ടു് അറിയാനും പരിചയപ്പെടാനും സംഗതിയായിട്ടുണ്ടു്. ജനകീയ ഗവണ്മെന്റിനു മുമ്പുണ്ടായിരുന്ന നിയമസഭയിൽ ൨൮ കൊല്ലക്കാലം ഡെപ്യൂട്ടി പ്രസിഡന്റായിരുന്ന ശ്രീ. ചട്ടനാഥക്കരയാളരവർകൾ അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്ന ആണറേറിയം മുഴുവൻ ദാനം ചെയ്തിട്ടുള്ള വസ്തുത നമുക്കറിയാം. അതുപോലെ ഈ നിയമസഭയിലും ബഹുമാനപ്പെട്ട ഒരു സാമാജികനുണ്ടു്. അദ്ദേഹം ഡാക്ടർ പി റ്റി. താമസ് ആണ്. അദ്ദേഹത്തിനു ഇന്നു നിയമസഭയിൽ നിന്നു ലഭിക്കുന്ന സകല തുകകളും ഒരു ധർമ്മസ്ഥാപനത്തിനുവേണ്ടി നൽകാൻ വാഗ്ദാനം നൽകിയ സദസ്സിൽ ഞാനും സംബന്ധിച്ചിരുന്നു. ശ്രീ. കുഞ്ഞൻനാടാരെപ്പോലെയുള്ള ധനവന്മാരിൽ രണ്ടുതരക്കാർ ഉണ്ടു്. വേണ്ടുവോളം ഉണ്ടായാൽ മതിയെന്നു വയ്ക്കുന്ന ഒരു കൂട്ടർ; വേണ്ടുവോളം ഉണ്ടായാലും പോരെന്നു വിചാരിക്കുന്ന മറെറാരു കൂട്ടർ. ഈ ഒന്നാമത്തെ കൂട്ടരിൽ ശ്രീ. കുഞ്ഞൻനാടാരെ ഉൾപ്പെടുത്തുന്നതിൽ അദ്ദേഹത്തിനു വിരോധമുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല.

സർ, ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം എത്രയെത്ര സംഭവപരമ്പരകളാണു നമ്മുടെ മുമ്പിൽ നിൽക്കുന്നതു്. നിയമസഭകളിൽ ഉണ്ടായിരുന്ന പാരമ്പര്യം ഇപ്പോൾ നാം വിസ്മരിച്ചിരിക്കയാണ്. പത്തു കൊല്ലക്കാലം തുടർച്ചയായി ഒരു സാമാജികൻ നിയമസഭയിൽ വന്നാൽ നിശ്ചയമായും അദ്ദേഹത്തിനു കിട്ടുന്ന പദവി ഏററവും ഉന്നതമായ ഔദ്യോഗികമണ്ഡലമാണെന്നുള്ളതു് ഒരു വസ്തുതയാണ്. സർ, ഞാൻ വളരെ വിനയത്തോടുകൂടി ചോദിക്കുകയാണ് ചെയ്യുന്നതു്, ഈ സംസ്ഥാനത്തെ

നിയമസഭകളിൽ സ്മരണീയനായ ശ്രീ. പട്ടം താണുപിള്ള അവർകൾ ഈ സംസ്ഥാനത്തെ ഒരു ഡെപ്യൂട്ടി ദിവാനായി വരികയില്ലായിരുന്നോ എന്ന്. അതുപോലെതന്നെ ശ്രീ. ടി. എം. വർഗ്ഗീസ്സ് അവർകൾ ഈ സംസ്ഥാനത്ത് ഒരു ലാമെംബറായി വരികയില്ലായിരുന്നോ? അനസ്യൂതമായി രാഷ്ട്രീയവിജ്ഞാനം കൈകാര്യംചെയ്തുകൊണ്ടിരുന്ന അങ്ങുതന്നെ ഒരു ഹൈക്കോടതി ജഡ്ജിയായി പെൻഷൻവാങ്ങുമായിരുന്നില്ലേ? (ചിരി) എല്ലാ ആളുകളുടേയും അവകാശവാദം സ്വീകരിക്കുന്നതിന് ജീവശക്തി നൽകുന്ന ഒരു മണ്ഡലമാണ് നിയമസഭ. വേണ്ടുവോളം തുക രാജ്യക്ഷേമത്തിനുവേണ്ടി നീക്കിവച്ചശേഷം അവസാനമായി ഈ നിയമസഭാസാമാജികന്മാരെ സംബന്ധിക്കുന്ന അലവൻസ്കാര്യം ചർച്ചചെയ്യു്. എടുക്കാനും അത് ഒരു നിയമംമൂലം നടപ്പാക്കാനും ആണ് നാം ഈ സന്ദർഭം ഉപയോഗിക്കുന്നത്. സർ, ഈ സഭയേയും ഈ സഭയിലെ സാമാജികന്മാരേയും സംബന്ധിച്ചിടത്തോളം ഒരു സുസ്ഥിരമായ വ്യവസ്ഥയില്ലെന്നുള്ളതാണ് എന്റെ വിനീതമായ അഭിപ്രായം. നിയമസഭാസാമാജികന്മാർ അവരുടെ കാലാവധി കഴിയുമ്പോൾ പിരിഞ്ഞുപോകേണ്ടവരാണ്. ഞാൻ ഒരു കാര്യം വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. നിയമസഭാസാമാജികന്മാരെ സംബന്ധിച്ചിടത്തോളം സുസ്ഥിതമായ ഒരു പരിപാടി ഈ ജനകീയത്തിന്റെ മുമ്പിൽവച്ച് ഇങ്ങിനെയൊരു മാതൃക കാണിക്കാൻ മുതിരണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഉദ്യോഗസ്ഥന്മാർക്ക് പ്രാവിഡന്റഫണ്ട് മുതലായ സൗകര്യങ്ങൾ ഉണ്ട്. നിയമസഭാസാമാജികന്മാരെ സംബന്ധിച്ചിടത്തോളം യാതൊരു സൗകര്യങ്ങളുമില്ല. നമ്മുടെ ജനകീയ ഗവണ്മെന്റിനെ പുകഴ്ത്തത്തക്കവണ്ണമുള്ള ഒരു നടപടി ഇയ്യിടെ അംഗീകരിക്കയുണ്ടായി. സകല ജനങ്ങളുടെ പ്രശംസയ്ക്കും അവർ അർഹരായിത്തീർന്നിരിക്കുന്നു. അതായത് ഗവണ്മെന്റ് ആവശ്യത്തിലേയ്ക്ക് വിമാനത്തിൽ ഉദ്യോഗസ്ഥന്മാർ യാത്രചെയ്യുമ്പോൾ അവർക്ക് എന്തെങ്കിലും അംഗഭംഗം പററുകയോ മരണമടയുകയോ ചെയ്താൽ അവരുടെ കുടുംബാംഗങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഒരു ലക്ഷത്തോളം വരെ വരുന്ന ഒരു സംഖ്യ കൊടുക്കണമെന്ന് നിയമമുണ്ടാക്കി. ഞാൻ വളരെ ആദരവോടുകൂടി പറയുന്നു, രാഷ്ട്രീയ കാര്യങ്ങൾക്കുവേണ്ടി നിയോജകമണ്ഡലങ്ങളിൽ സഞ്ചരിക്കുമ്പോഴും നിയമസഭാ സമ്മേളനത്തിൽ പങ്കുകൊള്ളുന്നതിനുവരുമ്പോഴും ഏതാദൃശ അപകടങ്ങൾ ഉണ്ടായാൽ അവർക്കുകൂടി മുകളിൽപ്പറഞ്ഞ രക്ഷാവ്യവസ്ഥകൾ നൽകുന്നത് ഉചിതമായിരിക്കും എന്ന്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ സംസാരിക്കുന്നതും അമന്റ്മെന്റുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: ഈ നിയമസഭാസാമാജികന്മാരുടെ കാര്യം ഇങ്ങനെ ഭംഗിയാക്കിത്തീർക്കുന്ന ഈ സഭയിൽ നമ്മുടെ നേരെ വളരെ വളരെ ബാഹ്യക്കണ്ണുകളും ഒളിക്കണ്ണുകളും വരുന്നുണ്ട്. അതായത് ഈ നിയമസഭയിൽ രാവും പകലും ഒരുപോലെ ജോലി ചെയ്യേണ്ടവരായ സെക്രട്ടറി മുതൽ പ്യൂൺ വേലായുധൻവരെയുള്ളവരുടെ ശമ്പളമൊന്നു വർദ്ധിപ്പിച്ചാൽ ഈ നിയമം കൂടുതൽ പ്രയോജനപ്രദമായിത്തീരുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

Shri P. S. Nataraja Pillai: May I request the hon. Mover of the Bill whether it will be possible to change the word "salary" into "a consolidated allowance."

Mr. Speaker: It is not relevant to the amendment.

Shri P. S. Nataraja Pillai: But it is in the same clause, Sir, that is, to add to (a).

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ മാത്രമല്ല, ഈ സഭയിലെ ബഹുമാനപ്പെട്ട മററു ചില അംഗങ്ങളും സാലറി എന്നുള്ള വാക്ക് മാററിയാൽ കൊള്ളാമെന്നു പറയുകയുണ്ടായി.

Mr. Speaker: Even in the Constitution we have it as "salary and allowance."

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെക്കൻഡ് റീഡിംഗ് കഴിഞ്ഞാൽ തേഡ് റീഡിംഗിന് ഇന്ന് മൂവ് ചെയ്യുകയില്ല. അതിനകം ഞാൻ അത് പരിശോധിച്ച് തേഡ് റീഡിംഗിൽ ആ വാക്കു മാററാൻ അമൻറ്മെൻറ് കൊണ്ടുവരാം.

ശ്രീ. എ. താണുപിള്ള: കൺസോളിഡേററഡ് അലവൻസ് എന്നുള്ളതു ശരിയാകയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് പരിശോധിച്ചു നോക്കണം.

ശ്രീ. ഇ. പി. വറുഗീസ്: സാലറി എന്നു പറയുന്നതിൽ കാൺസ്റ്റിററ്യൂഷണലായിട്ടു യാതൊരു തടസ്സവുമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല ബഹുമാനപ്പെട്ട മെമ്പറന്മാരും ആ വാക്ക് ഒന്നു മാറണമെന്ന് ഇവിടെ പ്രസ്താവിക്കയുണ്ടായി. നഷ്ടമില്ലാത്ത ആ വാക്കു മാറുന്നതിൽ ബഹുമാനപ്പെട്ട മെമ്പർക്കു വിരോധമുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

ബഹുമാനപ്പെട്ട പാറശ്ശാല മെമ്പറുടെ ഭേദഗതിയെ ഞാൻ എതിർക്കുകയാണു ചെയ്യുന്നതു്. ഗവണ്മെൻറ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതിൻെറ ഉദ്ദേശം മെമ്പറന്മാർക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സാലറിക്ക് പുറമെ ഒരു അലവൻസു കൂടി കൊടുക്കണമെന്നുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു കൊല്ലത്തിൽ മുപ്പതോ മുപ്പത്തിഅഞ്ചോ ദിവസങ്ങൾ മാത്രമാണ് സിററിംഗുണ്ടാകുന്നതെന്നും എത്ര ദിവസം സിററിംഗ് ഉണ്ടോ അത്രയും ദിവസം ശരാശരി പത്തോ നാല്പതോ രൂപ ഒരു മെമ്പർക്ക് കിട്ടുമെന്നും അദ്ദേഹം പറഞ്ഞു. ഇതു സംബന്ധിച്ചു രണ്ടു മൂന്നു സംഗതികൾ എനിക്ക് വിശദമാക്കാനുണ്ട്.

യഥാർത്ഥത്തിൽ ഈ ബില്ല് കൊണ്ടുവന്നതിൻെറ ഉദ്ദേശം നിയമസഭയിലെ അംഗങ്ങൾക്ക് ഇതിനുമുമ്പ് കിട്ടിയിരുന്ന വരുമാനത്തിൽ കുറച്ചു കൂടുതൽ സംഖ്യ കിട്ടുന്നതിനുവേണ്ടിയാണ്. രണ്ടാമതു് ഇപ്പോൾ മുമ്പിലത്തേതുപോലെ മുപ്പതോ മുപ്പത്തിഅഞ്ചോ ദിവസം മാത്രം നിയമസഭ സമ്മേളിച്ചാൽ മതിയാകുകയില്ല. ഇനി വളരെ അധികം ദിവസം നിയമസഭ സമ്മേളിക്കേണ്ടതായി വരും. ഈ സിററിംഗുതന്നെ ജൂൺ മുപ്പ

താംതീയതി തുടങ്ങി. ഇന്നു ജൂലായി ഫ൮-ാംതീയതിയാണു്. ഇനിയും ചെയ്തു തീർക്കുന്നതിനു് വളരെയധികം കാര്യങ്ങൾ ബാക്കി കിടക്കുന്നുണ്ടു്. അടുത്ത ബഡ്ജറ്റ് സമ്മേളനം ഫെബ്രുവരിയിൽ സമ്മേളിക്കുന്നതിനു മുമ്പ് ഇനിയും നമുക്കു കൂടേണ്ടതായി വരും.

അതുമാത്രമല്ല ഇന്നു് ആർഡിനൻസ് പാസ്സാക്കാനും മററും കാൺസ്റ്റിററ്യൂഷനിൽ പ്രൊവിഷനുണ്ടെങ്കിലും ഇവിടെ ആർഡിനൻസു പാസ്സാക്കുന്നതു വിഹിതമായിരിക്കുകയില്ല. നമ്മുടെ രാജ്യത്തു ഇനിയും നിയമങ്ങൾ പാസാക്കേണ്ടിയിരിക്കുന്നതുകൊണ്ടു് നിയമസഭ കൂടാതിരിക്കാൻ നിവൃത്തിയില്ല. അങ്ങിനെ വരുന്നതുകൊണ്ടു് അറുപതോ എഴുപതോ ദിവസം മാത്രം നിയമസഭ കൂടിയാൽ മതിയെന്നു തീരുമാനിക്കാൻ നിവൃത്തിയില്ല. ഇന്നു ലോകത്തിൽ അതാതു ഡമോക്രാററിക്ക് രാജ്യങ്ങളിലെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഈ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്നതു് ഒരു പൂർണ്ണകാല പ്രവൃത്തിയായി തീന്നിരിക്കുകയാണു്. അതായതു് ഒരു ഫുൾടൈംവർക്കായി തീന്നിരിക്കുകയാണു്. ഇന്നു പല സ്ഥലങ്ങളിലും ഒരു ഫുൾടൈംവർക്കായി നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്നുണ്ടു്. കഴിഞ്ഞ പത്തോ അൻപതോ കൊല്ലങ്ങൾക്കു മുമ്പുള്ള ഇൻഡ്യയിലെ നിയമസഭകൾ നോക്കുകയാണെങ്കിൽ അന്നെല്ലാം ധനവാന്മാരായിരുന്നു നിയമസഭാ സാമാജികന്മാർ. അവർ നിയമസഭയിൽ വരുന്നതു് വെറും വിനോദത്തിനും വിശ്രമത്തിനുമായിരുന്നു. അന്നു് അവരുടെ വിശ്രമവേളയിലുള്ള ഒരു വിനോദരംഗമായിരുന്നു നിയമസഭ. അങ്ങനെ പണക്കാരായ സാമാജികന്മാർ നിയമസഭയിൽ ചെന്നതിനുശേഷം അവർ നേരമ്പോക്കുകളും മററും പറഞ്ഞു് തലസ്ഥാനനഗരിയിൽ കഴിച്ചുകൂട്ടി പിരിയുകയാണു പതിവു്. ഉദ്യോഗസ്ഥന്മാർ ഭരണം നടത്തിക്കൊള്ളും. അതായിരുന്നു നമ്മുടെ അന്നത്തെ ചരിത്രം. ആ പതിവ് തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമല്ല. ബ്രിട്ടനിലും പണ്ടു് അങ്ങിനെയായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണെന്നു നോക്കുകയാണെങ്കിൽ ഇന്നു ഭരണഭാരവും നിയമസഭാ പ്രവത്തനവും സാധാരണക്കാരുടെ കയ്യിലേയ്ക്കു് വന്നിരിക്കുകയാണു്. അങ്ങിനെ സാധാരണക്കാരുടെ കയ്യിൽ അധികാരം വന്നുചേരുകയും കേവലം സാധാരണക്കാരായിട്ടുള്ള ആളുകൾ നിയമസഭയിൽ പ്രവേശിച്ചിരിക്കുകയുമാണു് ചെയ്യുന്നതു്. ഈ സഭയുടെ നാനാഭാഗങ്ങളിലേയ്ക്കും നോക്കുകയാണെങ്കിൽ അങ്ങനെ സാധാരണക്കാരെ വേണ്ടി രാഷ്ട്രീയപ്രവർത്തനം മാത്രം ജോലിയാക്കി പ്രവത്തിക്കുവരായ അനേകം സാധാരണക്കാരെ നമുക്കു കാണാൻ കഴിയും.

ബ്രിട്ടണിലെ പാർലമെൻറിൻെറ ചരിത്രത്തിൽ അംഗങ്ങൾക്കു ശമ്പളമില്ലാതിരുന്ന അവസരത്തിൽ ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടു് പാർലമെൻറിൻെറ കോറിഡോറിൽ മോഹാലസ്യപ്പെട്ടു ഒരു മെംബർ വീണിട്ടുള്ളതായി ഞാൻ ഒരു പുസ്തകത്തിൽ വായിച്ചിട്ടുണ്ടു്. അതിനുശേഷമാണു് അവിടെ മെമ്പറന്മാക്കു് ശമ്പളം നിശ്ചയിച്ചതു്. അതിൽപ്പിന്നെ പാർലമെൻറു സമ്മേളനങ്ങൾക്കു് പല മാററങ്ങളുമുണ്ടായിട്ടുണ്ടു്. അവിടെ പ്രധാനമന്ത്രിക്കു മാത്രമല്ല ശമ്പളം നിശ്ചയിച്ചിട്ടുള്ളതു്. എതിർപക്ഷത്തിൻെറ നേതാവിനും ശമ്പളമുണ്ടു്. ബ്രിട്ടണിലെ പാർലമെൻറു വെറും പത്തുകാശോ പത്തു ചക്രമോ സൂത്രത്തിൽ തട്ടിയെടുക്കുന്നതിനു വേണ്ടിയുണ്ടായിട്ടുള്ളതല്ല. പാർലമെൻറു പ്രവത്തന

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അങ്ങിനെ സാമാന്യബോധത്തോടുകൂടി ശരിയായി നടത്തുന്നതിനു ശ്രമിക്കണം. പണം കൂടാതെതന്നെ പ്രവർത്തനസാദ്ധ്യതയുണ്ടാകേണ്ടതാണു്. എന്നാൽ അപ്രകാരം പണംകൂടാതെ സാമാജികന്മാർ പ്രവർത്തിക്കണമെന്നു പറയുന്നതും ശരിയല്ല. അതുകൊണ്ടു് അവർക്കു് എന്തെങ്കിലും ഒരു ശമ്പളമോ അലവൻസോ കൊടുക്കേണ്ടതാവശ്യമാണു്. അതാണു് ഈ ബില്ലിന്റെ ഉദ്ദേശം. മററു സമിതികളിലുള്ള ആളുകളുടെ കാര്യം ഈ ബില്ലിലെ വ്യവസ്ഥകളുമായി നോക്കുന്നതു് ഒരിക്കലും ശരിയല്ല. അതുമാത്രമല്ല ഈ നിയമസഭയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ അതാതു സ്ഥലങ്ങളിലെ ജനങ്ങളെ പ്രതിനിധീകരിക്കുന്നവരുമാണു്. ഈ സഭയിൽ കാൺഗ്രസ്സ് പാർട്ടിയിലുള്ളവരും കമ്മ്യൂണിസ്ററു പാർട്ടിയിലുള്ളവരും മററു പാർട്ടിയിൽപ്പെട്ടവരുമെല്ലാമുണ്ടു്. ഇവിടെ എല്ലാവരുംകൂടി സമ്മേളിക്കുന്ന ഒരു നിയമസഭയാണു്. ഇവിടെ പ്രാധാന്യമുള്ള പല കാര്യങ്ങളും തീരുമാനിക്കപ്പെടേണ്ടതായുണ്ടു്. അതുകൊണ്ടു് എങ്ങനെ നോക്കുകയാണെങ്കിലും ഈ ശമ്പളബിൽ ഇവിടെ അവതരിപ്പിക്കുന്നതിൽ യാതൊരു തെററുമില്ല. ഇതിൽ പ്രതിമാസശമ്പളമായി ഒരുനൂററിയിരുപതുരൂപ കൊള്ളിച്ചിരിക്കുന്നു. സാധാരണ ജനങ്ങൾക്കുവേണ്ടി പ്രവൃത്തി ചെയ്യുന്ന അവരുടെ പ്രതിനിധികൾക്കു് പത്തുരൂപ അലവൻസു കൊടുക്കുന്നതിൽ യാതൊരു തെററുമില്ല. ബഹുമാനപ്പെട്ട പാറശാല മെമ്പർ ചോദിച്ചു, എന്തിനിത്രയും രൂപാ കൊടുക്കുന്നു എന്നു്. ഇത്രയും കൊടുക്കേണ്ട ആവശ്യമില്ല എന്നും അതു ഗവണ്മെൻറിനു ലാഭമുണ്ടാക്കാമെന്നും പറയുന്നു. എന്നാൽ ഈ നിയമസഭയ്ക്കുള്ള ചെലവു കൂടാതെ വേറെ ഏതെല്ലാം ഇനത്തിൽ, ബഹുമാനപ്പെട്ട മെമ്പറന്മാർ വിചാരിച്ചാൽ എത്രയോ ലക്ഷം രൂപ ലാഭമുണ്ടാക്കാൻ സാധിക്കയില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഈ ഗവണ്മെൻറിനു പ്രാപ്തിക്കുറവുണ്ടു്, നോട്ടക്കുറവുണ്ടു്, ഉദ്യോഗസ്ഥന്മാർക്കു തെററുകൾ പററിയേയ്ക്കാം. ഇങ്ങനെയുള്ള കാര്യങ്ങളിൽ അവരുടെ തെററുകളെ പറഞ്ഞു ധരിപ്പിക്കുന്നതിനു് സാധിക്കുന്നതാണു്. ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകാതിരിക്കത്തക്കവിധം നിയമസഭയിലുള്ള അംഗങ്ങൾ വേണ്ട ഉപദേശം കൊടുക്കുന്നപക്ഷം എത്രയോലക്ഷം രൂപ നിങ്ങൾ ആർക്കുവേണ്ടിക്കരയുന്നുവോ അവർക്കുവേണ്ടി സമ്പാദിക്കുവാൻ സാധിക്കും. അങ്ങിനെ പ്രവർത്തിക്കുന്നപക്ഷം നിയമസഭാപ്രവർത്തനത്തെ പററി ഒരു ബോധം ജനങ്ങൾക്കും ഗവണ്മെൻറിനുമുണ്ടാകും.

ഈ നാട്ടിലെ നിയമസഭ മൂന്നു സംഗതികളെയാണു് ആശ്രയിച്ചിരിക്കുന്നതു്. കാൺസ്റ്റിട്ട്യൂഷനനുസരിച്ചും മൂന്നു സംഗതികളാണു് ഉൾക്കൊള്ളുന്നതു്. അതായതു് ജുഡീഷ്യറിയും, എക്സിക്യൂട്ടീവും, ലജിസ്ലേച്ചറും. എന്നാൽ മൂന്നുകൊല്ലംമുമ്പുവരെ ലജിസ്ലേച്ചറിനു പരമാധികാരമുണ്ടായിരുന്നില്ല. അതു രാജ്യസൗധത്തിന്റെ ഒരു വിൻഡോഡ്രസ്സിംഗുമാത്രമായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുമൂന്നുകൊല്ലംകൊണ്ടു് കാൺസ്റ്റിട്യൂഷൻ പ്രകാരം നമ്മുടെ ഭരണസമ്പ്രദായത്തിനുതന്നെ ഒരു വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ടു്. അതായതു ലജിസ്ലേച്ചർ ഒരു പരമാധികാരസമിതിയായും പണക്കാർക്കു മാത്രമല്ല സാധാരണക്കാർക്കും പാവങ്ങൾക്കും പ്രവർത്തിക്കാൻ കഴിയുന്ന ഒരു സമിതിയായും മാറി. ഈ നിയമസഭയ്ക്കു് ഒരു

സമുന്നത സ്ഥാനം നാം നൽകേണ്ടതാണു്. അതുകൊണ്ടു് തീർച്ചയായും ഈ വിധത്തിലുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ ആവശ്യമാണു്. അതുകൊണ്ടു് ഈ ഭേദഗതിയെ എതിർക്കുവാൻ ഞാൻ സഭയോടപേക്ഷിക്കുന്നു.

The amendment was by leave withdrawn.

The question that Clause 3 stand part of the Bill was put and carried.

The Clause was added to the Bill.

CLAUSE 4.

The question that Clause 4 stand part of the Bill was put and carried.

The Clause was added to the Bill.

CLAUSE 1.

The question that Clause 1 stand part of the Bill was put and carried.

The Clause was added to the Bill.

PREAMBLE AND TITLE.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri Panampilli Govinda Menon : Sir, I shall move for the 3rd reading of the Bill tomorrow.

Mr. Speaker : Yes.

The Travancore-Cochin State aid to Industries Bill.[1]

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :** Sir, I beg to present the Select Committee Report on the Travancore-Cochin State Aid to Industries Bill.

സർ, ഈ ബില്ലിൽ വളരെ പുതിയതായി ഒന്നുമില്ല. തിരുവിതാംകൂറിലും കൊച്ചിയിലും ഒരു നിയമം വ്യവസായങ്ങൾക്കു് സഹായധനം കൊടുക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്നു. ആ നിയമങ്ങൾ രണ്ടും ഒന്നാക്കുന്നതിലേയ്ക്കും ഈ രാജ്യത്തൊന്നാകെ ബാധകമാക്കുന്നതിലേയ്ക്കുമാണു് ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നതു്. ഈ ബിൽ ഒരു സെലക്ട്കമ്മിററിക്കയച്ചു അവരുടെ പരിശോധനയ്ക്കുശേഷം ഇവിടെ വന്നിട്ടുള്ളതാണു്. ഇതു വളരെ പ്രയോജനമുള്ള ഒരു ബില്ലാണെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്. ഈ ബിൽ പാസ്സാക്കിത്തരുന്നതിനു ഞാൻ അപേക്ഷിക്കുന്നു.

Minister for Revenue **(Shri A. Chidambaranatha Nadar) :** Sir, I second it.

The question that the Travancore-Cochin State Aid to Industries Bill as reported by the Select Committee be taken into considaration, was put and carried.

Mr. Speaker : We will now proceed to examine the Bill clause by clause.

Clause 2.

Shri V. R. Krishnan Ezhuthassan : Sir, I move: 'In clause (1) of Section 2, substitute the words 'State Aid to Industries Board', for the words 'Board of Industries'.

ഈ 'ബോർഡ് ഓഫ് ഇൻഡസ്ട്രീസ്' എന്നു കേൾക്കുന്നപക്ഷം ബോർഡിന്റെ അവകാശങ്ങൾ മുഴുവൻ അതിന്റെ പരിധിയിൽ പെടത്തക്ക വണ്ണമുള്ള ഒരു ബോർഡായിത്തീരുമെന്നുള്ളതുകൊണ്ടാണ് അതിനു പകരം സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസ് ബോർഡ് എന്നാക്കണമെന്നു പറയുന്നത്. ഈ ബില്ലിൽ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. അതുകൊണ്ട് ഈ ബോർഡ് ഓഫ് ഇൻഡസ്ട്രീസ് എന്ന പേരു കൊടുക്കുന്ന പക്ഷം അത് ആ വ്യവസായത്തിന്റെ എല്ലാ അവകാശങ്ങളും കൈകാര്യം ചെയ്യാനുള്ള ഒരു ബോർഡാണെന്നുള്ള ധാരണയ്ക്ക് വഴിയുണ്ടായിത്തീരും. ഒരു പക്ഷേ മററു കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള വേറെ ഒരു ബോർഡ് ഓഫ് ഇൻഡസ്ട്രീസ് ഉണ്ടാകുവാനുള്ള ആവശ്യം വന്നാൽ ആ ബോർഡ് ഉണ്ടാക്കുന്നതിനു തടസ്സം നേരിടും. അതുകൊണ്ട് സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസ് ബോർഡ് എന്ന പേരു കൊടുക്കാൻ വിരോധമില്ലെങ്കിൽ അങ്ങിനെ ചെയ്യണമെന്നു പറയാൻ വേണ്ടി മാത്രമാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

Shri Panampilli Govinda Menon : Sir, I have no objection to accept the amendment. That seems to be a better wording than the one used in the Bill. The amendment was adopted.

The question that Clause 2 as amended stand part of the Bill was put and carried. The Clause as amended was added to the Bill.

Clause 3.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : ഞാൻ മുമ്പ് അവതരിപ്പിച്ച ഭേദഗതി തന്നെയാണ് ഇപ്പോഴും അവതരിപ്പിക്കുന്നത്. അത് :

In clause (1) of Section 3, substitute the words 'State Aid to Industries Board' for the words 'Board of Industries'.

എന്നാക്കണമെന്നാണ്..

Shri Panampilli Govinda Menon : I accept that amendment.

The amendment was adopted.

Shri Panampilli Govinda Menon : Amendments Nos. 4, 7, 8 and 9 relate to the same subject as to what the constitution of the Board shall be, and so it will be better to move them one by one and consider them together.

Mr. Speaker : Yes ; Shri Thanu Pillai will move his amendment.

Shri A. Thanu Pillai : Sir, I move that in clause 3, sub-clause (3) line 1, substitute "one-half of the total number of members for the time being" for 'three'. This is my reason. Here in Clause 3, sub-clause 1, the Board shall consist of not

less than seven and not more than twelve as the Government may sanction. In sub-clause (3) it is given that not less than three members shall be elected by the members of the State Legislative Assembly. Sir, there is a difference that we ought to recognise. Formerly when the old Acts were passed, the recommendations of this House so far as finance matters were concerned, were only of a recommendatory nature. They were not really binding on Government. Now conditions have completely changed. If we go deep into the matter the question can be very justifiably raised whether it is Board of this kind that ought to look into applications for state aid. Really it is this House that has to make recommendations and if at all, it should be a committee of this House. Now partly adopting the principles of the old Acts this Bill has now been brought forward. So Sir, my suggestion is that the Board should contain at least not less than half the number of members to be elected from this House.

Of course, I do not go deep into the principles of this Bill. Now Sir, you will find that if the Board rejects an application, the Government is bound by that rejection. If the Board supports an application the Government may take their own decision. That is how I understand. Suppose this House finds that a particular industry should be given financial help and that a particular extent; still the Government under this Bill has power to reject that recommendation. Suppose this House is in favour of the view to give financial help; but the majority of the members of the Board who have nothing to do with this House can take a negative view and that view will prevail. My pointis that it should not be so. Since this House has got representation on that Board I say that that representation should be effective. That is why I suggest that at least half the number of members should be elected from among the members of this Assembly.

There should be a satisfactory dealing in public money. Either there should be an estimates Committee to go in detail or this House should have opportunity to discuss these matters in detail. Anyway as things stand neither of these things exist. We have passed the Budget. Lakhs and lakhs of rupees are thus allotted and then the Government make their own decisions. The suggestion I have to make is that this Board which is to recommend or refuse to recommend financial aids to industries should contain not less than half the number of members elected by this Assembly. Hence my amendment.

Shri Kambisseril Karunakaran: I beg to move:

In sub-section (3) of Section 3, delete the words 'not being less than three' and add "not being less than the number forming the majority of the Board"

ഈ ബോർഡിലുള്ള അംഗങ്ങളിൽ മൂന്നുപേർ ഈ സഭയിൽനിന്നു് തെര
ഞ്ഞെടുക്കപ്പെട്ടവരായിരിക്കണം എന്നതിനു പകരം ബോർഡിൽ ഭൂരി

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

പക്ഷം ആളുകൾ ഈ സഭയിൽനിന്നു തിരഞ്ഞെടുക്കപ്പെടണമെന്നാണ് ഞാൻ ഈ അമൻറ്മെൻറുകൊണ്ട് ഉദ്ദേശിക്കുന്നത്. വ്യവസായങ്ങളിൽ അർഹതയുള്ളവയെ നിശ്ചയിച്ച് ധനസഹായത്തിന് ശുപാർശ ചെയ്യുകയെന്നതാണ് ഇതിൻെറ ഉദ്ദേശമെന്ന് ബില്ലിൻെറ ഉദ്ദേശകാരണവിവരണത്തിൽ പറഞ്ഞിട്ടുണ്ട്. ഈ അർഹത മനസ്സിലാക്കുന്നതിനു പ്രത്യേകമായ വലിയ സാങ്കേതികപരിജ്ഞാനം ഒന്നും ആവശ്യമില്ല. കുറെയൊക്കെ ആവശ്യമായിരിക്കാം. സ്റ്റേറ്റിലെ വ്യവസായങ്ങൾക്ക് ധനസഹായം ചെയ്യുന്നതിന് മേലാൽ ഉത്തരവാദിത്വം ഉള്ള ആളുകളാണ് വേണ്ടത് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതിന് ഈ സഭയെപ്പോലെ ഉത്തരവാദിത്വമുള്ള യാതൊരു സ്ഥാപനവും ഈ രാജ്യത്ത് ഉണ്ടാകാൻ വഴിയില്ല. അതുകൊണ്ട് പൊതുമുതലിൻെറ വിനിയോഗകാര്യത്തിൽ ഈ സഭയിലുള്ളവർക്ക് പ്രബലമായ കയ്യുണ്ടായിരിക്കണം. ആവശ്യമില്ലാത്ത ശുപാർശകളാണ് ചെയ്യുന്നതെങ്കിൽ, ഈ സഭയിലുള്ള ആളുകളാണ് അതിലുള്ളതെങ്കിൽ, അവർക്ക് ഈ സഭയെ അഭിമുഖീകരിച്ച് അങ്ങനെ ചെയ്തതിനു സമാധാനം പറയേണ്ടിവരും. ഈ സഭയ്ക്കു അതിൽ ഭൂരിപക്ഷം ഉണ്ടായിരിക്കുന്നതുകൊണ്ട് ഗവണ്മെൻറിനു യാതൊരു ഭയവും ഉണ്ടാകേണ്ട ആവശ്യമില്ല. ശുപാർശ വേണ്ടെന്നുവയ്ക്കുവാൻ ഗവണ്മെൻറിനു അധികാരവും ഉണ്ട് തന്നെയുമല്ല സെക്ഷൻ ൧൦ അനുസരിച്ച് ഈ ബോർഡിനെത്തന്നെ പിരിച്ചുവിടുവാൻ ഗവണ്മെൻറിന് അധികാരമുണ്ട്. അതിനാൽ ഈ കാര്യത്തിൽ എന്തെങ്കിലും കൈകടത്തലുകൾ ഉണ്ടാകുമെന്നു ഭയപ്പെടാനുമില്ല. അതുകൊണ്ട് ഞാൻ പറയുന്നത് സ്റ്റേറ്റിൻെറ പൊതുമുതൽ ശുപാർശ ചെയ്യാനുള്ള കമ്മിററിയിൽ ഈ സഭയിലെ അംഗങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നാണ്. ഇതു് സ്വീകരിക്കണമെന്നു ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

Shri E. P. Varghese : I support the last amendment very strongly. Section 3 lays down that there shall be a Board of Industries and that all amounts sanctioned by the Board must be allowed by the Government.

The sanction must be by the Board and on that Board, it is stated, there should be at least three Members elected by the Assembly. The Government admits that this House should be represented in the Board which sanctions loans to industries. I think that it is but proper that we should have a majority of Members on the Board taken from this House. I do not think it requires much to commend the amendment to the House, because the Government themselves accept the principle that this House should be represented on the Board. The Government have placed the maximum of the Board at 12. According to the section the maximum number of the Board is 12 and that the number of representatives from the House is only three. Of course, it is said "not being less than three." But the discretion is left to the Government. The Board after all is to be constituted for giving loans as State aid to industries. It is admitted, as I said, that this House must be represented on the Board. Therefore, my submission is that under the circumstances now obtaining in this

country, it is better to have a majority of the members of the Board to be elected by this House.

About the loans to industries I had occasion to hear that loans have been given as political favours, but I want to verify them. If I find it true, I will not hesitate to place the details before the House. To avoid difficulties in future, let this House have a decisive voice in giving loans by way of State aid to industries. With these words, I support the amendment.

Shri M. M. Abdul Khader: Sir, I move:

> "In Chapter II, Section 3 (3) substitute 'a majority of the members' for 'Such number of members..................fixed by the Government.' "

Once it has been decided to give representation to the Members of this House on the basis of proportional representation, I do not understand why the Government should be shyvof according majority representation to the elected representatives of the people. Already, as you know, Sir, there is a lot of criticism among the public of the way in which the State aid to industries is given. The loans granted to industries have been frittered away and abused in very many cases. Many of the loans have become irrecoverable. In such circumstances, it should have been not only proper but would be in keeping with the very spirit of the Act itself to have allowed greater representation or a majority representation on the Board to the elected Members of this House.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. അതിനു പ്രത്യേകമായിട്ടുള്ള കാരണം, ബോർഡിൽ ഈ സഭയിലെ ഭൂരിപക്ഷമെമ്പറന്മാർ വേണമെന്നുള്ള നിർദ്ദേശം അത്ര ശരിയാണെന്നു എനിക്കു തോന്നുന്നില്ല എന്നുള്ളതാണ്. വ്യവസായത്തിനു ആനുകൂല്യംകൊടുക്കുന്ന കാര്യത്തിൽ ആ വ്യവസായത്തിന്റെ നിലനിൽപ്പ് അതിന്റെ ആവശ്യകത, വളർച്ച ഇങ്ങനെ പലകാര്യങ്ങളും പരിഗണിക്കേണ്ടതായിട്ടുണ്ട്. ഈ സഭയിലെ അംഗങ്ങൾ ഭൂരിപക്ഷമുള്ള ഒരു കമ്മിററി വ്യവസായത്തിന്റെ പരിഗണനയെ സംബന്ധിച്ച് തീരുമാനം ചെയ്യുന്നതിനേക്കാൾ ഉചിതമായിട്ടുള്ളത് സാങ്കേതികവിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾക്കു ഭൂരിപക്ഷം കൊടുക്കുന്നതായിരിക്കും. ഈ സഭയിലെ ആളുകൾ ഭൂരിപക്ഷമായിവരിക എന്നു പറഞ്ഞാൽ പലവിധത്തിലുള്ള ശക്തികളും പ്രേരണകളും അതിന്റെ പിന്നിൽ കളിയാടുവാൻ സാദ്ധ്യതയുണ്ട്. ഈ സഭയിലെ അംഗങ്ങൾ പല രാഷ്ട്രീയപാർട്ടികളിലും പെട്ടവരായതുകൊണ്ട് പല രാഷ്ട്രീയപരിഗണനകളും അതിൽ ഉണ്ടാകും. അങ്ങനെയുള്ള വിഷമങ്ങളെ തരണംചെയ്യുന്നതിന് ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങൾ വ്യവസായബോർഡിൽ ഉണ്ടാകരുതെന്നാണ് എനിക്കു പറയുവാനുള്ളത്. വ്യവസായത്തിന്റെ നയത്തെ സംബന്ധിച്ചിടത്തോളവും അതിന്റെ പ്രവർത്തനത്തെസംബന്ധിച്ചിടത്തോളവും എല്ലാം പരിചിന്തിക്കുവാനും വിമർശിക്കുവാനും ഉപദേശം കൊടുക്കുവാനും ഈ സഭയ്ക്ക് അവകാശമുള്ളിടത്തോളംകാലം ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങൾ വ്യവസായബോർഡിൽ വേണമെന്നു പറയുന്നത് അത്ര കാര്യമായിട്ടുള്ള

[ശ്രീ. കെ. കരുണാകരൻ.]

ഒരു അഭിപ്രായമാണെന്നു എനിക്കു തോന്നുന്നില്ല. വ്യവസായങ്ങൾക്കു ഉപദേശംകൊടുക്കുന്നതിനും നിർദ്ദേശം കൊടുക്കുന്നതിനും ആവശ്യമായിട്ടുള്ളതു് സാങ്കേതികവിദഗ്ദ്ധന്മാരാണു്. ആ അടിസ്ഥാനത്തിൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. ഇ. പി. വർഗ്ഗീസ്: സാങ്കേതികവിദഗ്ദ്ധന്മാരെ നാമിനേററു ചെയ്യുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉണ്ടോ?

ശ്രീ. കെ. കരുണാകരൻ: സാങ്കേതികവിദഗ്ദ്ധന്മാർ വേണ്ട എന്നുള്ളതിനു ഇതിൽ വ്യവസ്ഥയില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: സഭയിലെ ഭൂരിപക്ഷം മെമ്പറന്മാർ ഉണ്ടാകുകയാണെങ്കിൽ അതുകൊണ്ടുള്ള ദോഷം എന്താണു്?

ശ്രീ. കെ. കരുണാകരൻ: ഭൂരിപക്ഷം മെമ്പറന്മാരും ഈ സഭയിലെ ആളുകൾ വേണമെന്നുപറഞ്ഞാൽ സാങ്കേതികവിദഗ്ദ്ധന്മാർക്കു ബോർഡിൽ ഭൂരിപക്ഷം കൊടുക്കുവാൻ സാദ്ധ്യമല്ലാതാകും.

ശ്രീ. ഇ. പി. വർഗ്ഗീസ്: സാങ്കേതികവിദഗ്ദ്ധന്മാർ ഭൂരിപക്ഷം വേണം എന്നുള്ള വ്യവസ്ഥ ഇതിൽ ഉണ്ടോ?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: സാങ്കേതിക വിദഗ്ദ്ധൻ എന്നുള്ളതിനു് മെമ്പറുടെ വിവക്ഷ എന്താണെന്നു് ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കരുണാകരൻ: സാങ്കേതികവിദഗ്ദ്ധൻ എന്നുള്ളതിന്റെ വിവക്ഷ എന്താണെന്നു് ബഹുമാനപ്പെട്ട മെമ്പർക്കു് മനസ്സിലായിട്ടില്ലാ എന്നുണ്ടെങ്കിൽ ഞാൻ അതിൽ പരിതപിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സാങ്കേതികവിദഗ്ദ്ധന്മാർ പലവിധത്തിൽ അഭിപ്രായം പറയുമെന്നാണോ മെമ്പർ വിചാരിക്കുന്നതു്?

ശ്രീ. കെ. കരുണാകരൻ: സാങ്കേതികവിദഗ്ദ്ധന്മാർക്കു എല്ലാ കാര്യത്തിലും പരിപൂർണ്ണാഭിപ്രായമുണ്ടായിരിക്കണമെന്നില്ല. ഓരോ വ്യവസായത്തിലും പലവിധത്തിലുള്ള നിർദ്ദേശം കൊടുക്കുവാൻ സാങ്കേതികവിദഗ്ദ്ധന്മാർ വേണമെന്നേ ഞാൻ പറഞ്ഞതിനു അർത്ഥമുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ഭേദഗതികൾ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ ഉദ്ദേശിച്ച കാര്യം ഈ ഭേദഗതികൊണ്ടു് സാധിക്കുകയില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ശ്രീ. താണുപിള്ള അദ്ദേഹത്തിന്റെ വാദമായി ഉന്നയിച്ചതു് സർക്കാർ പണം വ്യവസായങ്ങളിൽ വായ്പയായി കൊടുക്കുമ്പോൾ ആ കാര്യത്തിൽ ഈ സഭയുടെ നിയന്ത്രണം വേണം; ഈ സഭയുടെ അഭിപ്രായം അനുസരിച്ചേ അതു് ചെയ്യുവാൻ പാടുള്ളു എന്നാണു്. ഞാൻ അതിന്റെ ഗുണദോഷങ്ങളെപ്പററിയൊന്നും പ്രസ്താവിക്കുന്നില്ല. അതു് ആവശ്യമില്ലെന്നു് ഞാൻ പറയുന്നില്ല. ൧൦ ആളുകൾ ഉള്ള ഒരു ഇൻഡസ്ട്രിയൽ ബോർഡു് ഉണ്ടാക്കുകയാണെങ്കിൽ അതിൽ ൭ ആളുകൾ ഈ സഭയിലെ അംഗങ്ങളാണെന്നുണ്ടെങ്കിൽ ഈ സഭയുടെ നിയന്ത്രണത്തിൽ പണം ചിലവാക്കുക എന്നു് ഉണ്ടാകയില്ല. അതുകൊണ്ടു്

ആ ഉദ്ദേശം സാധിക്കുകയില്ല. അതു് ശരിയായ ഉദ്ദേശമാണ് എന്ന വിചാരമുണ്ടെങ്കിൽക്കൂടി ൧൨൭ അംഗങ്ങളുള്ള ഈ സഭയുടെ അഭിപ്രായം മൂന്നുനാലു കൊല്ലത്തേക്കു ഏതെങ്കിലും ഒരു സന്ദർഭത്തിൽ പല പരിഗണനകളും വച്ചു് ഈ നിയമസഭയിൽനിന്നും തിരഞ്ഞെടുക്കുന്ന ൩ അംഗങ്ങളെക്കൊണ്ടു സാധിക്കുമോ? ഈ ൩ അംഗങ്ങൾ ബോർഡിൽ പ്രവർത്തിക്കുന്നതു് ഈ നിയമസഭ ഇല്ലാത്തകാലത്താണ്. അവരുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ ഈ സഭയിൽ വാദപ്രതിവാദത്തിന് വരണമെന്നില്ല. അതുകൊണ്ടു് നിയമസഭയുടെ നിയന്ത്രണത്തിന് വിധേയമായി മാത്രമേ ഈ രാജ്യത്തു വ്യവസായങ്ങൾക്കു വായ്പകൾ കൊടുക്കുവാൻ പാടുള്ളു എന്നാണെങ്കിൽ ഈ ഭേദഗതി അവതരിപ്പിച്ച ബഹുമാനപ്പെട്ട മെംബറന്മാരുടെ അഭിപ്രായം സാധിക്കുന്നതിനു ഇതു് പ്രയോജനപ്പെടുകയില്ല. ബോർഡിൽ ഈ സഭയിലെ അംഗങ്ങൾ ൨ എന്നുള്ളതു് ൩ എന്നു് ആക്കാമെന്നല്ലാതെ വേറെ യാതൊരു വിശേഷവും ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭയിൽനിന്നു തിരഞ്ഞെടുക്കുന്ന ആളുകൾ ഓരോ പാർട്ടികളോടും ബന്ധപ്പെട്ടവർ ആയിരിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാകുവാനാണു വഴി.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ പാർട്ടിയോടു് ബന്ധപ്പെട്ട ആളെ തെരഞ്ഞെടുക്കൽ ആധിക്യത്തിൽ നിയമസഭയോടു് ഉത്തരവാദിത്വം കാണുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ൨ ആളെ എടുത്താലും ൩ ആളെ എടുത്താലും ഉണ്ടാകും.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭയിൽനിന്നു കൂടുതൽ ആളുകളെ എടുത്താൽ ഭൂരിപക്ഷം വോട്ട് അവർക്ക് കിട്ടുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാം ഒരു വാദം സ്വീകരിക്കുമ്പോൾ dispassionate ആയിട്ടു് ആ വാദം ഏതു തത്വത്തിന്റെ അടിസ്ഥാനത്തിലാണെന്നു നോക്കണം. നാം ഉദ്ദേശിക്കുന്നതു് നിയമസഭയിൽനിന്നു ഇൻഡസ്ട്രീസിന് വായ്പകൊടുക്കുന്നതിനുള്ള ശുപാർശകൾ നൽകണമെന്നാണോ; അതല്ല, ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉന്നയിച്ചമാതിരി ഈ നിയമസഭയുടെ നിയന്ത്രണത്തിനു വിധേയമായി വ്യവസായങ്ങൾക്ക് വായ്പ കൊടുക്കണമെന്നാണോ? അങ്ങനെയാണെങ്കിൽ ഈ ഭേദഗതികൊണ്ടു് കാര്യമില്ല. ബഹുമാനപ്പെട്ട തുറവൂർ മെംബർ ചോദിച്ചു, ഭൂരിപക്ഷം അംഗങ്ങളെ കൊടുത്താൽ അവർ ഈ നിയമസഭയിലെ ഓരോ പാർട്ടിയിലുംപെട്ടവരായതുകൊണ്ടു് നിയമസഭയുടെ അഭിപ്രായം നോക്കുകയില്ലേ, എന്നു്. അതും ശരിയല്ല. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നു ഒരംഗത്തെ തിരഞ്ഞെടുത്തു എന്നു വയ്ക്കുക. ആ അംഗം ബോർഡുമീറ്റിംഗിൽ ചെല്ലുമ്പോൾ ഇന്ന വ്യവസായത്തിന് ൧൦,൦൦൦ രൂപ കൊടുക്കണമോ വേണ്ടയോ എന്നുള്ളതിനു അവിടെ അതിനുള്ള രേഖകൾ വച്ചു് ഒരു അഭിപ്രായം പറയുമ്പോൾ അതു് കമ്മ്യൂണിസ്റ്റ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

പാർട്ടിയുടെ അഭിപ്രായമാണോ? അതുപോലെ കാൺഗ്രസ്സ് പാർട്ടിയിലെ ഒരംഗം ബോർഡിലെ അംഗമായി വന്നാൽ ഇന്ന വ്യവസായത്തിന് ൫൦,൦൦൦ രൂപ വായ്പകൊടുക്കണമെന്നുള്ളതിന് അതിനുള്ള രേഖകൾ എല്ലാം നോക്കി ആ വ്യവസായത്തിന് വായ്പ കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നു. അതു് കാൺഗ്രസ്സിന്റെ തീരുമാനമാണോ? രാഷ്ട്രീയപാർട്ടികളെ സംബന്ധിച്ച് ഞാൻ അറിയുന്നിടത്തോളം ധരിച്ചിരിക്കുന്നതു് രാഷ്ട്രീയപാർട്ടികൾക്ക് ഈ വക കാര്യങ്ങളിൽ ഒരഭിപ്രായംതന്നെ ഉണ്ടാകയില്ലെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: തീരുമാനം എടുക്കുന്നതിന് ഗവണ്മെൻറിന്റെ മുമ്പിൽ വരുന്ന രേഖകൾ മാത്രമേ ബാധകമായുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പറഞ്ഞതുപോലെയുള്ള ഒരു കമ്മിററിയുടെ ശുപാർശയുണ്ടെങ്കിലും അപ്രകാരം ഗവണ്മെൻറ പ്രവർത്തിച്ചുകൊള്ളണമെന്നില്ല. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഈ ഭേദഗതികൾ അവതരിപ്പിച്ച മെമ്പറന്മാരുടെ ഉദ്ദേശത്തിന് ഈ ഭേദഗതികൾ പ്രയോജനപ്പെടുകയില്ല എന്നുള്ളതാണ്.

ശ്രീ. സി. അച്യുതമേനോൻ: ൰ ആളുകളെ നിയമസഭയിൽനിന്നു എടുക്കണമെന്ന് പറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശം എന്താണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ഉദ്ദേശം എന്താണെന്നു പറയാം. ബഹുമാനപ്പെട്ട മെംബറന്മാർ ഉദ്ദേശിച്ചിട്ടുള്ളതു് നിയമസഭയുടെ നിയന്ത്രണത്തിന് വിധേയമായിട്ടാണ് കടവായ്പ കൊടുക്കേണ്ടതു് എന്നാണെങ്കിൽ അതിന് ഈ ഭേദഗതി പോരാ. പിന്നെ എന്തിനാണ് ൰ ആളുകളെ ഈ സഭയിൽനിന്നു വച്ചിരിക്കുന്നതു് എന്നു ചോദിച്ചാൽ അതു് കമ്മിററിയുടെ ഘടനയെസംബന്ധിച്ചുള്ള നിയമം അനുസരിച്ചാണ്. ൰-ൽ അധികം അംഗങ്ങളെ ഈ സഭയിൽനിന്നു എടുക്കുന്നതിന് വിരോധമില്ല. പക്ഷേ ബാക്കിയുള്ള ആളുകളെ ഗവണ്മെൻറ നാമിനേററ ചെയ്യുകയായിരിക്കും.

ശ്രീ. കമ്പിളേത്തിൽ കരുണാകരൻ: നിയമസഭയുടെ അംഗീകാരമുള്ള അംഗങ്ങൾ ഭൂരിപക്ഷം വേണമെന്നാണ് ഭേദഗതികൾകൊണ്ടു് ഉദ്ദേശിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എന്തു ഉദ്ദേശം സാധിക്കുന്നതിനുവേണ്ടിയാണ്? നിയമസഭയുടെ അംഗീകാരം ഉള്ള ഭൂരിപക്ഷം ആളുകൾ ഈ ബോർഡിൽ വേണമെന്നു പറയുന്നതു് എന്തു സിദ്ധാന്തം സാധിക്കുന്നതിനുവേണ്ടിയാണ്? ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ഒരു സിദ്ധാന്തം പറഞ്ഞു. വ്യവസായങ്ങൾക്ക് കടവായ്പ കൊടുക്കണമെങ്കിൽ അതു് നിയമസഭയുടെ അഭിപ്രായം അനുസരിച്ച് വേണമെന്ന്. അതിന് ആറേഴ് ആളുകൾ നിയമസഭയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവർ ബോർഡിൽ ഉള്ളതുകൊണ്ടു് സാദ്ധ്യമല്ല. ഈ കാര്യങ്ങൾ ചെയ്യുന്നതു് മന്ത്രിമാർ ആണ്. മന്ത്രിമാർ നിയമസഭയോടു

ഉത്തരവാദപ്പെട്ടവർ ആണ്. അതുകൊണ്ട് ഇതു ചെയ്യുമ്പോഴും അതു് നിയമസഭയോടുത്തരവാദപ്പെട്ടിരിക്കും. Responsible ഗവണ്മെന്റിന്റെ പ്രവൃത്തികൾക്ക് ചില മൗലികസിദ്ധാന്തങ്ങൾ ഉണ്ട്. Responsible ഗവണ്മെന്റു നടക്കുന്നതു് നിയമസഭയുടെ നിർദ്ദേശമനുസരിച്ചല്ല എന്നുള്ളതാണ് ആ സിദ്ധാന്തം. മന്ത്രിമാർക്ക് നിയമസഭയോട് ഉത്തരവാദിത്വമുണ്ട്. എന്നാൽ ഭരണം നടത്തുന്നതു് നിയമസഭയുടെ നിർദ്ദേശം അനുസരിച്ചല്ല. റസ്പോൺസിബിൾ ഗവണ്മെന്റിനെ സംബന്ധിച്ചുള്ള ഏതു ടെക്സ്റ്റ് ബുക്കുകൾ വായിച്ചാലും അതറിയാവുന്നതാണ്. എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേഷൻ അതിന്റെ ഉത്തരവാദിത്വത്തിൽ ഭരണം നടത്തുന്നു. അവരുടെ ഭരണം നിയമസഭയ്ക്കു് സമ്മതമല്ലെങ്കിൽ അവരെ മാററുന്നു. അതാണ് Responsible ഗവണ്മെന്റിന്റെ മൗലികതത്വം.

[4 P. M.]

വ്യവസായവായ്പ ബോർഡിൽ അംഗങ്ങളായി ഈ സഭയിൽ നിന്നും അൻപതു ശതമാനം മെമ്പറന്മാരെ നാമിനേററു ചെയ്യേണ്ടതാണെന്നാണ ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറുടെ അഭിപ്രായം. ആ വിധത്തിലുള്ള ഒരു ബോർഡ് അഡ്മിനിസ്ട്രേഷനെപ്പററി ചിന്തിക്കുമ്പോൾ ഒരുകാലത്തു് തിരുവിതാംകൂറിൽതന്നെ പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആളുകൾ അടങ്ങിയ ഒരു കമ്മററിയായിരിക്കണം രാജ്യം ഭരിക്കേണ്ടതെന്ന ഒരു അഭിപ്രായം ഉണ്ടായതിനെപ്പററിയാണ് ഞാൻ ഓർത്തതു്. നാം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു് ഉത്തരവാദഭരണമാണ്. ഈ ഗവണ്മെന്റ് അതിന്റെ എക്സിക്യൂട്ടീവ് വർക്ക് നടത്തുന്നതിനുള്ള ഉത്തരവാദിത്വമാണ് ഏറെറടുത്തിരിക്കുന്നതു്. ഈ ഗവണ്മെന്റ് ഈ നിയമസഭയോടുള്ള സകല ഉത്തരവാദിത്വത്തോടും കൂടിയാണ് ഭരണം നടത്തുന്നതെന്നു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറും, ശ്രീ. തരകനും മനസ്സിലാക്കിയിരുന്നുവെങ്കിൽ മൂന്നാളുകളെ നിയമസഭയിൽനിന്നും നാമിനേററു ചെയ്താൽ പോരാ എന്നു പറയുകയില്ലായിരുന്നു. എന്റെ അഭിപ്രായത്തിൽ ഈ ബോർഡിലേക്കു നിയമസഭയുടെ ഭൂരിപക്ഷപ്രാതിനിധ്യം കൊടുക്കേണ്ട ആവശ്യമില്ല. അതേസമയം യാതൊരു സംഗതികളും ബോർഡ് പ്രൈവററായി നടത്താൻ പാടില്ലാ എന്ന ഉദ്ദേശത്തോടുകൂടിയാണ് മൂന്നു് അംഗങ്ങളെ ബോർഡിലേക്കു നാമിനേററു ചെയ്യണമെന്നു് കമ്മററി ശുപാർശചെയ്തിരിക്കുന്നതു്.

ശ്രീ. ഇ. പി. വർഗീസ്: അങ്ങനെയാണെങ്കിൽ നിയമസഭയിൽ നിന്നും ഒരു മെമ്പറെ നാമിനേററു ചെയ്താൽ പോരെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പോരാത്തതുകൊണ്ടല്ല. എന്നാൽ മററു പലക്കും നിരാശയുണ്ടാകുമെന്നുള്ളതുകൊണ്ടാണ് മൂന്നു് അംഗം എന്നു വച്ചിട്ടുള്ളതു്.

സർ, അസംബ്ലിയിൽ നിന്നും ഈ മെമ്പറന്മാരെ എടുത്തിരിക്കുന്നതു തന്നെ ബോർഡിന്റെ പ്രവർത്തനത്തിൽ നിയമസഭയിലെ ഓർച്ചു ലൈററു വീഴുന്നതിനാണ്. അവരുടെ ഓരോ പ്രവൃത്തിക്കും നിയമസഭ സാക്ഷ്യം വഹിക്കുന്നുണ്ടെന്നു മനസ്സിലാക്കണം. അതായതു് ഒരു വ്യവസായസ്ഥാപനം ഒരു ലോണിനു് അപേക്ഷിച്ചുവെന്നിരിക്കട്ടെ, കമ്മററി ആ സംഖ്യ കൊടുക്കുന്നതിനു് എതിരായിരുന്നു. എന്നാൽ അതു വകവയ്ക്കാതെ ഗവ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ണ്മെൻറ ആ സംഖ്യ കൊടുക്കുകയും അതുപോലെ കമ്മററി കൊടുക്കുവാൻ ശുപാർശ ചെയ്തിട്ടുള്ള ലോൺ ഗവണ്മെൻറിനു പണം ഉണ്ടായിരുന്നാൽ തന്നെയും രാഷ്ട്രീയപരിഗണനയുടെ പേരിൽ ഏതെങ്കിലും വ്യവസായത്തിനു പണം കൊടുക്കാൻ വിസമ്മതിക്കുകയുമാണെങ്കിൽ ആ വ്യവസായത്തിന് വരാവുന്ന കഷ്ടനഷ്ടങ്ങളെപ്പററി ശരിയായ രീതിയിൽ നിയമസഭയിൽ വിമർശിക്കുന്നതിനു വേണ്ടിയാണ് ഈ അംഗങ്ങളെ നാമിനേററ ചെയ്യുന്നതു്. ചുരുക്കിപ്പറഞ്ഞാൽ ഒരു വിധത്തിലും ഗവണ്മെൻറിൻെറ എക്സിക്യൂട്ടീവു പൗവ്വർ സറണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഈ എക്സിക്യൂട്ടീവ് പൗവ്വർ വിനിയോഗിക്കുന്ന കാര്യത്തിൽ ഉപദേശിക്കുന്നതിനു 'മാത്രമാണ് ഈ കമ്മററിയുണ്ടാക്കുന്നതു്. അതായതു് പുറമെയുള്ള ആളുകൾക്കു് മനസ്സിലാക്കാൻ സാധിക്കാത്ത വിധത്തിൽ യാതൊരു കാര്യവും ഗവണ്മെൻറ ചെയ്യാൻ പാടില്ല, ആ ഉദ്ദേശത്തിലാണ് നിയമസഭയിലെ അംഗങ്ങളെ ഈ ബോർഡിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഈ വിധത്തിലാണ് Responsible ഗവണ്മെൻറ് മറെറല്ലാ സ്ഥലങ്ങളിലും ഭരണം നടത്തുന്നതു്. അതേ നയം തന്നെയാണ് ഇവിടെ നാം അനുകരിക്കുന്നതു്. ഈ സ്ഥിതിക്കു് ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ ഉന്നയിച്ച വാദമുഖങ്ങൾ മൗലികതത്വങ്ങൾക്കു വിരുദ്ധമാണെന്നുള്ളതുകൊണ്ടും വ്യവസായങ്ങൾക്കു വേണ്ടി സഹായധനം കൊടുക്കാനുള്ള അവകാശം നിയമസഭയിലുള്ള അംഗങ്ങൾക്കു വിട്ടുകൊടുക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ടും കടവായ്പയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു തോന്നിയപോലെ ചെയ്യാൻ പാടില്ലെന്നു് അനുശാസിക്കുന്ന ഒരു ബില്ലായതുകൊണ്ടും നിയമസഭയിൽനിന്നു പ്രതിനിധികളായി ഈ ബോർഡിലേക്കു മൂന്നു മെംബറന്മാരെ മാത്രം തെരഞ്ഞെടുക്കാൻ നിർദ്ദേശിക്കുന്ന ഒരു ബില്ലായതു കൊണ്ടും ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കേണ്ടതു് അത്യാവശ്യമാണെന്നു ഗവണ്മെൻറിനു തോന്നിയതുകൊണ്ടുമാണ് അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: എന്തു യോഗ്യതയെ മാനദണ്ഡമാക്കിയാണ് അംഗങ്ങളെ നാമിനേററ ചെയ്യുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫിനാൻഷ്യലായിട്ടു നോക്കും. സാങ്കേതികപരിജ്ഞാനം മറെറാരു യോഗ്യതയാണ്. ധനതത്വശാസ്ത്രം സംബന്ധിച്ചു ബിരുദവും യോഗ്യതകളിലൊന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ: നാമിനേററ ചെയ്യുന്നവരിൽ തൊഴിലാളി പ്രതിനിധികൾ ഉണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയും വരാം.

Shri A. Thanu Pillai: May I suggest that Mr. Karunakaran's amendment which is a comprehensive one be put to vote first.

The amendment moved by Shri Kambisseril Karunakaran was put and lost.

The amendment moved by Shri A. Thanu Pillai was put and lost.

The amendment moved by Shri M. M. Abdul Khader was, by leave, withdrawn.

The question that Clause 3, as amended, stand part of the Bill was put and carried.

The Clause, as amended, was added to the Bill.

Clause 4

Shri A. Thanu Pillai : Sir, I move :

In clause 4, second proviso, omit "but he shall continue to hold office.........up".

With my amendment the Proviso will read,

> "Provided further that a member elected under sub-section (3) of Section 3 shall cease to be a member of the Board when he ceases to be a member of the State Legislative Assembly."

Sir, a Member of the Legislative Assembly may cease to be a member for various reasons. He may cease to be a member for his mis-conduct. There are also certain disqualifications attached to a member according to rules. In a case like that where he has a lack of character, he ceases to be a member until the elections are held and the vacancy being filled up. It may be 6 months or a year till the elections take place when such a member will continue according to the existing proviso. Not only that. Even when he ceases to be a member in the normal course if he is elected from the Legislature, why should he continue is my point. According to the Minister the members elected from the Leglsiature are in the Board just to give other members of what takes place there, but that object will not be fulfilled. For that reason also why should he continue. I thought the elected member is in the board for other purposes. Any way the Minister has made clear that an elected member is there only as a witness. He is to come and inform other members of the legislature as to what happens there. Even that object will not be fulfilled. Any way the idea that he shall hold office until the vacancy is filled up is unnecessary. For these reasons I move my amendment.

Shri R. Kesava Pillai : I also move my amendment.

"In Section 4 delete the second Proviso".

സർ, ഈ ബില്ലിലെ 4-ാം വകുപ്പിലുള്ള രണ്ടാമത്തെ പ്രൊവിസോ എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. മൂന്നുവർഷക്കാലത്തേക്കാണ് നിയമസഭാസാമാജികന്മാർക്ക് ഈ ബോർഡിൽ അംഗത്വമുള്ളത്. മൂന്നുകൊല്ലം അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പിരിച്ചുവിടുകയാണെങ്കിൽ നിയമസഭയിൽനിന്നും നാമിനേററു ചെയ്തിട്ടുള്ള അംഗങ്ങളുടെ കാലാവധി അവസാനിക്കയും ഗവണ്മെൻറിൽ നിന്നും നാമിനേററു ചെയ്തിട്ടുള്ളവർ തുടരുകയും ചെയ്യുന്നു. അങ്ങിനെ ഒരു വ്യത്യാസമനില പാടില്ലെന്നുള്ള ഉദ്ദേശം കൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കാൻ ഇടയായിട്ടുള്ളത്. ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Shri V. R. Krishnan Ezhuthassan: Sir, I move:

Recast the two provisos of Section 4 as follows:—

"Provided that a member elected under sub-section (3) of Section 3 shall cease to be a member of the Board when he ceases to be a member of the Legislative Assembly:

Provided further that notwithstanding the expiration of the term the Chairman and members shall continue to hold office until the vacancy caused by the expiration of the term has been filled up,"

ഈ ബില്ലിലെ നാലാം വകുപ്പിലുള്ള രണ്ടു പ്രൊവിസോയും കൂടി ഒന്നാക്കുന്നപക്ഷം ഡ്രാഫ്റ്റിംഗിന് കുറേക്കൂടി എളുപ്പമുണ്ടാകുന്നതാണ്. ഗവണ്മെൻറിൽനിന്നും നേരിട്ടു നാമിനേററു ചെയ്യുന്നവർക്കും നിയമസഭയിൽ നിന്നും നാമിനേററു ചെയ്യുന്നവർക്കും കാലാവധി തീർന്നാൽ വേക്കൻസി ഫില്ലപ്പ് ചെയ്യുന്നതുവരെ തുടരാമെന്ന് രണ്ടു പ്രൊവിസോയിൽ പറഞ്ഞിട്ടുള്ളതിനു പകരം ഒരു പ്രൊവിസോയിൽ പറയുന്നതാണ് ഡ്രാഫ്റ്റിംഗിന് എളുപ്പമുള്ളത്. അതുകൊണ്ട് ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: സർ, ആദ്യമായി ബഹുമാനപ്പെട്ട ചടയമംഗലം മെമ്പറുടെ ഭേദഗതിയെപ്പററിത്തന്നെ സംസാരിക്കാമെന്നു വിചാരിക്കുന്നു. അദ്ദേഹം പറഞ്ഞത്, ഒരു ബോർഡിനു മൂന്നു കൊല്ലത്തെ കാലാവധി ഉണ്ടെന്നു വയ്ക്കുക, നിയമസഭ മൂന്നംഗങ്ങളെ തെരഞ്ഞെടുക്കുന്നുവെന്നും വയ്ക്കുക, അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടതിന്റെ ശേഷം ഒരു കൊല്ലം കഴിഞ്ഞിട്ട്, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ നിയമസഭാംഗങ്ങൾ അല്ലാതെവന്നാൽ അവരെ പിന്നെയും ബോർഡിന്റെ അംഗങ്ങളായി തുടരുവാൻ അനുവദിക്കണമെന്നാണ് അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിച്ചാൽ വരുന്നത്. അവർ ബോർഡിലെ അംഗങ്ങളായത് അവർ നിയമസഭയിലെ അംഗങ്ങളായതുകൊണ്ടാണ്. അങ്ങനെ ഉള്ള അംഗങ്ങൾ നിയമസഭയിലെ അംഗങ്ങളല്ലാതെ വന്നാൽ അതിനു ശേഷവും അവർ ബോർഡിലെ അംഗങ്ങളായിരിക്കണമെന്നു പറയുന്നതു ശരിയല്ല. സെലക്ട്കമ്മിററി ഒരു പ്രൊവൈസോ ഇവിടെ ചേർത്തിരിക്കുന്നത്, ഈ അംഗങ്ങൾ നിയമസഭാമെമ്പറന്മാർ അല്ലാതാകുമ്പോൾ അവരുടെ ബോർഡിലുള്ള അംഗത്വവും നഷ്ടപ്പെടണമെന്ന് ഉദ്ദേശിച്ചാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല.

പിന്നീട്, ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറഞ്ഞ തത്വം സ്വീകാര്യമാണ്. അതായത്, നിയമസഭയിലെ അംഗത്വം നഷ്ടപ്പെടുമ്പോൾ ബോർഡിലെ അംഗത്വവും നഷ്ടപ്പെടും. അങ്ങനെ വരുമ്പോൾ പിന്നീട് ഒരാളെ തെരഞ്ഞെടുക്കുന്നതുവരെ ഇപ്പോൾ ഇരിക്കുന്നയാളെ തുടരുവാൻ അനുവദിക്കണം. ഇതു് പ്രായോഗികമായ സൗകര്യത്തിനുവേണ്ടിയാണ്. അതുപോലെതന്നെ ബോർഡിനു ഒരു കണ്ടിന്യുവിററിയും വേണം. അതായത് അംഗങ്ങൾ ഇല്ലാത്ത ഒരു സ്ഥിതി ബോർഡിൽ ഉണ്ടാകരുത്. പൊതുതെരഞ്ഞെടുപ്പിന്റെ കാലത്ത്, നിയമസഭയിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞു പുതിയ നിയമസഭകൂടി

പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുവരെ പഴയ അംഗങ്ങൾതന്നെ തുടരേണ്ടതാണ്. ഇതു് എല്ലാ രാജ്യങ്ങളിലും നിലവിലുള്ള ഒരു നിയമമാണ്. ഉദാഹരണമായി സ്പീക്കറുടെ തെരഞ്ഞെടുപ്പുതന്നെ എടുക്കാം. പഴയ നിയമസഭ പിരിച്ചുവിട്ടു് പുതിയ നിയമസഭക്കൂടി ഒരു പുതിയ സ്പീക്കറെ തെരഞ്ഞെടുക്കുന്നതുവരെ പഴയ സ്പീക്കർതന്നെ തുടരുന്നതാണ്, അതാണ് നിയമം. ഇപ്രകാരം ചെയ്യുന്നതു് ഈ കാലത്തിനിടയ്ക്കു ഒരു vacuum വരാതിരിക്കുവാൻ വേണ്ടിയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: നിയമസഭ പിരിച്ചുവിട്ടാലും പുതിയ നിയമസഭ സമ്മേളിക്കുന്നതുവരെ പഴയ അംഗങ്ങളുടെ അംഗത്വം നിലനിൽക്കുകയില്ലേ? പിന്നെ എങ്ങനെയാണ് ഈ വാക്യം ഉണ്ടാകുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമസഭ പിരിച്ചുവിട്ടാലുണ്ടാകുന്ന സ്ഥിതിയെപ്പററിയാണ് ഞാൻ പറഞ്ഞതു്.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: കമ്മററിയിലെ മെംബർമാർക്കു രാജി വയ്ക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വയ്ക്കാം. പിന്നീടു്, ഈ അസംബ്ലിക്കു് ഈ കമ്മിററിയിൽ ശരിയായ പ്രാതിനിധ്യം വേണമെന്നു പറയുകയുണ്ടായി. ൧൦൦൦ രൂ. ഒരു കമ്പനിക്കു കടം കൊടുക്കണമെന്നു ഒരു പ്രത്യേക പാർട്ടിയിലെ മെംബർ പറഞ്ഞാലും അതു് കമ്മററിയുടെ അഭിപ്രായപ്രകാരമേ തീരുമാനിക്കപ്പെടുകയുള്ളു. അതുകൊണ്ടു് ആ ഭേദഗതിയും പ്രസക്തമല്ല. ഇപ്പോൾ ഇരിക്കുന്നയാൾ മെംബറല്ലാതെ വരികയും അയാളുടെ സ്ഥാനത്തു് വേറൊരാളെ തെരഞ്ഞെടുക്കപ്പെടുന്നതുവരെ ആളില്ലാതിരിക്കപ്പെടുകയും ചെയ്യാൻ പാടില്ല. അങ്ങനെയുള്ള ഒരു അവസ്ഥയെ തടയാൻ വേണ്ടിയാണ് ഇപ്രകാരം ഒരു വ്യവസ്ഥ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് തിരുവനന്തപുരം മെംബറുടെ ഭേദഗതിയും സ്വീകരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എഴുത്തച്ഛൻ അവർകളുടെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഈ ഡ്രാഫ്റ്റിംഗിൽ കുറെക്കൂടി ഭംഗി കാണുമെന്നു പറയുകയുണ്ടായി. ഇതിൽ ഏതാണു കൂടുതൽ ഭംഗിയെന്നു നോക്കിയതിൽ ഇപ്പോൾ ഇരിക്കുന്നതുതന്നെയാണെന്നു തോന്നുന്നതിനാൽ ആ ഭേദഗതിയും സ്വീകരിക്കുവാൻ നിവൃത്തിയില്ല.

The amendment moved by Shri A. Thanu Pillai was put and lost.

The amendments moved by Shri R. Kesava Pillai and Shri V. R. Krishnan Ezhuthassan were, by leave, withdrawn.

The question that Clause 4 stand part of the Bill was put and carried. The clause was added to the Bill.

Clause 5.

Shri M. M. Abdul Khader: Sir, I move in Chapter II, section 5, substitute "Board" for "Government"

This section deals with the resignation of the chairman or members of the board. I think it would be quite proper if

[Shri M. M. Abdul Khader]

the members or Chairman tender resignation to the board itself. We know it is the usual practice that the member of a body tenders his resignation to the body concerned, rather than to an altogether different entity.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, അതു് വലിയ പ്രാധാന്യമുള്ള കാര്യമാണെന്നു തോന്നുന്നില്ല. ഇതു് ഒരു വലിയ അധികാരമുള്ള ബോർഡല്ല. അതിന്റെ പ്രസിഡന്റിനെതന്നെ ഗവണ്മെന്റു നോമിനേററു ചെയ്യുകയാണു് ചെയ്യുന്നതു്. ബോർഡിന്റെ അംഗങ്ങൾ ഗവണ്മെന്റിലേയ്ക്കു നേരിട്ടു് രാജിക്കത്തയച്ചാൽ ഉടൻതന്നെ ആ വേക്കൻസി ഫില്ലപ്പു് ചെയ്യാവുന്നതാണു്. ബോർഡിന്റെ ചെയർമാനു് രാജിക്കത്തയച്ചാൽ കാലതാമസം നേരിടും. അതു് ഗവണ്മെന്റിലേയ്ക്കു അയച്ചാൽ കാര്യം വേഗം നടക്കും. അതുകൊണ്ടു് ആ ഭേദഗതി ഞാൻ സ്വീകരിക്കുന്നില്ല.

The amendment was, by leave, withdrawn.

The question that clause 5 stand part of the Bill was put and carried.

The clause was added to the Bill.

CLAUSE 6.

Shri A Thanu Pillai: Sir, I move: In clause 6 (1), line 2, after 'he' insert 'in the case of a member elected by the Legislative Assembly, ceases to be a member of that Assembly and in the case of any other member,' and then put in (a), (b), (c).

This is how the clause will then read:

" The Government may remove the chairman or any member of the Board if he, in the case of a member elected by the Legislative Assembly, ceases to be a member of that Assembly, and in the case of any other member—

(*a*) becomes subject to any physical or mental disability which in the opinion of the Government renders him unfair to act as chairman or a member, as the case may be, of the Board;

(*b*) is convicted of any such offence or is subjected by any Criminal Court to any such order as in the opinion of the Government implies a defect of character which renders him unfit to continue to be the chairman or a member, as the case may be, of the Board;

(*c*) without excuse sufficient in the opinion of the Government, is absent without the consent of the Board from more than three consecutive meetings of the Board; or

(*d*) contravenes the provisions of Section 9.

Now my object in making this amendment is this. This House is asked to elect certain members to be members of this board. Then, to me it appears derogatory to this House that the

Government, without reference to it, should remove such a member. That is, this House is asked to elect and it elects three of its members to work on the board. Later on, for some reason or other, the Government, without reference to this House remove those members, or any one of the members. That should not be allowed. If you want this House to elect the members, you cannot also have some other agency to terminate the membership of those members.

According to my amendment, in the case of members who are not elected by this House, Government may remove them if they become subject to the disqualifications mentioned in the Bill. But in the case of a member of the Legislative Assembly, it may be argued, that he will cease to be a member of the Assembly, if he is subject to the disqualifications under the first two sub-clauses, and as such, there is no necessity for Government or another agency to declare that he is unfit to continue as Chairman or member. When a member ceases to be a member of this House, he automatically ceases to be a member of the Board also. If he is fit to continue as a member of this House, then I maintain he must be considered fit to be a member of the Board. It cannot be left to the Government to say whether he is fit or not. Therefore I say that, in the case of a member elected from this House, the Government should not have the right to decide whether he has become subject to any of the disqualifications mentioned, not only of the first two types, but those under the other two sub-clauses also, namely absenting from three consecutive meetings of the Board and contravening the provisions of Section 9. That is because according to me, it is derogatory to this House.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ അന്തസ്സിനുവേണ്ടി ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ഉന്നയിച്ച വാദത്തെ ഞാൻ സർവാത്മനാ പിൻതാങ്ങുന്നു. ഞാനും അക്കാര്യത്തിൽ അശേഷം ശ്രദ്ധക്കുറവുള്ള ഒരാളല്ല. പക്ഷെ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തത്വങ്ങളുടെ സാദ്ധ്യതയ്ക്കു് അങ്ങനെയൊരു പ്രൊവിഷൻ ഉണ്ടാക്കാതെ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മെംബർ പറഞ്ഞു, ഈ സഭയിൽ ഇരിക്കാൻ അയോഗ്യതയില്ലെന്നുണ്ടെങ്കിൽ ബോർഡിലിരിക്കാനും അയോഗ്യത പാടില്ല എന്നു്. പ്രഥമശ്രവണത്തിൽ അതു ശരിയാണെന്നു തോന്നാം. ബോർഡിന്റെ കാര്യത്തിൽ ചില പ്രത്യേക അയോഗ്യതകൾ പറഞ്ഞിട്ടുണ്ടു്. ബോർഡിൽ ഇരുന്നുകൊണ്ടു് തന്റെ ഒരു സ്വന്തം വ്യവസായത്തിനോ അല്ലെങ്കിൽ തന്റെ അളിയന്റെയോ അനുജന്റെയോ വ്യവസായത്തിനോ സഹായധനം കൊടുക്കുക എന്നുള്ള നടപടിയെടുത്താൽ അതു വലിയ ഒരു കുറ്റമായി ൯-ാമത്തെ ക്ലാസ്സിൽ പറയുന്നുണ്ടു്. അങ്ങനെവന്നാൽ ഒരാളെ റിമൂവു ചെയ്യാമെന്നു പറയുന്നുണ്ടു്.

Mr. Speaker: The legislative business will stop for today. We will proceed to the discussion under rule 26. May I call upon Mr. Alexander Parambitharayil to state his points?

Discussion under Rule 26 re: Sea Erosion.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : സർ, ഇക്കഴിഞ്ഞ ൩൦-ാം തീയതി ഈ സഭയിൽ നൽകപ്പെട്ട ഒരുത്തരത്തിൽനിന്നും കൊച്ചി ഹാർബറിന്റെ തെക്കുഭാഗത്തുകിടക്കുന്ന ഏകദേശം ൧൦ നാഴിക നീളമുള്ള കടലോരപ്രദേശങ്ങളിൽ ഒരു ശക്തിയായ കടലാക്രമണം ഉണ്ടായതായി നാം അറിഞ്ഞു. അതു സംബന്ധിച്ച് ചില കൂടുതൽ വിവരങ്ങൾ ഈ സഭയെ അറിയിക്കുന്നതിനും അക്കാര്യത്തിൽവേണ്ട പ്രതിരോധനനടപടികൾ ഗവണ്മെന്റ് ഉടനെ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നതിനും വേണ്ടിയാണ് ഞാൻ ചിലതു് ഇവിടെ പ്രസ്താവിക്കാൻ മുതിരുന്നതു്.

കൊച്ചി ഹാർബറിന്റെ തെക്കുഭാഗത്തു കിടക്കുന്ന പത്തു പന്ത്രണ്ടു് നാഴിക നീളം വരുന്ന കടൽത്തീരപ്രദേശം ശക്തിയായ ഒരു കടലാക്രമണത്തിന് വിധേയമായതിന്റെ ഫലമായി കുറെക്കാലങ്ങളായി ധാരാളം വസ്തുനാശം നേരിടുകയും ജനങ്ങൾ നാടുവിട്ടു പോകുവാൻ ഇടയാകുകയും ചെയ്തിട്ടുണ്ടു്. ഈയാണ്ടിൽ തന്നെ അതായതു് ഇക്കഴിഞ്ഞ രണ്ടു മാസക്കാലത്തിടനിയിൽ മുപ്പതോളം വീടുകൾ നശിച്ചുകഴിഞ്ഞു. ഒരു പൊതു ആരാധന സ്ഥലവും ശ്മശാനവും നാശോന്മുഖമായിട്ടുണ്ടു്. മൂന്നു നിര തെങ്ങുകൾ കടലിലേക്ക് ഒഴുകിപ്പോകുകയും ചെയ്തുകഴിഞ്ഞു. ആക്രമണം തുടർന്നുകൊണ്ടേ ഇരിക്കുന്നു. അവിടെയുള്ള സാധുജനങ്ങൾക്കും അല്ലാത്തവർക്കും സഹിക്കാൻപാടില്ലാത്ത ഏററവും വലിയ വിപത്താണിതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റ് ചില പ്രതിരോധനടപടികൾ നടത്തിപ്പോന്നിരുന്നതായി നമുക്കറിയാം. കൽച്ചുവരിട്ട് കടലാക്രമണം തടയാൻ സംയോജനത്തിനു മുമ്പുള്ള കൊച്ചി ഗവണ്മെന്റ് വളരെ ജാഗ്രതയായി പരിശ്രമിച്ചിരുന്നു. എന്നാൽ സംയോജനത്തിനു ശേഷം അപ്രകാരമുള്ള പ്രവൃത്തികൾക്ക് കുറച്ച് മാന്ദ്യം വന്നിട്ടുണ്ടെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഇപ്പോൾ അവിടത്തെ ചില സംരക്ഷണപണികൾക്കല്ലാതെ പ്രതിരോധനപ്പണികൾക്ക് പണംനീക്കിവയ്ക്കുന്നില്ല. അവിടെ ഇപ്പോൾഉണ്ടായിരിക്കുന്ന നഷ്ടം പ്രാദേശികമായിട്ടുള്ളതുമാത്രമല്ല. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ നമ്മുടെ കൊച്ചി ഹാർബർ ഈ പ്രദേശങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കയാണ്. ഈ വശങ്ങളിലെ കടലാക്രമണം ശക്തിപ്പെട്ട് അവിടെയുള്ള ഒരു പൊഴി മുറിയുന്നതിന് ഇടയാകുകയാണെങ്കിൽ അതു് നമ്മുടെ ഹാർബറിന്റെ ഭദ്രതയെ സാരമായി സ്പർശിക്കുന്ന ഒരു സംഗതിയാണെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. കൊച്ചി ഹാർബർ വികസിപ്പിക്കുന്നതിനുമുമ്പുതന്നെ അവിടെയുള്ള കടലാക്രമണത്തെപ്പററി വിദഗ്ദ്ധന്മാർ അന്വേഷണം നടത്തിയിട്ടുണ്ടു്. ഫ്വൃൻവൃൽലാണ്ടൻ കാളേജ് ഓഫ് എൻജിനിയേഴ്സ് എന്ന ഒരു അതിവിദഗ്ദ്ധസമിതി കടലാക്രമണത്തെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കിയിരുന്നതായി കേട്ടിട്ടുണ്ടു്. ആ റിപ്പോർട്ടിൽനിന്നും ഈ പ്രദേശങ്ങളിലുള്ള കടലാക്രമണം ശരിയായ വിധത്തിൽ പ്രതിരോധിക്കാതിരുന്നാൽ ഹാർബർ നിർമ്മാണത്തിന്റെ സാദ്ധ്യത സന്ദിഗ്ദ്ധമാണെന്നും സാദ്ധ്യമായാൽത്തന്നെയും അതിന്റെ നിലനിൽപ്പ് താൽക്കാലികം മാത്രമായിരിക്കുമെന്നും വിദഗ്ദ്ധാഭിപ്രായം ഉണ്ടായിരുന്നതായിട്ടാണ് മനസ്സിലാകുന്നതു്. ഒരു കാലത്തു് ഹാർബറിന്റെ ഇരു കരകളിലും ഇന്നുകാണുന്ന ഭൂവതിരുകളെ

കഴിഞ്ഞ് നാലുനാഴികയ്ക്കപ്പുറം പടിഞ്ഞാറ് കരയുണ്ടായിരുന്നതും അവിടെങ്ങും ജനവാസമുണ്ടായിരുന്നതും ആണ്. ഇപ്പോൾ ആ പ്രദേശങ്ങൾ, അധികഭാഗവും കടലാക്രമണത്തിന് വിധേയമായി നശിച്ചുപോവുകയും കോടിക്കണക്കിന് വിലവരുന്ന വസ്തുക്കൾ നശിക്കുകയും അവിടെ നിവാസികൾ നാടുവിട്ടുപോവുകയോ ദരിദ്രരായി അവിടെത്തന്നെ കൂട്ടുകയോ ചെയ്യേണ്ടിവരികയും ചെയ്തിട്ടുണ്ട്. ഇനി അവിടെ വളരെ കുറച്ചുമാത്രമേ ശേഷിച്ചിട്ടുള്ളു. അതിന്റെ സ്ഥിതി വളരെ ആശങ്കാജനകവുമാണ്. വർഷകാലങ്ങളിൽ ശക്തിയായി അലകടിച്ചാൽ കരകവിഞ്ഞൊഴുകി കടൽവെള്ളം കിഴക്കെ കായലിലെത്തും. ചെറു കുടിലുകളും നെൽക്കൃഷിയും നശിക്കുകയും ചെയ്യും. ഈ ആക്രമണത്തിന് വിരാമമിടാതെ അതു തുടർന്നുപോകുവാനനുവദിക്കുന്നപക്ഷം ഒന്നുരണ്ടു കൊല്ലത്തിനകം അവിടെ പുതുതായി ഒരഴിയുണ്ടാവാനിടയുണ്ട്. അങ്ങനെ വരികയാണെങ്കിൽ ആ പ്രദേശങ്ങളിലെ വീടുകൾ നശിച്ചുപോകുന്നതിനപ്പുറമെ വമ്പിച്ച ചെലവുചെയ്ത് ഉണ്ടാക്കിയിട്ടുള്ള നമ്മുടെ ഹാർബർ പ്രയോജനരഹിതമായിത്തീരുന്ന ഒരു വിപൽസന്ധ്യയും ഉണ്ടാകുമെന്നുള്ളതിനെപ്പററി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആ കാര്യത്തിൽ ഗവണ്മെൻറ് ചെയ്തിട്ടുള്ള പ്രവർത്തനം കുറെക്കൂടി ഊർജ്ജിതമായി ചെയ്യണമെന്നാണെനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കടലാക്രമണങ്ങൾ നമ്മുടെ പ്രദേശത്തുതന്നെയല്ല. മററു പലയിടത്തും ഉണ്ടാകുന്നുണ്ട്. കരിങ്കടൽ പ്രദേശങ്ങളിൽ ശക്തിയായ കടലാക്രമണം ഉണ്ടായതിനെ സോവിയററ ഗവണ്മെൻറ് വിജയകരമായി പ്രതിരോധിച്ചു എന്ന് ഞാൻ വായിച്ചിട്ടുണ്ട്. അവിടെ കൽച്ചുവരുകൾ കെട്ടുകയല്ല ചെയ്യുന്നത്. പൈപ്പുകൾ നാട്ടി വിൻഡ്മിൽസ് ഉണ്ടാക്കിയാണ് കടലാക്രമണം തടയുന്നത്. ഫ്രാൻസിനടുത്ത് ബേ ആഫ് ബിസ്കേയിലുണ്ടായ കടലാക്രമണം ഒരു ജാതി മരങ്ങൾ നട്ടുപിടിപ്പിച്ച് ശമിപ്പിച്ചു എന്നും അറിയപ്പെടുന്നുണ്ട്. നമ്മുടെ രാജ്യത്തും ആ മാതിരിയുള്ള പ്രവർത്തനംകൊണ്ട് കടലാക്രമണത്തിനെ തടയാൻ സാധിക്കുമോ എന്നു നോക്കിയാൽ തരക്കേടില്ല. തൽക്കാലം കൽച്ചുവരുകളിട്ടു സംരക്ഷിക്കുന്ന പ്രവർത്തനം കുറെക്കൂടി ഊർജ്ജിതമായി നടത്തേണ്ടതാണ്. അടിയന്തിരമായ പ്രവർത്തനങ്ങൾ നടത്തിയില്ലെങ്കിൽ ആ പ്രദേശങ്ങളിലെ ഭൂമി നശിച്ചുപോകുന്നതിനപ്പുറമെ നമ്മുടെ ഹാർബറിനും സാരമായ നഷ്ടം വരുമെന്നുള്ള സംഗതി ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ടും ഇക്കാര്യത്തിൽ സംരക്ഷണവും പ്രതിരോധവും വിജയകരമായി നടത്തുന്നതിന് യാതൊരു കാലവിളംബവും വരുത്താതെ ഏററവും ജാഗ്രതയായി ഗവണ്മെൻറ് മുന്നോട്ടു വരേണ്ടതാണെന്നും ഞാൻ ഉൽബോധിപ്പിക്കുന്നു.

[Mr. Deputy Speaker in the chair.]

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : ചെല്ലാനം മുതലായ സ്ഥലങ്ങളിൽ അടുത്തകാലത്തുണ്ടായ കടലാക്രമണത്തെ സംബന്ധിച്ച് ഗവണ്മെൻറിന് അറിവു കിട്ടിയ ഉടനെ തന്നെ അതിനെപ്പററി വേണ്ട അന്വേഷണം നടത്തുകയുണ്ടായി. സാധാരണയായി ഈ സ്ഥലങ്ങളിൽ കടലാക്രമണം ഉണ്ടാകാറുണ്ടെങ്കിലും ഇക്കൊല്ലം കടലാക്രമണം വളരെ കൂടുതലായിരുന്നു എന്നാണ് ഗവണ്മെൻറിനു കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഏകദേശം ൪ മൈൽ കടലോരമാണ്

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ഈ ആക്രമണത്തിൽനിന്നും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നതു്. അതിനു തൽക്കാലം ഒരു എസ്റ്റിമേററു തയ്യാറാക്കിയിട്ടുണ്ടു്. എട്ടു ലക്ഷം രൂപയുടെ ഒരു എസ്റ്റിമേററാണു് തയ്യാറാക്കിയിട്ടുള്ളതു്. കടലാക്രമണം തടയുന്നതിനു് കൽച്ചുവരുകൾ കെട്ടിയാൽ അതു് വിജയപ്രദമാകുമോ എന്നു് പരീക്ഷണം നടത്തിയിട്ടുമാത്രമേ നാലുമൈൽ ദൂരം പ്രവൎത്തനം ആരംഭിക്കാവൂ എന്നുള്ള വിദഗ്ദ്ധോപദേശമാണു് ഗവണ്മെൻറിനു് ലഭിച്ചിരിക്കുന്നതു്. പെട്ടെന്നു് കടലാക്രമണം ഉണ്ടാകുമ്പോൾ താൽക്കാലികമായ നടപടികൾ നടത്തുന്നതുകൊണ്ടു് വലിയ ഗുണമുണ്ടാകുന്നതല്ലെന്നു് ആ സ്ഥലവാസികൾക്കുപോലും ബോദ്ധ്യമുള്ള ഒരു സംഗതിയാണു്. ഇപ്പോഴത്തെ സീസൺ കഴിഞ്ഞാൽ അവിടെ പ്രതിരോധ നടപടികൾ ആരംഭിക്കുന്നതിനുവേണ്ട ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഏതെങ്കിലും ഒരു ഭാഗം കൽച്ചുവരു കെട്ടി ഒന്നുരണ്ടു പരീക്ഷണം നടത്തി വിജയപ്രദമാണെന്നു് കാണുകയാണെങ്കിൽ അപ്രകാരമുള്ള നടപടികൾ നടത്തി കടലാക്രമണത്തിനെ തടയുന്നതിനു് ശ്രമിക്കാമെന്നാണു് ഗവണ്മെൻറു് തീരുമാനിച്ചിരിക്കുന്നതു്. ഇക്കാൎയ്യത്തിൽ ഗവണ്മെൻറിനു് ഒട്ടുംതന്നെ അശ്രദ്ധ ഉണ്ടായിട്ടില്ലെന്നു് ഞാൻ സഭയെ അറിയിക്കാനാഗ്രഹിക്കുന്നു.

ഇൻറഗ്രേഷനുമുമ്പു് കൊച്ചി ഗവണ്മെൻറു് ഈ വിഷയത്തിനു പണം ചെലവു ചെയ്തുവന്നിരുന്നു എന്നുള്ളതു് ശരിയാണു്. അതിനുശേഷം അപ്രകാരമുള്ള കൽച്ചുവരുകൾ സംരക്ഷിച്ചു കൊണ്ടുപോകുകയും അത്യാവശ്യമുള്ള സ്ഥലത്തു് കൽച്ചുവരുകൾ കെട്ടുകയും തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറു് ചെയ്തിട്ടുണ്ടു്. കൽച്ചുവരുകൾ സംരക്ഷിച്ചുകൊണ്ടുപോയാൽ കടലാക്രമണം വിജയപ്രദമായി തടയാൻ സാധിക്കുമോ എന്നു പരീക്ഷിക്കുകയും ചെയ്യുന്നു. ആ പരീക്ഷണം വിജയപ്രദമായിക്കാണുകയാണെങ്കിൽ കൽച്ചുവരുകൾ മൂലം കടലാക്രമണം തടയുന്നതിനു ഗവണ്മെൻറു് ശ്രമിക്കും.

ബഹുമാനപ്പെട്ട മെമ്പർ സോവിയററു് ഗവണ്മെൻറു നടത്തിയ പരീക്ഷണങ്ങളെപ്പററിയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെന്താണെന്നു അന്വേഷിച്ചു് ആമാതിരി പ്രവൎത്തനം ഈ കടൽത്തീരത്തു് സാധിക്കുന്നതാണെങ്കിൽ അപ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതിനും ഗവണ്മെൻറു് ശ്രമിക്കുന്നതാണു്. ഗവണ്മെൻറിനാൽ കഴിവുള്ളതെല്ലാം ഈ വിഷയത്തിൽ പ്രവൎത്തിക്കുന്നതാണെന്നു് ഈ സഭയെ അറിയിക്കാൻ ഈയവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കൽച്ചിറയിട്ടതു മൂലം കടലാക്രമണം ഉള്ള സ്ഥലങ്ങൾ നികന്നു എന്നു പറഞ്ഞതു് മന്ത്രിക്കു ഓൎമ്മയുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അങ്ങനെ അനുഭവപ്പെട്ടിട്ടു് വീണ്ടും കൽച്ചിറ ഇടുന്നതിനുള്ള ശ്രമം എന്തുകൊണ്ടാണു് തുടങ്ങാത്തതെന്നു് പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒന്നുരണ്ടു സ്ഥലങ്ങളിൽ അതുസാധിച്ചു. മററുചില സ്ഥലങ്ങളിൽ അതു സാധിച്ചിട്ടില്ല. അതു് ഫെവ്സിനെ ആസ്പദമാക്കിയാണിരിക്കുന്നതു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കടലാക്രമണം മൂലം വളരെയധികം സ്ഥലങ്ങൾ കൊല്ലത്തിനടുത്ത ഭാഗങ്ങളിൽ കടലിലായിട്ടുണ്ടെന്നു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു് തടയുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില സ്ഥലങ്ങളിൽ കടലാക്രമണമുണ്ടായാൽ അടുത്തവർഷം അവിടെ കര ഉണ്ടാകുന്നതായി അറിയുന്നുണ്ടു്. പല സ്ഥലത്തും അങ്ങനെയുള്ള അനുഭവം കാണുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കഴിഞ്ഞ ഏതാനും വർഷങ്ങളിൽ തുടർച്ചയായി പടിഞ്ഞാറേകൊല്ലത്തുള്ള സ്ഥലങ്ങൾ കടലിലേക്കു പോയിട്ടുണ്ടു്. ചുരുക്കത്തിൽ മരുത്തടി ക്ഷേത്രംവരെ കടൽ ആക്രമിച്ചു കഴിഞ്ഞിട്ടുണ്ടു്. ആ നിലയിൽ ഒരു കൊല്ലം ആക്രമമുണ്ടായാൽ അടുത്തകൊല്ലം ഭൂമി നികരും എന്നുള്ള കാലം മാറിക്കഴിഞ്ഞു എന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൽച്ചുവരു കെട്ടിയോ മറേറതെങ്കിലും തരത്തിലോ അതിനു പ്രതിവിധിയുണ്ടാക്കാൻ ശ്രമിക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഈയവസരത്തിൽ ഒരു ബഹുമാനപ്പെട്ട മെംബറെ പല ചോദ്യങ്ങൾ ചോദിക്കുവാൻ അനുവദിക്കുന്നതു് ശരിയാണോ?

Mr. Deputy Speaker: He has been permitted to put questions as he has given previous intimation under the rules.

Shri P. Sadasivan Pillai: But can the member put more than one question?

Mr. Deputy Speaker: There is nothing definite in the rule whether he can ask more than one question.

Shri Panampilli Govinda Menon: Anyhow, questions have already been asked.

Shri R. Kesava Pillai: Under rule 26, "any member who has previously intimated to the Speaker may be permitted to put a question for the purpose of further elucidating any matter of fact". So it is only one question that the member can put.

Mr. Deputy Speaker: The other questions are only supplementary questions.

The Assembly adjourned at 4.45 P. M. to meet again at 11 A. M. on Thursday, the 24th July 1952.

V. KRISHNAMOORTHI,
Secretary to the Legislative Assembly.

APPENDIX.

[Answer to Question No. * 943 (15)]

Diet Scale of C. Class Prisoners.

Per head per day.

Rice	..	14 oz. (Evening 4 oz. noon 10 oz.)
Wheat		4 oz. morning.
Vegetables	..	4 oz. (2 oz. small and 2 oz. large) on the noon on Sunday, Tuesday and Thursday to be prepared as sambar and in the evening 6 oz. dried tapioca and 2 oz. green gram.

On Monday, Wednesday and Saturday.

Noon	..	2 oz. green gram or 2 oz. dried fish
Evening	..	11 oz. vegetables (6 oz. yam and 5 oz. green plantain) and 1 oz. green gram.

Friday.

Noon	..	2 oz. green gram
Evening	..	As on fish days
Onions	...	2 oz. Tamarind 1/4 oz.
Chillies		
Coriander &	..	6 drams (proportion 4 : 1½ : ½)
Turmeric		
Cocoanut	..	2 oz.
Salt	..	1½ oz.
Firewood	..	1½ lbs.
Thyre	..	2 oz.
Cocoanut oil	..	5 drams
Mustard	..	4 grains
Cumminseed	..	3 grains
Uluva	..	1 grain
Asafoetida	..	1/8 dram
Pepper	..	do.
Garlic	..	1/4 dram
Dhal	..	½ oz. on sambar days

A and B Class Prisoners—Vegetarians.

Articles.	Male convict sentenced to labour.	Non-labouring male convicts females and under trial prisoners.
Rice or wheat (superior quality) ..	20 oz.	18 oz.
Dhal ..	4 ,,	4 ,,
Tamarind ..	1 ,,	1 ,,
Curry powder ..	3|4 ,,	3|4 ,,
Salt ..	1 ,,	1 ,,
Onions ..	1 ,,	1 ,,
Vegetables ..	8 ,,	8 ,,
Potatoes with yam or colocasia ..	4 ,,	4 ,,
Mustard ..	1|4 ,,	1|4 ,,
Pepper ..	1|4 ,,	1|4 ,,
Cumminseeds ..	1|4 ,,	1|4 ,,
Asafoetida ..	1|4 dram	1|4 dram
Garlic ..	1 ,,	1 ,,
Oil ..	1 oz.	1 oz.
Coconut ..	½ ,,	½ ,,
Butter milk or ..	1 pint	1 pint
Curd ..	½ ,,	½ ,,
Tea or coffee ..	½ oz.	½ oz.
Sugar ..	1 ,,	1 ,,
Milk ..	1|4 pint	1|4 pint
Ghee ..	½ oz.	1|4 oz.
Pappadams ..	2 Nos.	2 Nos.

A and B Class prisoners—Non-vegetarians

Articles.	Male convicts sentenced to labour.							Female prisoners, male convict sentenced to simple imprisonment and male U. T. prisoners.						
	Monday	Tuesday.	Wednesday.	Thursday.	Friday.	Saturday.	Sunday.	Monday.	Tuesday.	Wednesday.	Thursday.	Friday.	Saturday.	Sunday.
Bread or rice 16 oz.	18	18	18	18	18	18	18	16	16	16	16	16	16	16
Fresh meat ,,	...	...	6	...	...	...	6	...	...	4		...	...	4
Fresh fish ,,	...	6	...	...	6	...	...	...	4	...	...	4	...	...
Potatoes ,,	4	4	4	4	4	4	4	3	3	3	3	3	3	3
Rice ,,	4	3	3	4	3	4	3	3	3	3	3	3	3	3
Saji ,,	...	2	2	...	2	...	2	...	2	2	...	2	...	2
Dhal ,	4	1½	1½	4	1½	4	1½	3	1½	1½	3	1½	3	1½
Cheese ,,	2	...	...	2	...	2	...	1½	...	...	1½	...	1½	...
Vegetables ,,	6	6	6	6	6	6	6	6	6	6	6	6	6	6
Cocotine ,,	½	½	½	½	½	½	½	½	½	½	½	½	½	½
Salt ,,	¾	¾	¾	¾	¾	¾	¾	¾	¾	¾	¾	¾	¾	¾
Sugar ,,	1½	1½	1½	1½	1½	1½	1½	1½	1½	1½	1½	1½	1½	1½
Onions ,,	1	1	1	1	1	1	1	1	1	1	1	1	1	1
Tea-Pints ,,	2	2	2	2	2	2	2	2	2	2	2	2	2	2
Curry Powder ,,	¼	¼	¼	¼	¼	¼	¼	¼	¼	¼	¼	¼	¼	¼
Milk pints ,,	¾	¼	¼	¼	¼	¼	¼	¼	¼	¼	¼	¼	¼	¼